©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്റ്റ് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
# (ELECTRICITY, LABOUR AND LABOUR WELFARE)

## ആനുകാലിക റിപ്പോർട്ട്
## (2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT FROM 1ST APRIL 2021 TO 31ST MARCH 2022)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്**

**[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

2022 ജൂലൈ 15-ാം തീയതി സമർപ്പിച്ചത്
(Presented on 15th July, 2022)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII

## (SUBJECT COMMITTEE VII)

# വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

ആനുകാലിക റിപ്പോർട്ട്

2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ളത്

(PERIODICAL REPORT FROM 1ST APRIL 2021 TO
31ST MARCH 2022)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

989/2022.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 52 |

# സബ്ജക്ട് കമ്മിറ്റി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## (2021-2023)

**ഘടന**

ചെയർമാൻ:

ശ്രീ. കെ. കൃഷ്ണൻകുട്ടി,
വൈദ്യുതി വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

ശ്രീ. എം. എം. മണി, എം.എൽ.എ.

ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.

ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.

ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ.ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ ., അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2021 ജൂൺ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം 2021-2023 കാലയളവിലേയ്ക്കായി രൂപീകരിച്ച വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി, 16-6-2021, 23-6-2021, 30-6-2021, 20-9-2021, 29-10-2021, 1-11-2021, 28-12-2021 എന്നീ തീയതികളിലായി ആകെ 7 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 16-6-2021, 23-6-2021 എന്നീ തീയതികളിലെ യോഗങ്ങളിൽ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ വിവിധ ധനാഭ്യർത്ഥനകളിന്മേൽ പരിശോധന നടത്തി. 30-6-2021-ലെ യോഗത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ഒന്നാമത് റിപ്പോർട്ടിന്റെ കരട്, 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ, 2018-2019, 2019-2020 എന്നീ വർഷങ്ങളിലെ വിവിധ വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ കാലതാമസപത്രികകൾ എന്നിവ പരിഗണിച്ചു. 20-9-2021-ലെ യോഗത്തിൽ സമിതി ANERT-ന്റെ ശാക്തീകരണത്തിനായി സ്വീകരിച്ച പ്രവർത്തനങ്ങളുടെ അവലോകനം, ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി EMC നടത്തിവരുന്ന പ്രവർത്തനങ്ങളുടെ അവലോകനം, വൈദ്യുതി ലൈനുകൾ പൊട്ടി വീണ് ഉണ്ടാകുന്ന അപകടങ്ങൾ, നിർമ്മാണ അറ്റകുറ്റപ്പണികൾക്കിടെ ഉണ്ടാകുന്ന അപകടങ്ങൾ തടയുവാനുള്ള മുൻകരുതലുകൾ എന്നീ വിഷയങ്ങൾ സംബന്ധിച്ച് വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തി. 29-10-2021-ലെ യോഗത്തിൽ 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണിച്ചു. 1-11-2021-ലെ യോഗത്തിൽ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടു തൊഴിലാളി ഭേദഗതി ബിൽ, 2021-ലെ കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം

തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണിച്ചു. 28-12-2021-ലെ യോഗത്തിൽ സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകളും 2019-20, 2020-21 എന്നീ വർഷങ്ങളിലെ വിവിധ വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ കാലതാമസപത്രികകളും പരിഗണിച്ചു.

പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 66% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അദ്ധ്യായം I | — | സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ |
| അദ്ധ്യായം II | — | സമിതി പരിശോധിച്ച ബില്ലുകൾ |
| അദ്ധ്യായം III | — | സമിതി പരിഗണിച്ച ചട്ടങ്ങൾ /എസ്.ആർ.ഒ.-കൾ |
| അദ്ധ്യായം IV | — | നിയമസഭാ ചട്ടം 235 (A) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങൾ |
| അദ്ധ്യായം V | — | നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ |
| അദ്ധ്യായം VI | — | (a) 2021-22-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം<br>(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും പുതിയ സാമ്പത്തിക വർഷത്തെ ആദ്യം എന്ന കണക്കിൽ |
| അദ്ധ്യായം VII | — | സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും. |

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2022 ജൂലൈ 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

കെ. കൃഷ്ണൻകുട്ടി,

തിരുവനന്തപുരം,
2022 ജൂലൈ 12.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

# റിപ്പോർട്ട്

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 22-7-2021-ന് സഭയിൽ സമർപ്പിച്ചു.
2. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 26-7-2021-ന് സഭയിൽ സമർപ്പിച്ചു.
3. 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 26-7-2021-ന് സഭയിൽ സമർപ്പിച്ചു.
4. The Kerala Cashew Workers's Relief And Welfare Fund (Amendment) Bill, 2021 സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 2-11-2021-ന് സഭയിൽ സമർപ്പിച്ചു.
5. The Kerala Agricultural Workers' (Amendment) Bill, 2021 സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 2-11-2021 -ന് സഭയിൽ സമർപ്പിച്ചു.
6. The Kerala Labour Welfare Fund (Amendment) Bill, 2021 സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 2-11-2021-ന് സഭയിൽ സമർപ്പിച്ചു.
7. 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 2-11-2021-ന് സഭയിൽ സമർപ്പിച്ചു.
8. 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 3-11-2021-ന് സഭയിൽ സമർപ്പിച്ചു.

989/2022.

9. 2021-ലെ കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 3-11-2021 -ന് സഭയിൽ സമർപ്പിച്ചു.

10. 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി)ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 3-11-2021 ന് സഭയിൽ സമർപ്പിച്ചു.

11. The Kerala Shops And Commercial Establishments (Amendment) Bill, 2021 സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 3-11-2021-ന് സഭയിൽ സമർപ്പിച്ചു.

12. The Kerala Headload Workers (Amendment) Bill, 2021 സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 3-11-2021 ന് സഭയിൽ സമർപ്പിച്ചു.

## <u>അദ്ധ്യായം II</u>

## **സമിതി പരിഗണിച്ച ബില്ലുകൾ**

1. The Kerala Cashew Workers's Relief And Welfare Fund (Amendment) Bill, 29-10-2021-ലെ യോഗത്തിൽ ഭേദഗതിയില്ലാതെ സമിതി അംഗീകരിച്ചു.

2. The Kerala Agricultural Workers' (Amendment) Bill, 29-10-2021-ലെ യോഗത്തിൽ ഭേദഗതിയില്ലാതെ സമിതി അംഗീകരിച്ചു.

3. The Kerala Labour Welfare Fund (Amendment) Bill, 29-10-2021-ലെ യോഗത്തിൽ ഭേദഗതിയില്ലാതെ സമിതി അംഗീകരിച്ചു.

4. 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 29-10-2021-ലെ യോഗത്തിൽ ഭേദഗതിയോടുകൂടി സമിതി അംഗീകരിച്ചു.

5. 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ,

1-11-2021-ലെ യോഗത്തിൽ ഭേദഗതിയില്ലാതെ സമിതി അംഗീകരിച്ചു.

6. 2021-ലെ കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 1-11-2021-ലെ യോഗത്തിൽ ഭേദഗതിയോടുകൂടി സമിതി അംഗീകരിച്ചു.

7. 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി)ബിൽ, 1-11-2021-ലെ യോഗത്തിൽ ഭേദഗതിയോടുകൂടി സമിതി അംഗീകരിച്ചു.

8. The Kerala Shops And Commercial Establishments (Amendment) Bill,

1-11-2021-ലെ യോഗത്തിൽ ഭേദഗതിയില്ലാതെ സമിതി അംഗീകരിച്ചു.

9. The Kerala Headload Workers (Amendment) Bill, 1-11-2021-ലെ യോഗത്തിൽ ഭേദഗതിയില്ലാതെ സമിതി അംഗീകരിച്ചു.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

ഇല്ല

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 A പ്രകാരം ചേർന്ന യോഗങ്ങളുടെ വിശദാംശം

ANERT-ന്റെ ശാക്തീകരണത്തിനായി സ്വീകരിച്ച പ്രവർത്തനങ്ങളുടെ അവലോകനം, ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഊർജ്ജസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി EMC നടത്തിവരുന്ന പ്രവർത്തനങ്ങളുടെ അവലോകനം, വൈദ്യുതിലൈനുകൾ പൊട്ടിവീണ് ഉണ്ടാകുന്ന അപകടങ്ങളും നിർമ്മാണ/അറ്റകുറ്റ പ്പണികൾക്കിടെ ഉണ്ടാകുന്ന അപകടങ്ങളും തടയുവാനുള്ള മുൻകരുതലുകൾ എന്നീ

വിഷയങ്ങൾ സംബന്ധിച്ച് 20-9-2021-ലെ യോഗത്തിൽ വകുപ്പുദ്യോഗസ്ഥരുമായി സമിതി ചർച്ച ചെയ്തു.

അദ്ധ്യായം V

**നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ**

| Sl. No. | ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| | | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം | |
| | 1 | 2 | 3 | 4 |
| 1 | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2018-19 (കാലതാമസ പത്രിക സഹിതം) | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 10-6-2021 |
| 2 | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധിബോർഡ്, വ്യാവസായിക പരിശീലന വകുപ്പ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 10-6-2021 |
| 3 | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2020-21 | കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് | 10-6-2021 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 4 | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2020-21 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 10-6-2021 |
| 5 | XXXIX-വൈദ്യുത പദ്ധതികൾ | 2019-20 (കാലതാമസ പത്രിക സഹിതം) | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 10-6-2021 |
| 6 | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2020-21 | തൊഴിലും നൈപുണ്യവും (ആർ) വകുപ്പ് [കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി] | 12-8-2021 |
| 7 | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2020-21 | ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് | 12-8-2021 |
| 8 | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2020-21 | കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 12-8-2021 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 9. | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | തൊഴിലും നൈപുണ്യവും (ജി) വകുപ്പ് [വ്യാവസായിക ട്രിബ്യൂണലുകൾ, തൊഴിൽ കോടതികൾ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ്, നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരള) വകുപ്പ്, ഓവർസീസ് ഡെവലപ്പ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ്] | 3-11-2021 |
| 10 | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 3-11-2021 |
| 11 | XXXIX-വൈദ്യുത പദ്ധതികൾ | 2019-20 (കാലതാമസ പത്രിക സഹിതം) | ഊർജ്ജ വകുപ്പ് (എനർജി മാനേജ്മെന്റ് സെന്റർ-കേരള) | 16-3-2022 |
| 12. | XXXIX-വൈദ്യുത പദ്ധതികൾ | 2020-21 (കാലതാമസ പത്രിക സഹിതം) | ഊർജ്ജ വകുപ്പ് (എനർജി മാനേജ്മെന്റ് സെന്റർ-കേരള) | 16-3-2022 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 13 | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2020-21 (കാലതാമസ പത്രിക സഹിതം) | തൊഴിലും നൈപുണ്യവും വകുപ്പ് (ലേബർ ഡിപ്പാർട്ട്മെന്റ്) | 16-3-2022 |
| 14 | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2020-21 (കാലതാമസ പത്രിക സഹിതം) | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്) | 16-3-2022 |
| 15 | XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2020-21 (കാലതാമസ പത്രിക സഹിതം) | തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്) | 16-3-2022 |

## അദ്ധ്യായം VI

### (a) 2021-22 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിൽ 85 ശിപാർശകളുണ്ടായിരുന്നതിൽ ഖണ്ഡിക നമ്പർ 1, 2, 4-12, 14, 17, 20, 21, 23-66, 72-76, 79-82, 85 എന്നിവയിലെ ശിപാർശകളിന്മേൽ മാത്രമാണ് നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമായിട്ടുള്ളത്. ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| വകുപ്പ് | ശിപാർശ / ഖണ്ഡികകൾ |
|---|---|
| തൊഴിലും നൈപുണ്യവും വകുപ്പ് | 3, 13, 15, 16, 18, 19, 22, 67-70 |
| ഊർജ്ജ വകുപ്പ് | 71, 78, 83, 84 |

## (b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും പുതിയ സാമ്പത്തിക വർഷം ആദ്യം എന്ന കണക്കിൽ

1. 2020-21 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ശിപാർശ

2230-01-103-88-10—കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം-സംഭാവന

വിഹിതം : 40,61,000 രൂപ (പദ്ധതിയേതരം)

കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീമിന് സർക്കാർ ഗ്രാന്റ് കുടിശ്ശിക ലഭിക്കേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 3.6509 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9 )

സർക്കാർ സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക അനുവദിച്ചിട്ടില്ല. പ്രസ്തുത ശിപാർശ 2021-22 സാമ്പത്തിക വർഷം പരിഗണിക്കുന്നതാണ്.

ശിപാർശ

2230-01-103-79-10—കേരള ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ് - സംഭാവന

വിഹിതം : 2,43,00,000 രൂപ (പദ്ധതിയേതരം)

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് കുടിശ്ശിക ലഭ്യമാക്കേണ്ടതുള്ളതിനാൽ, ഈ ശീർഷകത്തിൽ 3.25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക (2,43,00,000 രൂപ) പൂർണ്ണമായും ബോർഡിലെ പെൻഷൻ വിതരണത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2230-01-103-60—<u>അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ</u>

വിഹിതം : 4,50,00,000 രൂപ (പദ്ധതി)

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായുള്ള 3 വ്യത്യസ്ത കർമ്മ പദ്ധതികൾക്കും ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിനുമായി <u>20.0114 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 15 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി</u>

2020-21 സാമ്പത്തിക വർഷം അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതിയ്ക്കായി 2,50,00,000 (രണ്ട് കോടി അമ്പതു ലക്ഷം) രൂപ വകയിരുത്തുകയും ആയത് വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ വഴി അർഹരായ തൊഴിലാളികൾക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

<u>അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസനിധി</u>

ഏതെങ്കിലും ക്ഷേമപദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും എന്നാൽ ദിവസവേതന തൊഴിലാളികൾ എന്ന നിർവ്വചനത്തിൽ വരുന്നവരുമായ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ പരിക്ക് പറ്റിയാൽ ഒറ്റത്തവണ ധനസഹായമായി 2000 രൂപ നല്കിവരുന്ന മേൽ പദ്ധതിയ്ക്കായി 2020-21 സാമ്പത്തിക വർഷം 2230-01-103-60 (പ്ലാൻ) ശിർഷകത്തിൽ 15 ലക്ഷം രൂപ വകയിരുത്തുകയും 13,36,000 (പതിമൂന്ന് ലക്ഷത്തി മുപ്പത്തിയാറായിരം) രൂപ അർഹരായ തൊഴിലാളികൾക്ക് ധനസഹായ വിതരണത്തിനായി വിനിയോഗിക്കുകയും ബാലൻസ് തുകയായ 1,64,000 (ഒരു ലക്ഷത്തി അറുപത്തിനാലായിരം) രൂപ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

<u>കേരള മരംകയറ്റ തൊഴിലാളി അവശത പെൻഷൻ</u>

കേരള മരംകയറ്റ തൊഴിലാളി അവശത പെൻഷൻ പദ്ധതിയിലേയ്ക്കായി 2020-21 സാമ്പത്തികവർഷം 2230-01-103-60 (പ്ലാൻ) ശീർഷകത്തിൽ 185 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കൂടാതെ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ച 21,23,000 (ഇരുപത്തൊന്ന് ലക്ഷത്തി ഇരുപത്തി മൂവായിരം) രൂപയും ഉൾപ്പെടെ ആകെ 2,06,23,000 (രണ്ട് കോടി ആറ് ലക്ഷത്തി ഇരുപത്തിമൂവായിരം) രൂപ അനുവദിക്കുകയും പെൻഷൻ വിതരണത്തിലേയ്ക്കായി 2,05,50,700 (രണ്ട് കോടി അഞ്ച് ലക്ഷത്തി അമ്പതിനായിരത്തി എഴുന്നൂറ്) രൂപ വിനിയോഗിക്കുകയും ചെയ്തു.

30-3-2021-ലെ സ.ഉ. (സാധാ.) 576/2021/തൊഴിൽ ഉത്തരവ് പ്രകാരം പെൻഷൻ വിതരണത്തിലേയ്ക്കായി 1,34,77,400 (ഒരു കോടി മുപ്പത്തിനാല് ലക്ഷത്തി എഴുപത്തിഏഴായിരത്തി നാനൂറ്) രൂപ റീ-അപ്രോപ്രിയേഷൻ മുഖേന 2230-01-103-60 ശീർഷകത്തിൽ അനുവദിച്ചുവെങ്കിലും BAMS സോഫ്റ്റ് വെയറിൽ പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ട് ലഭ്യമാകാത്തതിനാൽ ടി തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

(20-9-2021-ലെ ബി1/122/2020/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ 9, 12, 15 എന്നീ നടപടി സ്റ്റേറ്റ്മെന്റുകളുടെ കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2230-01-103-10—<u>ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ഒഡെപിസി) ലിമിറ്റഡ്</u>

ബഡ്ജറ്റ് വിഹിതം: 90,00,000 രൂപ (പദ്ധതി)

ഒഡെപെക്കിനായി 2020-21 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ <u>30 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 23 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി ശിപാർശയിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ടി വകുപ്പ് നിർദ്ദേശിച്ചതിൻ പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമുള്ള തുക സംബന്ധിച്ച് കൃത്യമായ ശിപാർശ ലഭ്യമാക്കുവാൻ ഒഡെപെക്കിന് നിർദ്ദേശം നൽകുകയും ചെയ്തു. ഒഡെപെക്കിൽ നിന്നും റിപ്പോർട്ടൊന്നും ലഭ്യമായിട്ടില്ല. ആയതിനാൽ ഒഡെപെക്കിന്റെ 2020-21 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പിന് സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

(23-10-2021-ലെ LBRD-G2/136/2020-LBRD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക 23 സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2230-02-001-99 —<u>ഭരണവും നടത്തിപ്പും</u>

വിഹിതം : 61,08,22,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നടത്തിപ്പിനായി <u>യാത്രാബത്ത [04(1)] ഇനത്തിൽ 5 ലക്ഷം രൂപയും അവധിയാത്രാനുകൂല്യം [04(4)] ഇനത്തിൽ 2 ലക്ഷം രൂപയും വൈദ്യുതചെലവ് [05(2)] ഇനത്തിൽ 5 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 10 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 30 ലക്ഷം രൂപയും വാഹനങ്ങളുടെ വാടക [97] ഇനത്തിൽ 3 ലക്ഷം രൂപയും വിവര സാങ്കേതിക വിദ്യ [99] ഇനത്തിൽ 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 65 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 41 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി ശിപാർശയിന്മേൽ അധികതുക അനുവദിക്കുന്നതിനായി എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകാരത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ശിപാർശ പ്രകാരമുള്ള ശീർഷകങ്ങളിൽ നടപ്പ് വർഷം വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ച ശേഷം നടപ്പ് വർഷം അധികമായി ആവശ്യമുള്ള തുകയ്ക്ക്, തുകയുടെ ആവശ്യകത വ്യക്തമാക്കി അനുബന്ധ രേഖകൾ സഹിതം ശിപാർശ സമർപ്പിക്കുവാൻ ആ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി.

എന്നാൽ ഇതിൻ പ്രകാരം അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിക്കാത്തതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധികതുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-02-101-98 —തൊഴിലില്ലാത്തവർക്ക് സഹായം നൽകാനുള്ള പദ്ധതിയും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലില്ലാത്തവർക്കുവേണ്ടി കേരള സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയും

വിഹിതം : 3,80,56,000 രൂപ (പദ്ധതിയേതരം)

തൊഴിലില്ലായ്മ വേതനം/സ്വയംതൊഴിൽ പദ്ധതിയുടെ നടത്തിപ്പിനായി അനുവദിച്ച സ്റ്റാഫിന്റെ ശമ്പളം, അലവൻസുകൾ, ഓഫീസ് ചെലവ് എന്നിവയ്ക്കും കെസ്റു 99 എന്ന സ്വയംതൊഴിൽ സഹായ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ധനകാര്യസ്ഥാപനങ്ങൾ അനുവദിക്കുന്ന വായ്പ്പത്തുകയുടെ 20% സബ്സിഡിയായി നൽകുന്നതിനും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മറ്റുചെലവുകൾ - മറ്റിനം [34(3)] ഇനത്തിൽ 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42 )

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശയിന്മേൽ അധികതുക അനുവദിക്കുന്നതിനായി എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകാരത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ശിപാർശ പ്രകാരമുള്ള ശീർഷകങ്ങളിൽ നടപ്പ് വർഷം വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ച ശേഷം നടപ്പ് വർഷം അധികമായി ആവശ്യമുള്ള തുകയ്ക്ക്, തുകയുടെ ആവശ്യകത വ്യക്തമാക്കി അനുബന്ധ രേഖകൾ സഹിതം ശിപാർശ സമർപ്പിക്കുവാൻ ആ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി.

എന്നാൽ ഇതിൻ പ്രകാരം അധികതുകയ്ക്കുള്ള പ്രൊപ്പോസൽ എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിക്കാത്തതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധികതുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-02-101-97—ഭിന്നശേഷിവിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം : 39,62,000 രൂപ (പദ്ധതിയേതരം)

തിരുവനന്തപുരം ആസ്ഥാനമാക്കി ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സേവനം നൽകുന്നതിനായി നിലവിൽ വന്ന ഭിന്നശേഷിക്കാർക്കുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, ഓഫീസ് ചെലവ്, കെട്ടിട വാടക എന്നീ ഇനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ യാത്രാബത്ത [04(1)] ഇനത്തിൽ 10,000 രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 8,000 രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 40,000 രൂപയും ഉൾപ്പെടെ ആകെ 58,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43 )

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശയിന്മേൽ അധികതുക അനുവദിക്കുന്നതിനായി എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകാരത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ശിപാർശ പ്രകാരമുള്ള ശീർഷകങ്ങളിൽ നടപ്പ് വർഷം വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ച ശേഷം നടപ്പ് വർഷം അധികമായി ആവശ്യമുള്ള തുകയ്ക്ക് തുകയുടെ ആവശ്യകത വ്യക്തമാക്കി അനുബന്ധ രേഖകൾ സഹിതം ശിപാർശ സമർപ്പിക്കുവാൻ ആ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി.

എന്നാൽ ഇതിൻ പ്രകാരം അധികതുകയ്ക്കുള്ള പ്രൊപ്പോസൽ എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിക്കാത്തതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധികതുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-02-101-93-33—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ) - സബ്സിഡികൾ

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

കൈവല്യ പദ്ധതിയിലൂടെ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് സബ്സിഡി നൽകുന്നതിനും ഉദ്യോഗാർത്ഥികൾക്കായി പരിശീലന പരിപാടികളും കോച്ചിംഗ് ക്ലാസ്സുകളും സ്വയം തൊഴിൽ യൂണിറ്റുകൾ സന്ദർശിക്കുന്നതിനും മറ്റു ചെലവുകൾക്കുമായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14.3075 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44 )

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശയിന്മേൽ അധിക തുക അനുവദിക്കുന്നതിനായി എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകാരത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ശിപാർശ പ്രകാരമുള്ള ശീർഷകങ്ങളിൽ നടപ്പ് വർഷം വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ച ശേഷം നടപ്പ് വർഷം അധികമായി ആവശ്യമുള്ള തുകയ്ക്ക്, തുകയുടെ ആവശ്യകത വ്യക്തമാക്കി അനുബന്ധ രേഖകൾ സഹിതം ശിപാർശ സമർപ്പിക്കുവാൻ ആ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി.

എന്നാൽ ഇതിൻ പ്രകാരം അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിക്കാത്തതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധികതുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-02-101-92— മൾട്ടി പർപ്പസ് ജോബ് ക്ലബ്ബുകൾ

വിഹിതം : 88,00,000 രൂപ (പദ്ധതി)

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികളെ അവരുടെ അഭിരുചിക്കനുസരിച്ചും സമ്മത പ്രകാരവും വ്യത്യസ്തങ്ങളായ ഗ്രൂപ്പുകളായി തിരിച്ച് ബാങ്കുകൾ വഴി ലോൺ സൗകര്യം ഏർപ്പെടുത്തി, വകുപ്പിൽ വകയിരുത്തിയിട്ടുള്ള തുക സബ്സിഡിയായി നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 62 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി ശിപാർശയിന്മേൽ അധിക തുക അനുവദിക്കുന്നതിനായി എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകാരത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ശിപാർശ പ്രകാരമുള്ള ശീർഷകങ്ങളിൽ നടപ്പ് വർഷം വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ച ശേഷം നടപ്പ് വർഷം അധികമായി ആവശ്യമുള്ള തുകയ്ക്ക്, തുകയുടെ ആവശ്യകത വ്യക്തമാക്കി അനുബന്ധ രേഖകൾ സഹിതം ശിപാർശ സമർപ്പിക്കുവാൻ ആ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി.

എന്നാൽ ഇതിൻ പ്രകാരം അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിക്കാത്തതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധികതുക അനുവദിക്കുകയുണ്ടായില്ല.

(26-8-2021-ലെ നമ്പർ G1/87/2020-തൊഴിൽ കത്ത് മുഖേന ലഭ്യമാക്കിയ 41-45 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2230-02-101-89—<u>പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ</u>

വിഹിതം : 85,16,000 രൂപ (പദ്ധതിയേതരം)

ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റുകളും ഫാക്കൽറ്റികൾക്കുള്ള ഓണറേറിയവും വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>മറ്റ് ചെലവുകൾ - മറ്റിനം [34(3)] ഇനത്തിൽ 3 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 47)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കോവിഡ്-19 പാൻഡമിക്കിന്റെ പശ്ചാത്തലത്തിൽ കോച്ചിംഗ് ക്ലാസുകൾ നടത്താൻ കഴിയാത്തതിനാൽ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന മുഴുവൻ തുകയും ടി ആവശ്യത്തിനായി ചെലവഴിക്കാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത അധികതുക അനുവദിക്കുകയുണ്ടായില്ല.

(26-8-2021-ലെ നമ്പർ G1/63/2021-തൊഴിൽ കത്ത് മുഖേന ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2230-01-102-99 —വ്യവസായശാല ഡയറക്ടറാഫീസ്

വിഹിതം : 14,07,50,000 രൂപ (പദ്ധതിയേതരം)

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നടത്തിപ്പിനായി യാത്രാബത്ത [04(1)], വാടക, കരം, നികുതി [06], മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)], പി.ഒ.എൽ [45] എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 14.76 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50 )

സർക്കാർ സ്വീകരിച്ച നടപടി

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന് 2020-21 സാമ്പത്തിക വർഷത്തിൽ 2230-01-102-99 (പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അനുവദിച്ച 14,07,50,000 രൂപ പര്യാപ്തമായിരുന്നു. പ്രസ്തുത തുകയിൽ 12,18,39,075 രൂപ ചെലവുകഴിഞ്ഞ് ബാക്കി തുക സറണ്ടർ ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 50-ാം ഖണ്ഡിക പ്രകാരം ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന് അധികമായി വകയിരുത്താൻ സമിതി ശിപാർശ ചെയ്ത തുക ടി വകുപ്പിന് ആവശ്യമില്ല.

ശിപാർശ

2230-01-102-95—ജോലി സുരക്ഷിതത്വവും ആരോഗ്യ പ്രവർത്തനവും

വിഹിതം : 1,57,76,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ പി.ഒ.എൽ. [45], വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)], യാത്രാബത്ത [04(1)], ഓഫീസ് ചെലവിനങ്ങൾ [05] എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 11.79 ലക്ഷം രൂപ ഈ

ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51 )

സർക്കാർ സ്വീകരിച്ച നടപടി

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന് 2020-21 സാമ്പത്തിക വർഷത്തിൽ 2230-01-102-95 (പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അനുവദിച്ച 1,57,76,000 രൂപ പര്യാപ്തമായിരുന്നു. പ്രസ്തുത തുകയിൽ 1,09,21,600 രൂപ ചെലവുകഴിഞ്ഞ് ബാക്കി തുക സറണ്ടർ ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 51-ാം ഖണ്ഡിക പ്രകാരം ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന് അധികമായി വകയിരുത്താൻ സമിതി ശിപാർശ ചെയ്ത തുക ടി വകുപ്പിന് ആവശ്യമില്ല.

(9-8-2021-ലെ നമ്പർ B2/131/2020-തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ 50, 51 ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2230-03-101-66-36—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് സഹായധനം - ശമ്പളേതരം

വിഹിതം - 2,00,00,000 രൂപ (പദ്ധതി)

'KILE CAMPUS' എന്ന പേരിൽ ഇൻസ്റ്റിറ്റ്യൂട്ടിനെ ദേശീയ നിലവാരമുള്ള ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്തുന്നതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കും, കിലെയുടെ ഒരു റീജിയണൽ സെന്റർ കോഴിക്കോട് ആരംഭിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടിയുള്ള ഇൻഡസ്ട്രിയൽ-കം-സ്റ്റഡി ടൂർ സംഘടിപ്പിക്കുന്നതിനും നിലവിലുള്ള മറ്റ് പ്രവർത്തനങ്ങൾക്കും അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.25 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സർക്കാർ സ്വീകരിച്ച നടപടി

ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ വിഷയത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ കിലെയുടെ പദ്ധതി/പദ്ധതിയേതര ശീർഷകങ്ങളിൽ നടപ്പ് വർഷം അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ച ശേഷം തുകയുടെ വിനിയോഗ വിവരങ്ങളും അധികമായി ആവശ്യമുള്ള തുകയുടെ വിശദമായ എസ്റ്റിമേറ്റും സഹിതം ശിപാർശ സമർപ്പിയ്ക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയ്ക്ക് വിധേയമായി വിഷയ നിർണ്ണയ സമിതി ശിപാർശയിന്മേൽ അധികതുക അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ് എന്ന് ധനകാര്യ വകുപ്പ് അറിയിക്കുകയും വിവരം കിലെ ഡയറക്ടറെ അറിയിക്കുകയുമുണ്ടായി. ഇത് സംബന്ധിച്ച് കിലെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ശിപാർശ

2230-03-101-66-31—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് സഹായധനം - ശമ്പളം

വിഹിതം : 25,08,000 രൂപ (പദ്ധതിയേതരം)

ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും, മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 17.6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53 )

സർക്കാർ സ്വീകരിച്ച നടപടി

ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ വിഷയത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ കിലെയുടെ പദ്ധതി/പദ്ധതിയേതര ശീർഷകങ്ങളിൽ നടപ്പ് വർഷം അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ച ശേഷം തുകയുടെ വിനിയോഗ വിവരങ്ങളും അധികമായി ആവശ്യമുള്ള തുകയുടെ വിശദമായ എസ്റ്റിമേറ്റും സഹിതം ശിപാർശ സമർപ്പിയ്ക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയ്ക്ക് വിധേയമായി വിഷയ നിർണ്ണയ സമിതി ശിപാർശയിന്മേൽ അധികതുക അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ് എന്ന് അറിയിക്കുകയും വിവരം കിലെ ഡയറക്ടറെ അറിയിക്കുകയുണ്ടായി. ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നതിനും ഉൾപ്പെടെയുള്ള ചെലവുകൾക്കായി വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള 17.6 ലക്ഷം രൂപ നോൺ പ്ലാൻ ഇനത്തിൽ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട്

2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ സംബന്ധിച്ച വിവരങ്ങളും ഇനി ലഭിക്കാനുള്ള തുകയുടെ എസ്റ്റിമേറ്റും കിലെ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ലഭ്യമാക്കിയ റിപ്പോർട്ടിൻ പ്രകാരം ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയുണ്ടായെങ്കിലും സാമ്പത്തിക വർഷം അവസാനിച്ചതിനാൽ കിലെയുടെ പ്രവർത്തനങ്ങൾക്കായി 2020-21 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

(23-10-2021-ലെ LBRD-G2/137/2020-LBRD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ 52,53 ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2230-01-101-95—വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്

വിഹിതം : 1,04,60,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട് എന്ന സ്ഥാപനത്തിന് വാടക, കരം, നികുതി [06] ഇനത്തിൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54 )

സർക്കാർ സ്വീകരിച്ച നടപടി

കോഴിക്കോട് വ്യാവസായിക ട്രിബ്യൂണലിന് വാടക, കരം, നികുതി(06) ഇനത്തിൽ 1,14,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി.

ശിപാർശ

2230-01-101-94 —വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം

വിഹിതം : 1,03,65,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം എന്ന സ്ഥാപനത്തിന് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1 ലക്ഷം രൂപയും യാത്രാബത്ത[04(1)] ഇനത്തിൽ 1.63 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 12,000 രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 44,000 രൂപയും വാടക, കരം, നികുതി [06] ഇനത്തിൽ 10,000 രൂപയും ഉൾപ്പെടെ ആകെ 3.29 ലക്ഷം രൂപ ഈ ശീർഷകത്തിൽ

അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55 )

സർക്കാർ സ്വീകരിച്ച നടപടി

കൊല്ലം വ്യാവസായിക ട്രിബ്യൂണലിന് വാടക, കരം, നികുതി (06) ഇനത്തിൽ 1,03,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി. മറ്റ് ശീർഷകങ്ങളിൽ സമിതി ശിപാർശ അനുസരിച്ചുള്ള അധികതുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-01-101-93—തൊഴിൽ കോടതി, കൊല്ലം

വിഹിതം : 85,53,000 രൂപ (പദ്ധതിയേതരം)

തൊഴിൽകോടതി, കൊല്ലം എന്ന സ്ഥാപനത്തിന് ബയോമെട്രിക് പഞ്ചിംഗ് മെഷീൻ കെൽട്രോണിൽ നിന്നും വാങ്ങുന്നതിനായി വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 85,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56 )

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ അനുസരിച്ചുള്ള അധികതുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-01-101-92—തൊഴിൽ കോടതി, കോഴിക്കോട്

വിഹിതം : 84,60,000 രൂപ (പദ്ധതിയേതരം)

തൊഴിൽ കോടതി, കോഴിക്കോട് എന്ന സ്ഥാപനത്തിന് ശമ്പളം [01(1)] ഇനത്തിൽ 18.01 ലക്ഷം രൂപയും ക്ഷാമബത്ത [01(2)] ഇനത്തിൽ 16.66 ലക്ഷം രൂപയും വീട്ടുവാടക അലവൻസ് [01(3)] ഇനത്തിൽ 3.86 ലക്ഷം രൂപയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1.91 ലക്ഷം രൂപയും മറ്റ് അലവൻസുകൾ [01(5)] ഇനത്തിൽ 1.28 ലക്ഷം രൂപയും വേതനം [02(1)] ഇനത്തിൽ 92,000 രൂപയും വേതനം- ക്ഷാമബത്ത [02(2)] ഇനത്തിൽ 52,000 രൂപയും വേതനം-മറ്റു അലവൻസുകൾ [02(3)] ഇനത്തിൽ 4,000 രൂപയും യാത്രബത്ത [04(1)] ഇനത്തിൽ 1.23 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 1.30 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ [05(4)]

ഇനത്തിൽ 1.15 ലക്ഷം രൂപയും വാടക, കരം, നികുതി [06] ഇനത്തിൽ 42,000 രൂപയും ഉൾപ്പെടെ ആകെ 47.3 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57 )

സർക്കാർ സ്വീകരിച്ച നടപടി

തൊഴിൽ കോടതി, കോഴിക്കോട് എന്ന സ്ഥാപനത്തിന് സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 37,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി. മറ്റ് ശീർഷകങ്ങളിൽ സമിതി ശിപാർശ അനുസരിച്ചുള്ള അധികതുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-01-101-91—തൊഴിൽ കോടതി, എറണാകുളം

വിഹിതം : 98,23,000 രൂപ (പദ്ധതിയേതരം)

തൊഴിൽകോടതി, എറണാകുളം എന്ന സ്ഥാപനത്തിന് ഓഫീസ് ചെലവുകൾ [05] ഇനത്തിൽ 10,000 രൂപയും വാടക, കരം, നികുതി [06] ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.1 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58 )

സർക്കാർ സ്വീകരിച്ച നടപടി

എറണാകുളം തൊഴിൽ കോടതിക്ക് വാടക, കരം, നികുതി [06] ഇനത്തിൽ 1,27,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി. മറ്റ് ശീർഷകങ്ങളിൽ സമിതി ശിപാർശ അനുസരിച്ചുള്ള അധികതുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-01-101-89 — ലേബർ കോടതി, കണ്ണൂർ

വിഹിതം : 88,39,000 രൂപ (പദ്ധതിയേതരം)

ലേബർ കോടതി, കണ്ണൂർ എന്ന സ്ഥാപനത്തിന് വാടക, കരം, നികുതി [06] ഇനത്തിൽ 24,000 രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 13,000 രൂപയും ഉൾപ്പെടെ

ആകെ 37,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59 )

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ അനുസരിച്ചുള്ള അധികതുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-01-101-86—വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം : 89,10,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി എന്ന സ്ഥാപനത്തിന് ദിവസവേതനം [02(5)] ഇനത്തിൽ 2.44 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 1.12 ലക്ഷം രൂപയും ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 10,000 രൂപയും ഓഫീസ് ചെലവുകൾ -മറ്റിനം [05(4)] ഇനത്തിൽ 1.30 ലക്ഷം രൂപയും മോട്ടോർവാഹന സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 21,000 രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 1.66 ലക്ഷം രൂപയും വിവരസാങ്കേതിക വിദ്യ [99] ഇനത്തിൽ 4.73 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 11.56 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60 )

സർക്കാർ സ്വീകരിച്ച നടപടി

ഇടുക്കി വ്യാവസായിക ട്രിബ്യൂണലിന് പി.ഒ.എൽ. [45] ഇനത്തിൽ 55,000 രൂപയും ദിവസവേതനം [02(5)] ഇനത്തിൽ 2,00,000 രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 8,46,000 രൂപയും അധികമായി അനുവദിക്കുകയുണ്ടായി. മറ്റ് ശീർഷകങ്ങളിൽ സമിതി ശിപാർശ അനുസരിച്ചുള്ള അധികതുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-01-101-79 —വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂർ

വിഹിതം : 11,56,51,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂർ എന്ന സ്ഥാപനത്തിന് ദിവസവേതനം [02(5)] ഇനത്തിൽ 2.75 ലക്ഷം രൂപയും വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 19,000 രൂപയും

ഉൾപ്പെടെ ആകെ 2.94 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61 )

സർക്കാർ സ്വീകരിച്ച നടപടി

തൃശ്ശൂർ വ്യാവസായിക ട്രിബ്യൂണലിന് ദിവസവേതനം [02(5)] ഇനത്തിൽ 1,10,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി. മറ്റ് ശീർഷകങ്ങളിൽ സമിതി ശിപാർശ അനുസരിച്ചുള്ള അധികതുക അനുവദിക്കുകയുണ്ടായില്ല.

(25-8-2021-ലെ G3/124/2020-തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ 54-61 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

II. 2019-20 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

ശിപാർശ

2230-01-103-96-10—കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി അംശദായം - സംഭാവന

വിഹിതം : 69,90,39,000 രൂപ (പദ്ധതിയേതരം)

കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി പ്രകാരം വർദ്ധിപ്പിച്ച പെൻഷൻ തുകയും അംശദായവും ചേർത്ത് അധികതുക ബോർഡിന് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 28.44474 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6 )

സർക്കാർ സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷം കശുവണ്ടി തൊഴിലാളികൾക്കുള്ള പെൻഷൻ വിതരണത്തിന് ബഡ്ജറ്റ് വിഹിതമായി 69,90,39,000 രൂപ വകയിരുത്തിയിരുന്നു. കൂടാതെ ഉപധനാഭ്യർത്ഥന വഴി സമിതി ശിപാർശ ചെയ്ത 28,44,47,400 രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്.

(13-10-2021-ലെ നമ്പർ 49/J2/2021-തൊഴിൽ കത്ത് മുഖേന ലഭ്യമാക്കിയ 6-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2230-01-103-87-10 —പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം - സംഭാവന

വിഹിതം : 10,03,03,000 രൂപ (പദ്ധതിയേതരം)

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2019-2020 സാമ്പത്തിക വർഷത്തേക്ക് വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ, ധനസഹായം എന്നിവ നൽകുന്നതിന് കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9 )

സർക്കാർ സ്വീകരിച്ച നടപടി

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായത്തിനായി 2019-20 സാമ്പത്തിക വർഷം 2230-01-103-87-10 ശീർഷകത്തിൽ 10,03,03,000 രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2019 ഓണത്തോടനുബന്ധിച്ച് എക്സ്ഗ്രേഷ്യ വിതരണം നടത്തുന്നതിന് 6,95,49,750 രൂപ (എക്സ്ഗ്രേഷ്യ 2,000, കിലോഗ്രാമിന് 25 രൂപ നിരക്കിൽ 10 കിലോ അരി) അനുവദിച്ച് നൽകിയിരുന്നു. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് മേൽ തുകയിൽ നിന്ന് 4,92,95,071 രൂപ ചെലവഴിക്കുകയും ശേഷിച്ച 2,02,54,679 രൂപ 2230-01-911-99 എന്ന ശീർഷകത്തിൽ തിരികെ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ശീർഷകത്തിൽ അവശേഷിച്ച 3,07,53,250 രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

ശിപാർശ

2230-01-103-71-10—കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡ്- അംശദാനം - സംഭാവന

വിഹിതം : 7,85,52,000 രൂപ (പദ്ധതിയേതരം)

ക്ഷേമ പെൻഷനുകൾ 1200 രൂപയായി വർദ്ധിപ്പിച്ചതിനാൽ 2019-20 ലെ പെൻഷൻ വിതരണത്തിന് അധികതുക ആവശ്യമാണെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 6.7032 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2019-20 സാമ്പത്തിക വർഷം 2230-01-103-71-10 ശീർഷകത്തിൽ ബഡ്ജറ്റിൽ 7,85,52,000 രൂപ വകയിരുത്തിയിരുന്നു. മേൽ തുകയിൽ നിന്നും മാച്ചിംഗ് ഗ്രാൻറ് ഇനത്തിൽ 50,00,000 രൂപ (അൻപത് ലക്ഷം രൂപ മാത്രം) കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ച് നൽകിയിരുന്നു. ശീർഷകത്തിൽ അവശേഷിച്ച 7,35,52,000 രൂപ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു. ടി ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-33—<u>പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം</u>

വിഹിതം : 80,00,00,000 രൂപ (പദ്ധതി)

2019-20 സാമ്പത്തികവർഷം പദ്ധതി നടത്തിപ്പിനായി അനുവദിച്ച വിഹിതം <u>അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 101.66 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 21 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായത്തിനായി 2230-01-103-33 ശീർഷകത്തിൽ ബഡ്ജറ്റിൽ 80,00,00,000 രൂപ വകയിരുത്തിയിരുന്നു. 2019-20 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കയർ വികസന വകുപ്പ് | 25,00,00,000 |
| 2 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 10,00,00,000 |
| 3 | കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 1,12,50,000 |

| | | |
|---|---|---|
| 4 | കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് | 21,00,00,000 |
| 5 | കാഷ്യൂ ബോർഡ് | 4,85,47,500 |
| 6 | ട്രഷറി ക്യൂ ബിൽ | 18,02,02,500 |

(21-10-2021-ലെ D1/170/2019-തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ 9, 12, 21 ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2230-02-001-99 — എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം : 60,39,67,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നടത്തിപ്പിനായി യാത്രാബത്ത 04 (1) ഇനത്തിൽ 5 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം 04 (4) ഇനത്തിൽ 2 ലക്ഷം രൂപയും വൈദ്യുത ചെലവ് 05 (2) ഇനത്തിൽ 5 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 10 ലക്ഷം രൂപയും വാഹനങ്ങളുടെ വാടക (97) ഇനത്തിൽ 3 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 35 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

2230-02-001-99-04(1) (പദ്ധതിയേതരം)— യാത്രാബത്ത

2019-20 സാമ്പത്തിക വർഷം 10.08 ലക്ഷം രൂപയാണ് ഈ ഇനത്തിൽ വകയിരുത്തിയിരുന്നത്. ആയതിൽ 9,16,558 രൂപ മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളത്. ആയതിനാൽ അധികതുക ആവശ്യമില്ലാത്തതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

2230-02-001-99-04(4)(പദ്ധതിയേതരം)—<u>അവധി യാത്രാനുകൂല്യം</u>

2019-20 സാമ്പത്തിക വർഷം 1.50 ലക്ഷം രൂപയാണ് ഈ ഇനത്തിൽ വകയിരുത്തിയിരുന്നത്. ആയതിൽ 1,14,619 രൂപ മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളത്. ആയതിനാൽ അധികതുക ആവശ്യമില്ലാത്തതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

2230-02-001-99-05(2) (പദ്ധതിയേതരം)— <u>വൈദ്യുതി ചെലവ്</u>

2019-20 സാമ്പത്തിക വർഷം 28.87 ലക്ഷം രൂപയാണ് ഈ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് . ആയതിൽ 28,80,899 രൂപ മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളത്. ആയതിനാൽ അധികതുക ആവശ്യമില്ലാത്തതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

2230-02-001-99-06(6) (പദ്ധതിയേതരം)—<u>കെട്ടിട വാടക/നികുതി (RRT)</u>

2019-20 സാമ്പത്തിക വർഷം 75 ലക്ഷം രൂപയാണ് ഈ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. ആയതിൽ 71,83,678 രൂപ മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളത്. ആയതിനാൽ അധികതുക ആവശ്യമില്ലാത്തതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

2230-02-001-99-97 (പദ്ധതിയേതരം) —<u>വാഹനങ്ങളുടെ വാടക</u>

2019-20 സാമ്പത്തിക വർഷം 2.5 ലക്ഷം രൂപയാണ് ഈ ഇനത്തിൽ വകയിരുത്തിയിരുന്നത്. ആയതിൽ 1,04,345 രൂപ മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളത്. ആയതിനാൽ അധികതുക ആവശ്യമില്ലാത്തതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

2230-02-001-99-99 (പദ്ധതിയേതരം) —<u>ഇൻഫർമേഷൻ ടെക്നോളജി</u>

കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുള്ള ഓഫീസുകളിലെ മറ്റ് അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസിനായി 2019-20 കാലയളവിൽ 7 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ആയതിൽ 6,86,998 രൂപ മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളത്. ആയതിനാൽ അധികതുക ആവശ്യമില്ലാത്തതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

<u>ശിപാർശ</u>

2230-02-001-98—<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെന്റ് - ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവത്കരണം</u>

വിഹിതം : 60,00,000 രൂപ (പദ്ധതി)

2018-19-ലെ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചത് കാരണം ഭൗതിക സാഹചര്യം വികസിപ്പിക്കൽ ഉൾപ്പടെയുള്ള കമ്പ്യൂട്ടർവത്ക്കരണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നടത്തിപ്പിനും സബ് ഓഫീസുകളിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ നിലവിലുള്ള രജിസ്ട്രേഷൻ റിക്കാർഡുകൾ സ്കാൻ ചെയ്ത് ആർക്കൈവ് ചെയ്യൽ, self operating kiosk സ്ഥാപിക്കൽ, സബ്ഓഫീസുകളിലെ ഭൗതിക സാഹചര്യം വികസിപ്പിക്കൽ എന്നീ പ്രവൃത്തികൾക്കായി 2019-20-ലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38 )

സർക്കാർ സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 60 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ആയതിൽ 52,85,893 രൂപ മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളത്. ആയതിനാൽ അധികതുക ആവശ്യമില്ലാത്തതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

2230-02-101-97—ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം : 42,96,000 രൂപ (പദ്ധതിയേതരം)

ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നടത്തിപ്പിനാവശ്യമായ യാത്രാബത്ത [04(1)] ഇനത്തിൽ 10,000 രൂപയും, സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 8,000 രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 40,000 രൂപയും ഉൾപ്പെടെ ആകെ 58,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39 )

സർക്കാർ സ്വീകരിച്ച നടപടി

2230-02-101-97-04 (1) (പദ്ധതിയേതരം) —യാത്രാബത്ത

2019-20 വർഷം യാത്രാബത്ത ഇനത്തിൽ 15,000 രൂപയാണ് വകയിരുത്തിയിരുന്നത്. ആയതിൽ നിന്നും തുക ഒന്നും ചെലവഴിച്ചിരുന്നില്ല. ആയതിനാൽ അധികതുക ആവശ്യമില്ലാത്തതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

2230-02-101-97-04 (2) (പദ്ധതിയേതരം)—സ്ഥലംമാറ്റബത്ത

2019-20 വർഷം 5,000 രൂപയാണ് വകയിരുത്തിയിരുന്നത്. ആയതിൽ നിന്നും തുക ഒന്നും ചെലവഴിച്ചിരുന്നില്ല. ആയതിനാൽ അധികതുക ആവശ്യമില്ലാത്തതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

2230-02-101-97-04 (4) (പദ്ധതിയേതരം) —അവധി യാത്രാനുകൂല്യം

2019-20 സാമ്പത്തിക വർഷം 3,000 രൂപയാണ് അവധി യാത്രാനുകൂല്യത്തിനായി വകയിരുത്തിയിരുന്നത്. ആയതിൽ നിന്നും തുക ഒന്നും ചെലവഴിച്ചിരുന്നില്ല. ആയതിനാൽ അധികതുക ആവശ്യമില്ലാത്തതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

2230-02-101-89—പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

വിഹിതം : 76,79,000 രൂപ (പദ്ധതിയേതരം)

ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപന്റുകളും ഫാക്കൽറ്റികൾക്കുള്ള ഓണറേറിയവും വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ മറ്റു ചെലവുകൾ - മറ്റിനം 34 (03) ഇനത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42 )

സർക്കാർ സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷം കോച്ചിംഗ് ക്ലാസ്സുകൾ നടത്തുന്നതിന് 2,75,000 രൂപയാണ് വകയിരുത്തിയിരുന്നത്. ആയതിൽ 2,73,200 രൂപ മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളത്. ആയതിനാൽ അധികതുക ആവശ്യമില്ലാത്തതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

2230-02-101-88—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി ഡെവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കി മാറ്റൽ

വിഹിതം : 6,00,00,000 രൂപ (പദ്ധതി)

തിരുവനന്തപുരം, ഇടുക്കി എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യേണ്ടുന്നതിനും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടില്ലാത്ത ജില്ലകളിൽ പുതിയതായി അവ ആരംഭിക്കേണ്ടതിനും 2019-20 സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43 )

സർക്കാർ സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷം 6 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ 28,82,000 രൂപ മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളത്. ആയതിനാൽ അധികതുക ആവശ്യമില്ലാത്തതിനാൽ പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ല.

III. 2018-19 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ശിപാർശ

2230-01-103-86-10—കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതിയും മറ്റ് പുതിയ ക്ഷേമപദ്ധതികളും - സംഭാവന

വിഹിതം : 90,00,000 രൂപ (പദ്ധതിയേതരം)

തയ്യൽ തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതികളിൽ 2017-18-ലെ പെൻഷൻ കുടിശ്ശികയും, 2018-19-ലെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കും തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 76,59,00,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന്സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10 )

സർക്കാർ സ്വീകരിച്ച നടപടി

അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി ഇനത്തിൽ 2020-21 സാമ്പത്തിക വർഷം 2230-02-103-60(പി) ശീർഷകത്തിൽ 250 ലക്ഷം രൂപ വകയിരുത്തുകയും ആയത് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അധിക വിവരങ്ങൾ ഈ വകുപ്പിൽ നിന്നും ലഭ്യമാക്കിയത് 13-3-2020-ലെ സമിതി യോഗത്തിൽ പരിഗണിച്ചപ്പോൾ നടപ്പ് സാമ്പത്തിക വർഷം (2020-21) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള രണ്ടരകോടി രൂപ തീരുന്ന മുറയ്ക്ക് അഡീഷണൽ ഫണ്ട്

അനുവദിക്കുവാൻ ആവശ്യപ്പെടുന്നതാണെന്ന് സമിതിയെ അറിയിച്ചതിൻ പ്രകാരം അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി ഇനത്തിൽ 17,32,26,782 രൂപ (പതിനേഴ് കോടി മുപ്പത്തിരണ്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി എഴുന്നൂറ്റി എൺപത്തിരണ്ട് രൂപ മാത്രം) വിവിധ ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് വിതരണം ചെയ്യേണ്ടതുള്ളതിനാൽ ആയത് അഡീഷണൽ ഫണ്ട് മുഖേന അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനവകുപ്പിന് സമർപ്പിക്കുകയുണ്ടായി. എന്നാൽ കുടിശ്ശിക അനുവദിക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണെന്ന് ധനവകുപ്പ് അറിയിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

<u>അന്തിമ റിപ്പോർട്ട്</u>

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 31-12-2020 വരെ പ്രസവ ധനസഹായത്തിനായി അപേക്ഷിച്ച 44816 അപേക്ഷകർക്ക്, പ്രസവാനുകൂല്യയിനത്തിൽ സർക്കാർ വിഹിതമായി നൽകാനുള്ള കുടിശ്ശിക തുകയിൽ 58 കോടി രൂപ, അധികതുക വകയിരുത്തുന്നതിന് വിധേയമായി 2021 ഏപ്രിൽ മാസം, വിഷുവിന് മുൻപ് റിലീസ് ചെയ്ത്, വിതരണം ചെയ്യുന്നതിനായി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകി 25-2-2021-ലെ സ.ഉ. (സാധാ.) നമ്പർ 439/2021/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തുടർന്ന്, സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം, 2021-22 സാമ്പത്തിക വർഷം '2230-01-103-60-പ്ലാൻ' എന്ന ശീർഷകത്തിൽ 'അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യസുരക്ഷാ പദ്ധതി'-യിൻകീഴിൽ 58 കോടി രൂപ അധികതുകയായി വകയിരുത്തുന്നതിനായി ലേബർ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിക്കുകയും തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പ്രസവാനുകൂല്യ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി 13-4-2021-ലെ സ.ഉ.(സാധാ.) 3471/2021/ധന. നമ്പർ ഉത്തരവ് പ്രകാരം മേൽ ശീർഷകത്തിൽ 50.5 കോടി രൂപ അധികതുകയായി വകയിരുത്തി അനുവദിക്കുകയുമുണ്ടായി.

2021-22 സാമ്പത്തിക വർഷം '2230-01-103-60-പ്ലാൻ' എന്ന ശീർഷകത്തിൽ 'അസംഘടിത ദിവസ വേതന തൊഴിലാളി ആശ്വാസ നിധി (1 കോടി), അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി (2 കോടി), അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവ ആനുകൂല്യങ്ങൾ (4.5 കോടി)

എന്നീ മൂന്ന് പദ്ധതികൾ ഏകോപിപ്പിച്ച് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി' എന്ന പദ്ധതിക്കായി ആകെ 7.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു. മേൽ പദ്ധതിയിൻ കീഴിൽ '2230-01-103-60-പ്ലാൻ' ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതമായ 7.5 കോടി രൂപയും ടി ശീർഷകത്തിൽ അധികധനാനുമതിയിലൂടെ അനുവദിച്ച 50.5 കോടി രൂപയും ചേർത്ത് ആകെ 58 കോടി രൂപ, 2012-13 സാമ്പത്തിക വർഷത്തിലും 2014-15 സാമ്പത്തിക വർഷം മുതൽ 2020 ഡിസംബർ വരെയും പ്രസവ ധനസഹായത്തിനായി അപേക്ഷിച്ച കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് പ്രസവാനുകൂല്യ കുടിശ്ശിക വിതരണം ചെയ്യുന്നതിനായി വിനിയോഗിയ്ക്കുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകി 15-4-2021-ലെ സ.ഉ.(സാധാ.) നമ്പർ 601/2021/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് ബോർഡിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

IV. 2016-17 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

ശിപാർശ

2230-01-103-58-10—കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് - സംഭാവന

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

2016-17 വർഷത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രം വകയിരുത്തിയിട്ടുള്ള ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

2016-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 32-നുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ചപ്പോൾ തയ്യൽ തൊഴിലാളികൾ, ചെറുകിട തോട്ടം തൊഴിലാളികൾ എന്നിവർ ഉൾപ്പെടെയുള്ള അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി അംശദായം പെൻഷനിൽ ക്രമീകരിക്കരുതെന്നും കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുള്ള പ്ലാന്റേഷൻ റിലീഫ് ഫണ്ട് ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശക്തമായി ഇടപെടണമെന്നും ആവശ്യമായ തുക ലഭ്യമാക്കുന്നതിനും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുള്ള പ്ലാന്റേഷൻ റിലീഫ് ഫണ്ട് ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശക്തമായി ഇടപെടണമെന്ന ആവശ്യത്തിന്മേൽ നടപടിയെടുക്കുന്നതിനായി തൊഴിൽ (ഡി) വകുപ്പിനും തയ്യൽതൊഴിലാളികൾ സംബന്ധിച്ച വിഷയത്തിൽ നടപടിയെടുക്കുന്നതിനായി തൊഴിൽ (എച്ച്) വകുപ്പിനും ശിപാർശ കൈമാറിയിട്ടുണ്ട്.

ചെറുകിട തോട്ടം തൊഴിലാളികളുടെ അംശദായം പെൻഷനിൽ ക്രമീകരിക്കരുതെന്ന വിഷയനിർണ്ണയ സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന് 2018-19 വരെയുള്ള സർക്കാർ അംശദായ കുടിശ്ശികയായ 63,41,558 രൂപ 2230-01-103-58-10 (NP) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

തയ്യൽ തൊഴിലാളിക്ഷേമനിധി ബോർഡിന് അംശദായ ഇനത്തിൽ സർക്കാർ നൽകേണ്ട തുക പെൻഷൻ ഇനത്തിൽ അനുവദിച്ച തുകയിൽ ക്രമീകരിക്കേണ്ടതാണെന്ന മുൻ നിലപാടിൽ, വിഷയനിർണ്ണയ സമിതിയുടെ ശിപാർശ പരിഗണിച്ച് മാറ്റം വരുത്തുന്നതായി ധനകാര്യ വകുപ്പ് അറിയിച്ച വിവരം സമിതിയെ അറിയിക്കുന്നു.

**തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്**

കേന്ദ്രസർക്കാരിൽ നിന്നും പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേനയോ മറ്റേതെങ്കിലും കേന്ദ്ര പദ്ധതി മുഖേനയോ പൂട്ടികിടക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളികൾക്കായി സമാശ്വാസ പ്രവർത്തനങ്ങൾക്ക് തൊഴിൽ വകുപ്പ് മുഖേന തുകയൊന്നും ലഭിക്കുന്നില്ല. പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന പൂട്ടിക്കിടക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളികൾക്കായി സമാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്ക് എല്ലാ വർഷവും "2230-01-103-62-10 പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി സംഭാവന (നോൺ പ്ലാൻ)" ശീർഷകത്തിൽ നിന്ന് സംസ്ഥാന സർക്കാർ വഴിയാണ് തുക അനുവദിച്ചുവരുന്നത്.

## അദ്ധ്യായം VII

സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ / പാർപ്പിട സുരക്ഷാ പ്രശ്നങ്ങൾ / രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്

ശിപാർശ

'ആവാസ് ' പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് തുടർനിർദ്ദേശം നൽകുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനും പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറായും ജില്ലാ മെഡിക്കൽ ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പോലീസ് മേധാവി, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻഡസ്പെക്ടർ ഗ്രേഡ് -I എന്നിവർ അംഗങ്ങളായും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാർ, പ്രസിഡന്റുമാർ തുടങ്ങിയവരെല്ലാം സഹകരിക്കുകയാണെങ്കിൽ അൺ ഓർഗനൈസ്ഡ് സെക്ടറിലെ ഇതര സംസ്ഥാന തൊഴിലാളികളെ പൂർണ്ണമായും രജിസ്ട്രേഷൻ പദ്ധതിയിലേക്ക് കൊണ്ടുവരാൻ സാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. രജിസ്ട്രേഷന്റെ പ്രധാന്യം സംബന്ധിച്ചും രജിസ്ട്രേഷന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പങ്ക് സംബന്ധിച്ചും എല്ലാ പഞ്ചായത്ത് മെമ്പർമാരെയും സെക്രട്ടറിമാരെയും ബോധ്യപ്പെടുത്തേണ്ടതുണ്ടെന്നും ജനങ്ങൾക്ക് ബോധവൽക്കരണം നൽകേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇതര സംസ്ഥാന തൊഴിലാളികൾ വരുന്നതും പോകുന്നതുമായ വിവരം വാർഡ് മെമ്പർ അറിയണമെന്നും അവരെ രജിസ്ട്രേഷനിലേക്ക് കൊണ്ടുവരേണ്ടതാണെന്നുമുള്ള ധാരണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുണ്ടാകണമെന്നും തൊഴിൽ വകുപ്പുമായി സഹകരിച്ച് ജില്ലാടിസ്ഥാനത്തിൽ ഒരു സെൽ രൂപീകരിക്കണമെന്നും ഇതിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ മീറ്റിംഗ്/ചർച്ച സംഘടിപ്പിക്കണമെന്നും ജില്ലാ-ബ്ലോക്ക്-പഞ്ചായത്ത് തലത്തിൽ ഏകോപനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12 )

സർക്കാർ സ്വീകരിച്ച നടപടി

ആവാസ് പദ്ധതിയുമായി ബന്ധപ്പെട്ട് എൻറോൾമെന്റ്/ രജിസ്ട്രേഷൻ നടപടികൾ സുഗമമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വാർഡ് മെമ്പർ, തൊഴിൽ വകുപ്പ് പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കുവാനും ലേബർ

കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കമ്മിറ്റി ശിപാർശയിൻ പ്രകാരം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയിൽ വാർഡ് മെമ്പർ/ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരെ കൂടി ഉൾപ്പെടുത്തുന്നതിനും ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

ആവാസ് പദ്ധതി പ്രകാരം എൻറോൾമെന്റ് പദ്ധതിയിൽ സഹകരിക്കുന്ന കുടുംബശ്രീ മിഷൻ ജീവനക്കാർക്ക് പൂർത്തീകരിക്കുന്ന കാർഡ് ഒന്നിന് 6 രൂപ നിരക്കിൽ വേതനം നൽകുന്നുണ്ടെന്ന് ഉത്തരവിൽ പറയുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതി കുറ്റമറ്റതാക്കുന്നതിന് കുടുംബശ്രീ മിഷനിൽ നിന്നും യോഗ്യരായിട്ടുള്ള ആളുകളെ തെരഞ്ഞെടുത്ത് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലും മേൽനോട്ടത്തിലും സാമൂഹിക പ്രതിബദ്ധതയോടുകൂടി പരിശീലനം നൽകി പദ്ധതി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14 )

സർക്കാർ സ്വീകരിച്ച നടപടി

8-8-2017-ലെ സ.ഉ.(സാധാ.) 1032/2017/തൊഴിൽ ഉത്തരവ് പ്രകാരം കുടുംബശ്രീ അംഗങ്ങളെ ഫീൽഡ് കീ ഓഫീസർമാരായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 15-11-2017-ലെ സ.ഉ.(സാധാ.) 1509/2017/തൊഴിൽ ഉത്തരവ് പ്രകാരം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരെ ഫീൽഡ് കീ ഓഫീസർമാരായി നിശ്ചയിച്ചിട്ടുണ്ട്. സമിതി ശിപാർശയിൻ പ്രകാരം യോഗ്യരായ കുടുംബശ്രീ അംഗങ്ങൾക്ക് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലും മേൽനോട്ടത്തിലും പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലിക്കായി വരുമ്പോൾ അവരുടെ സംസ്ഥാനത്തിലെ തൊഴിൽ/പോലീസ് വകുപ്പുകളിൽ നിന്നുമുള്ള ഒരു വെരിഫിക്കേഷൻ സർട്ടിഫിക്കറ്റോ ആധാർ നമ്പരും ഫോട്ടോയുമുള്ള ഒരു ഐ.ഡി. കാർഡോ സഹിതം വരുകയും ആയത് തൊഴിൽ വകുപ്പ് രജിസ്റ്റർ ചെയ്ത് ഐ.ഡി. കാർഡ് നൽകുകയും ചെയ്താൽ ഇവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ മനസ്സിലാക്കുവാനും ഇവർക്കെന്തെങ്കിലും അപകടം സംഭവിച്ചാൽ കുടുംബത്തിന് ആനുകൂല്യങ്ങൾ

ലഭ്യമാക്കുവാനും കുറ്റവാളികളെ ഒഴിവാക്കാനും തീവ്രവാദികൾ കടന്നുവരുന്നതുതടയാനും സഹായകമാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ഏതെങ്കിലും തരത്തിലുള്ള തിരിച്ചറിയൽ കാർഡ് ഉള്ളവർക്ക് മാത്രം തൊഴിൽ നൽകുവാൻ ശ്രദ്ധിക്കണമെന്ന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17 )

സർക്കാർ സ്വീകരിച്ച നടപടി

തൊഴിൽ വകുപ്പിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതും ചികിത്സാവശ്യങ്ങൾ സംബന്ധിച്ചും നടപ്പിലാക്കി വരുന്ന ആവാസ് പദ്ധതി പ്രകാരം അതിഥി തൊഴിലാളികളെ രജിസ്റ്റർ ചെയ്തുവരുന്നുണ്ട്. 2017 നവംബറിൽ ആരംഭിച്ച ടി പദ്ധതി പ്രകാരം നിലവിൽ 5 ലക്ഷത്തിലധികം തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആവാസ് പദ്ധതി കൂടുതൽ കാര്യക്ഷമമായി പ്രാവർത്തികമാക്കിയാൽ അതിഥി തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷൻ കാർഡ് നൽകലും സാധ്യമാകും. എന്തെങ്കിലും തരത്തിലുള്ള തിരിച്ചറിയൽ കാർഡ് ഉള്ളവർക്കുമാത്രം തൊഴിൽ നൽകുവാൻ ശ്രദ്ധിക്കണമെന്ന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽകികൊണ്ട് സർക്കുലർ പുറപ്പെടുവിക്കാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

ഇതര സംസ്ഥാനക്കാരായ തൊഴിലാളികൾക്ക് ഇതര സംസ്ഥാന തൊഴിലാളി നിയമം, 1979, ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്റ്റ്, 1996, കരാർ തൊഴിലാളി നിയമം, 1970, മിനിമം വേതന നിയമം, 1948, പേയ്മെന്റ് ഓഫ് വേജസ് നിയമം, 1936 തുടങ്ങി സംസ്ഥാനത്തെ വിവിധ വിഭാഗം തൊഴിലാളികൾക്ക് ബാധകമായ വിവിധ നിയമപ്രകാരമുള്ള സംരക്ഷണം ലഭിക്കുന്നതാണ്. കേരളത്തിൽ ജോലിചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് അവരുടെ നിയമപരമായ അവകാശങ്ങളെക്കുറിച്ചും സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങളെക്കുറിച്ചും ആവാസ് പദ്ധതിയുടെ ഗുണഫലങ്ങളെക്കുറിച്ചും വിവരങ്ങൾ നൽകുവാനും സംശയനിവാരണത്തിനും കൂടാതെ ടി തൊഴിലാളികളുടെ ദൈനംദിന/തൊഴിൽപരമായ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും ആയതിന്മേലുള്ള പരിഹാരത്തിനും സഹായകരമായ രീതിയിൽ ജില്ലകൾതോറും ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19 )

## സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് അവരുടെ നിയമപരമായ അവകാശങ്ങളെക്കുറിച്ചും സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങളെക്കുറിച്ചും ആവാസ് പദ്ധതിയുടെ ഗുണഫലങ്ങളെക്കുറിച്ചും വിവരങ്ങൾ നൽകുവാനും സംശയനിവാരണത്തിനും ടി തൊഴിലാളികളുടെ ദൈനംദിന/ തൊഴിൽപരമായ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും സഹായകരമായ രീതിയിൽ നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ്, വയനാട്, പാലക്കാട്, കോട്ടയം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## ശിപാർശ

ഹിന്ദി, ഒറിയ ഭാഷകൾക്കുപുറമെ ആസാമീസ്, ബീഹാറി ഭാഷകളിൽ കൂടി ബ്രോഷറുകൾ/ലഘുലേഖകൾ എന്നിവ ഫെസിലിറ്റേഷൻ സെന്ററുകൾ, ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ മുഖേന വിതരണം ചെയ്യേണ്ടതാണെന്നും പ്രത്യേകം സ്ഥലം ഏർപ്പെടുത്തുവാൻ പ്രയാസമുള്ള സ്ഥലങ്ങളിലെല്ലാം ഡിസ്ട്രിക്ട് ലെവൽ ഓഫീസർ തന്നെ സെന്ററുകൾ തുറന്ന് ആവശ്യമുള്ളപക്ഷം ഭാഷയറിയാവുന്ന ആരെയെങ്കിലും കരാർ അടിസ്ഥാനത്തിൽ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20 )

## സർക്കാർ സ്വീകരിച്ച നടപടി

ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ ബോധവത്ക്കരണം, ഫെസിലിറ്റേഷൻ സെന്ററുകളിൽ അതിഥി തൊഴിലാളികളുമായി ആശയ വിനിമയം നടത്തൽ തുടങ്ങിയ ആവശ്യങ്ങൾക്കായി ഹിന്ദി, ഒറിയ, ആസാമീസ്, ബീഹാറി ഭാഷകളിൽ ബ്രോഷറുകളും ലഘുലേഖകളും വിതരണം ചെയ്തു വരുന്നുണ്ട്. ഫെസിലിറ്റേഷൻ സെന്ററുകളിൽ വിവിധ ഭാഷകൾ കൈകാര്യം ചെയ്യാൻ പ്രാവീണ്യമുള്ള ഫെസിലിറ്റേറ്ററെ നിയമിച്ചിട്ടുണ്ട്. പ്രത്യേകം സൗകര്യം ഏർപ്പെടുത്തുവാൻ അസൗകര്യം ഉള്ള ജില്ലകളിൽ ജില്ലാ ലേബർ ഓഫീസുകളിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കി വരുന്നുണ്ട്. അനിവാര്യമായ സാഹചര്യങ്ങളിൽ വടക്കേ ഇന്ത്യൻ ഭാഷകളിൽ പ്രാവീണ്യമുള്ളവരുടെ സേവനവും ജില്ലാ ലേബർ ഓഫീസുകളിൽ ലഭ്യമാക്കി വരുന്നുണ്ട്.

## ശിപാർശ

ഇതര സംസ്ഥാന തൊഴിലാളികൾ റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങുമ്പോൾത്തന്നെ എന്തെങ്കിലും സഹായം വേണ്ടിവന്നാൽ ചെയ്തുകൊടുക്കാൻ സാധിക്കുന്ന തരത്തിൽ

<u>പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുവാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും അവിടെ എല്ലാ ഭാഷകളിലുമുള്ള ബോർഡുകൾ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 21 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിൽ കേരളത്തിൽ 3 ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്. ആയതിൽ തിരുവനന്തപുരം ഫെസിലിറ്റേഷൻ സെന്റർ തമ്പാനൂർ റെയിൽവേ സ്റ്റേഷനു സമീപമാണ്. കൂടാതെ കാസർഗോഡ്, വയനാട്, പാലക്കാട്, കോട്ടയം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് അനുമതി ലേബർ കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. പുതുതായി ആരംഭിക്കുന്ന സെന്ററുകൾക്കായി റെയിൽവേ സ്റ്റേഷനുകളുടെ സമീപ പ്രദേശത്തു സ്ഥല സൗകര്യം കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തി വരുന്നു. കോവിഡ്-19 മഹാമാരിയെ തുടർന്ന് ഉണ്ടായ ലോക്ഡൗൺ കാരണം ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതൽ അവരുടെ നാട്ടുകളിലേയ്ക്ക് മടങ്ങിയിരുന്നു. രാജ്യം ലോക്ഡൗണിൽ നിന്നു മാറി സാധാരണ നിലയിലേയ്ക്ക് നീങ്ങുമ്പോൾ സംസ്ഥാനത്തേയ്ക്ക് മടങ്ങിയെത്തുന്ന അതിഥി തൊഴിലാളികൾക്കായി വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ ട്രെയിനുകളിലായി സംസ്ഥാനത്ത് എത്തുന്ന അതിഥി തൊഴിലാളികളെ റെയിൽവേ സ്റ്റേഷനുകളിൽ നിന്നും സ്വീകരിച്ച് വിവരശേഖരണം പൂർത്തീകരിച്ച് കോവിഡ് പ്രോട്ടോക്കോൾ പ്രകാരം ക്വാറന്റൈൻ ചെയ്യുന്നതിനുള്ള നടപടിയും തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു.

<u>ശിപാർശ</u>

തോട്ടം മേഖലകളിൽ കൊളുന്ത് കൂടുതലുള്ള സീസണിൽ ബംഗാൾ, ആസാം എന്നിവിടങ്ങളിൽ നിന്ന് തൊഴിലാളികൾ വരികയും സീസൺ കഴിയുമ്പോൾ തിരിച്ചു പോകുകയും ചെയ്യുന്നതുകൊണ്ട് തോട്ടം മേഖലയിലെ സാധാരണ തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളൊന്നും ഇവർക്ക് ലഭിക്കുന്നില്ലെന്നും ഈ വിഷയം ഒരു വകുപ്പിന്റെയും ശ്രദ്ധയിൽ വന്നിട്ടില്ലെന്നും സമിതി നിരീക്ഷിക്കുന്നു. സീസൺ അനുസരിച്ച് വരുകയും പോവുകയും ചെയ്യുന്നതുകൊണ്ട് ഇവരെ സംഘടിപ്പിക്കുന്നതിനും ഇവർക്ക് വേണ്ടി ക്ഷേമപദ്ധതികൾ നടപ്പിലാക്കുവാനും ബുദ്ധിമുട്ട് നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ മറ്റു മേഖലകളിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നിയമപരിരക്ഷയും തോട്ടം മേഖലയിലെ തൊഴിലാളികൾക്കും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഇവർക്ക്</u>

<u>അപകടങ്ങളിൽ പരിക്ക് പറ്റുകയാണെങ്കിൽ ഇവരുടെ പ്രശ്നങ്ങളെന്താണെന്ന് ഡോക്ടർമാരോടും ബന്ധപ്പെട്ട അധികാരികളോടും അറിയിക്കുവാൻ സഹായിക്കുന്ന തരത്തിലുള്ള ഹെൽപ്പ് ലൈൻ സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 22 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തൊഴിലാളികളുടെ ക്ഷേമത്തിനായി ഉണ്ടാക്കിയ 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട്, 1959-ലെ കേരള പ്ലാന്റേഷൻ ലേബർ റൂൾസ് എന്നിവയിൽ അനുശാസിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടറും പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന 11 പ്ലാന്റേഷൻ ഇൻസ്പെക്ടർമാരും മുഖേന നടപ്പിലാക്കി വരുന്നു.

1959-ലെ കേരള പ്ലാന്റേഷൻ ലേബർ റൂൾസ് പ്രകാരം തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ആവശ്യമായ മിനിമം വേതനം, കുടിവെള്ള സൗകര്യം, മെഡിക്കൽ സൗകര്യം, ആശുപത്രി, ക്യാന്റീൻ, ക്രഷ്, വിദ്യാഭ്യാസം, താമസസൗകര്യം, ഓവർടൈം വേജസ്, നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്, ആനുവൽ ലീവ്, സിക്ക്നെസ് ബെനിഫിറ്റ്, മെറ്റേർണിറ്റി ബെനിഫിറ്റ്, വെതർ പ്രോട്ടക്ടീവ് തുടങ്ങിയവ മാനേജ്മെന്റ് നൽകുന്നതിന് വ്യവസ്ഥയുണ്ട്. ഇവയിൽ ഏതെങ്കിലും നിഷേധിക്കപ്പെടുന്നതായി പരാതി ലഭിച്ചാൽ ബന്ധപ്പെട്ട പ്ലാന്റേഷൻ ഇൻസ്പെക്ടർ നടപടികൾ സ്വീകരിക്കാറുണ്ട്. പരിഹരിക്കാതെ കിടക്കുന്ന നിയമ ലംഘനങ്ങളിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പ്രോസിക്യൂഷൻ നടപടിയും സ്വീകരിക്കാറുണ്ട്.

മേൽപ്പറഞ്ഞ ക്ഷേമ പ്രവർത്തനങ്ങൾ കൂടാതെ മരണപ്പെടുന്ന തോട്ടം തൊഴിലാളികളുടെ നിയമാനുസൃത ആശ്രിതർക്ക് 2013-ലെ എസ്റ്റേറ്റ് ദുരിതാശ്വാസ പദ്ധതി പ്രകാരം അനുവദനീയമായ മരണാനന്തര സഹായം 25,000 രൂപ എന്നത് 1 ലക്ഷം രൂപയായി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ അനുവദിച്ച ധനസഹായം അർഹതയുള്ളവർക്ക് ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ മുഖേന വിതരണം ചെയ്യുന്നുണ്ട്. ഇപ്രകാരം 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് വിഭാവനം ചെയ്യുന്ന തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. തോട്ടം മേഖലയിൽ സീസൺ അനുസരിച്ച് ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് പരിക്ക് പറ്റുകയാണെങ്കിൽ ഇവരുടെ പ്രശ്നങ്ങൾ ഡേക്ടർമാരോടും ബന്ധപ്പെട്ട അധികാരികളെയും അറിയിക്കുവാൻ സഹായിക്കുന്ന തരത്തിലുള്ള ഹെൽപ്പ് ലൈൻ സംവിധാനം നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുവാൻ പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ/ ലേബർ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശിപാർശ

തൊഴിൽ വകുപ്പിൽ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ, കേരള' നടപ്പിലാക്കി വരുന്ന "അപ്നാഘർ" ഭവനപദ്ധതി പ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി നിർമ്മിക്കുന്ന ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയത്തിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പൂർത്തീകരിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എട്ട് കോടി ചെലവിൽ 44200 സ്ക്വയർ ഫീറ്റിൽ 620 പേർക്ക് താമസിക്കാവുന്ന എല്ലാവിധ സൗകര്യങ്ങളുമുള്ള ഈ കെട്ടിടത്തിൽ അടുക്കള, ടോയ്‌ലെറ്റ്, ഊണുമുറി എന്നിവയും കുളിക്കാനും വസ്ത്രം അലക്കുന്നതിനുമുള്ള സൗകര്യവും കൂടാതെ വിശ്രമിക്കാനായി ഇരിപ്പിടവും നിർമ്മിക്കുന്നുണ്ട്. ആകെ 64 മുറികളുള്ളതിൽ രണ്ട് മുറികൾ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടിവരുന്നതിനാൽ ബാക്കി 62 മുറികളാണ് ഇപ്പോൾ തുറന്നു കൊടുക്കാൻ സജ്ജമായിരിക്കുന്നതെന്നും 62 മുറികളിലേയ്ക്ക് 620 ആളുകളെ തെരഞ്ഞെടുക്കുകയും അവർ ഹോസ്റ്റലിൽ താമസം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ 800 രൂപയായി നിശ്ചയിച്ചിരുന്ന വാടക പിന്നീട് 1,000 രൂപയായി ഉയർത്തിയിട്ടുണ്ട്. അന്തേവാസികളായ തൊഴിലാളികൾക്ക് ലഹരി ഉപയോഗം സംബന്ധിച്ച പരിശോധനയും ബോധവൽക്കരണവും നടത്തി വരുന്നുണ്ട്. പ്രസ്തുത മാതൃകയിൽ തിരുവനന്തപുരം/ എറണാകുളം/ കോഴിക്കോട് നഗരങ്ങളിലും ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണെന്നതും ആശാവഹമാണ്. അപ്നാഘർ പദ്ധതി കളമശ്ശേരി സ്കീം (എറണാകുളം ജില്ല) നടപ്പിലാക്കാൻ കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി, എറണാകുളത്ത് ഒരു ഏക്കർ സ്ഥലം 30 വർഷത്തേയ്ക്ക് പാട്ടത്തിന് എടുക്കാനുള്ള നടപടികൾ പൂർത്തീകരിക്കുകയും വിശദമായ പദ്ധതി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കിനാലൂരിൽ (കോഴിക്കോട് ജില്ല) പദ്ധതി നടപ്പിലാക്കാൻ കെ.എസ്.ഐ.ഡി.സി.-യിൽ നിന്ന് ഒരു ഏക്കർ സ്ഥലം ദീർഘകാല പാട്ടത്തിന് ഏറ്റെടുക്കാനുള്ള നടപടികൾ പൂർത്തീകരിച്ചതായും സമിതി മനസ്സിലാക്കുന്നു. <u>തൊഴിലാളികൾക്ക് നൽകുന്ന സ്ഥലം വൃത്തിയായും സൗകര്യപ്രദമായും സൂക്ഷിക്കുന്നുവെന്നത് കൃത്യമായ പരിശോധനകളിലൂടെ ഉറപ്പാക്കണമെന്നും എല്ലാ ജില്ലകളിലും പ്രസ്തുത മോഡൽ വീടുകൾ നിർമ്മിക്കുന്നതിന് പദ്ധതി ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം വിലയ്ക്ക് വാങ്ങാതെ റവന്യൂ ഭൂമിയോ മറ്റേതെങ്കിലും ഏജൻസികളുടെ ഭൂമിയോ ലഭ്യമാക്കി കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 23 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്)**

അതിഥിതൊഴിലാളികളുടെ മോശപ്പെട്ട ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്തും ഈ തൊഴിലാളികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് നൽകിയ സംഭാവനകൾ കണക്കിലെടുത്തും ഇത്തരം തൊഴിലാളികൾക്ക് താങ്ങാവുന്ന നിരക്കിൽ വൃത്തിയുള്ള സുരക്ഷിതമായ ഹോസ്റ്റൽ സൗകര്യവുമാണ് അപ്നാഘർ പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. ഈ ഹോസ്റ്റലിൽ പങ്കുവയ്ക്കപ്പെടുന്ന കിടപ്പുമുറികളും ഒന്നിലധികം അടുക്കളകളും മെസ്സ് ഏര്യകളും കുളിമുറികളും ടോയ്‌ലെറ്റുകളും റിക്രിയേഷണൽ സൗകര്യങ്ങളും രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നു. ഈ ഹോസ്റ്റലുകൾക്ക് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, മഴവെള്ള സംഭരണം, ഡീസൽ ജനറേറ്റർ ബാക്കപ്പ്, സി.സി.ടി.വി. സംവിധാനങ്ങൾ മുതലായവയുമുണ്ട്.

ഭവനം ഫൗണ്ടേഷൻ കേരള മുഖേന ആദ്യമായി പൂർത്തിയാക്കിയ അപ്നാഘർ പ്രോജക്ട് പാലക്കാട് ജില്ലയിലെ കഞ്ചിക്കോടുള്ള കിൻഫ്രാ ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്കിൽ സ്ഥിതി ചെയ്യുന്നു. ഏകദേശം 47000 ചതുരശ്ര അടി വിസ്തീർണ്ണത്തോടെ നാല് നിലകളിലുള്ള ഈ ഹോസ്റ്റൽ കോംപ്ലക്സിൽ, 620 പുരുഷ ഇതരസംസ്ഥാന തൊഴിലാളികൾക്ക് താമസിക്കാനാവും. ഈ പ്രോജക്ട് 2019 ഫെബ്രുവരി 23-ന് ബഹു. കേരള മുഖ്യമന്ത്രി ഉത്ഘാടനം ചെയ്തിരുന്നു. 2019 മാർച്ച് 1-നു ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിക്കുകയും നിലവിൽ 620 ഇതര സംസ്ഥാന തൊഴിലാളികൾ ഹോസ്റ്റലിൽ താമസിച്ചുവരുകയും ചെയ്യുന്നു.

ഇതര സംസ്ഥാന തൊഴിലാളികൾക്കായി കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ, കെ.എസ്.ഐ.ഡി.സി. ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ ഒരേക്കർ ഭൂമിയിൽ എ+2 നിലകളിലായി 520 ബെഡുകളോടുകൂടി 14.67 കോടി രൂപ നിർമ്മാണ ചിലവുള്ള ഹോസ്റ്റൽ സമുച്ചയവും എറണാകുളത്ത് കളമശ്ശേരി കിൻഫ്രാ ഹൈടെക് പാർക്കിനുള്ളിൽ 990 പേർക്ക് താമസിക്കാവുന്ന ഹോസ്റ്റൽ സമുച്ചയവും നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

അപ്നാഘർ പദ്ധതിയിൻകീഴിൽ തൊഴിലാളികൾക്ക് നല്കുന്ന സ്ഥലം വൃത്തിയായും സൗകര്യപ്രദമായും സൂക്ഷിക്കണമെന്ന് കൃത്യമായ പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതി ശിപാർശ പ്രകാരം എല്ലാ ജില്ലയിലും അപ്നാഘർ പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുന്നതിനുള്ള കെട്ടിടനിർമ്മാണത്തിനാവശ്യമായ സ്ഥലം വിലയ്ക്ക് വാങ്ങാതെ റവന്യൂ ഭൂമിയോ മറ്റേതെങ്കിലും ഏജൻസിയുടെ ഭൂമിയോ ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ 'ഭവനം ഫൗണ്ടേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ സ്വീകരിച്ച നടപടി

**(തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്)**

അപ്നാഘർ പാലക്കാട് ഹോസ്റ്റൽ സമുച്ചയത്തിൽ നിലവിലെ ഭൗതിക സൗകര്യങ്ങൾ വിലയിരുത്തുന്നതിനായി പാലക്കാട് ജില്ലാ ലേബർ ഓഫീസർ മുഖേന അന്വേഷണം നടത്തുകയുണ്ടായി. നിലവിൽ 19 കമ്പനികളിലെ 454 തൊഴിലാളികൾ മാത്രമാണ് താമസിക്കുന്നതെന്നും, കോവിഡ് നിയന്ത്രണങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് വ്യക്തി ശുചിത്വം ഉറപ്പുവരുത്തുന്നതിനായി സെക്യൂരിറ്റി വാർഡൻമാർ, കെയർടേക്കർ വിഭാഗത്തിലുള്ള ജീവനക്കാർ എന്നിവർ മതിയായ ശ്രദ്ധ ചെലുത്തുന്നുണ്ടെന്നും അന്തേവാസികൾക്ക് എയ്ഡ്സ് കൺട്രോൾ, കോവിഡ്, മറ്റ് പരിശോധനകൾ എന്നിവ നടത്തി വരുന്നുണ്ടെന്നും അപ്നാഘറുമായി ബന്ധപ്പെട്ട് മറ്റ് പരാതികളൊന്നും ഇല്ലെന്നും അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

അതിഥി തൊഴിലാളികൾക്കായി അപ്നാഘർ പ്രോജക്ട് കളമശ്ശേരിയ്ക്ക് കീഴിൽ 990 പേർക്ക് താമസിക്കാവുന്ന ഒരു ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ഭവനം ഫൗണ്ടേഷൻ എറണാകുളത്ത് കളമശ്ശേരി കിൻഫ്രാ ഹൈ-ടെക് പാർക്കിനുള്ളിൽ ഒരേക്കർ ഭൂമി പാട്ടത്തിനെടുത്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ പ്രസ്തുത മാതൃകയിൽ പദ്ധതികൾ നടപ്പിലാക്കാൻ സ്ഥലം വിലയ്ക്ക് വാങ്ങാതെ ജില്ലാ കളക്ടർമാർ വഴി റവന്യൂ ഭൂമി കണ്ടെത്തുവാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ മറ്റ് ഏജൻസികളിൽ നിന്നും ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ ജില്ലകളിലും അപ്നാഘർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിബോർഡിന്റെ ഭാഗമായി 2010-ൽ നിലവിൽ വന്ന പദ്ധതി പ്രകാരം കുറച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും അതിന്റെ കണക്ക് കൃത്യമല്ലെന്ന് സമിതി നിരീക്ഷിക്കുന്നു.

(ഖണ്ഡിക 24 )

സർക്കാർ സ്വീകരിച്ച നടപടി

കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി നിലവിൽ വന്ന സാമ്പത്തിക വർഷമായ 2010-11 മുതൽ 2019-20 വരെയുള്ള ആനുകൂല്യ വിതരണത്തിൽ 2010-11, 2011-12, 2012-13 എന്നീ വർഷങ്ങളിൽ അപേക്ഷകൾ ഇല്ല എന്നതിനാൽ ആനുകൂല്യ വിതരണം നടത്തിയിട്ടില്ല എന്ന് കാണുന്നു.

<u>ശിപാർശ</u>

പരമ്പരാഗത മേഖലകളിൽ ജോലി ചെയ്തുവരുന്ന ഇതര സംസ്ഥാന തൊഴിലാളികൾ നേരിടുന്ന സാമൂഹ്യസുരക്ഷാ പ്രശ്നങ്ങൾക്ക് നിലവിലുള്ള നിയമ വ്യവസ്ഥ അനുസരിച്ചുതന്നെ പരിഹാരം കണ്ടെത്തുന്നതിനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്നും കേരളത്തിലെ തൊഴിലാളികൾക്ക് ലഭ്യമാകുന്ന എല്ലാ നിയമ പരിരക്ഷയും ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭിക്കത്തക്ക നിലയിലുള്ള പ്രവർത്തനം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ മുൻകൈയെടുത്ത് നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരളത്തിൽ തൊഴിലാളികൾക്ക് ലഭ്യമാകുന്ന എല്ലാ നിയമ പരിരക്ഷയും ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാകത്തക്ക നിലയിലുള്ള പ്രവർത്തനം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ മുൻകൈയെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലെ തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന, 1923-ലെ വർക്ക്മെൻ കോമ്പൻസേഷൻ ആക്ട്, പേമെന്റ് ഓഫ് വേജസ് ആക്ട് 1936, ഇ.എസ്.ഐ. ആക്ട് 1948, ഇ.പി.എഫ്. & മിസലേനിയസ് പ്രോവിഷൻസ് ആക്ട് 1952, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് 1961 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പ് ഇൻസ്പെക്ടർമാർ പരിശോധനാ സമയത്ത് ഉറപ്പുവരുത്താറുണ്ട്. ഇതര സംസ്ഥാന തൊഴിലാളി നിയമത്തിന്റെ പരിധിയിൽ വരുന്നതും അല്ലാത്തതുമായ എല്ലാ സ്ഥാപനങ്ങളും പരിശോധിക്കുകയും തൊഴിൽ നിയമ ലംഘനങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശിപാർശ</u>

ഇതര സംസ്ഥാന തൊഴിലാളികളുടെ താമസകേന്ദ്രങ്ങൾ നിർബന്ധമായും പരിശോധനയ്ക്ക് വിധേയമാക്കണമെന്നും ടോയ്‌ലെറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ സർക്കാർ പദ്ധതി പ്രകാരം അവ നിർമ്മിച്ചുകൊടുക്കണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തൊഴിൽ വകുപ്പും ഈ വിഷയത്തിൽ ശക്തമായി ഇടപെടണമെന്നും സർക്കാർ ഉത്തരവുകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇതര സംസ്ഥാന തൊഴിലാളികളുടെ സേവന സാഹചര്യങ്ങൾ പര്യാപ്തമാണോ എന്നത് തൊഴിൽ വകുപ്പിന്റെ സ്ക്വാഡ് പരിശോധനയിൽ പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. താമസകേന്ദ്രങ്ങൾ പര്യാപ്തമല്ലായെന്ന് ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തരമായി തുടർനടപടികൾ സ്വീകരിക്കുകയും തൊഴിലുടമയെകൊണ്ട് ആവശ്യമായ സംവിധാനം എത്രയും വേഗം തയ്യാറാക്കുകയും ചെയ്യാറുണ്ട്.

<u>ശിപാർശ</u>

8 ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) വാഹനങ്ങളിൽ പോയി മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് രൂപീകരിച്ചിട്ടുള്ള ഓരോ മൈഗ്രന്റ് സ്ക്രീനിംഗ് ടീമിലും ഒരു ഡോക്ടർ, രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഡ്രൈവർ എന്നിവരെ നിയോഗിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ക്യാമ്പ് നടത്തിയ സ്ഥലങ്ങളിലെല്ലാം (ഫറോക്ക് ഒഴിച്ച് ) ഡോക്ടർമാരും ആരോഗ്യ വകുപ്പും നല്ല സഹകരണം തന്നെയാണ് വകുപ്പിന് നൽകിയിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി ആരോഗ്യ വകുപ്പ് തൊഴിൽ വകുപ്പുമായി സഹകരിച്ച് ഇത്തരത്തിലുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അതിഥി തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷ കണക്കിലെടുത്ത് ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ആരോഗ്യവകുപ്പുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ കാര്യക്ഷമമായി നടത്തി വരാറുള്ളതും കൂടാതെ കോട്ടയം ജില്ലയിൽ പായിപ്പാട് അതിഥി തൊഴിലാളികൾ അധികമായി താമസിച്ചുവരുന്ന പ്രദേശമായതിനാൽ ജില്ലയ്ക്ക് മൈഗ്രന്റ് സ്ക്രീനിംഗ് ടീം അനുവദിക്കുന്നത് ഉചിതമായിരിക്കും എന്ന് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കോട്ടയം അറിയിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്കു ആരോഗ്യവകുപ്പുമായി ചേർന്ന് തൊഴിൽവകുപ്പ് സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകളിൽ ജില്ലാ മെഡിക്കൽ ഓഫീസർ നിയോഗിക്കുന്ന 4 ഡോക്ടർമാരും 3 മുതൽ 7 വരെ മറ്റ് മെഡിക്കൽ സ്റ്റാഫുകളും ഉൾപ്പെടുന്നുണ്ട്. ക്യാമ്പുകൾ പരിശോധിച്ച് തൊഴിലാളികളുടെ സുരക്ഷാ സൗകര്യങ്ങളും ഉറപ്പു വരുത്തുന്നുണ്ട്. ഇത്തരം ക്യാമ്പുകൾ നടത്തുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നും നല്ല സഹകരണമാണ് ലഭിച്ചുവരുന്നത്.

<u>ശിപാർശ</u>

കുടുംബത്തോടൊപ്പം താമസിച്ച് ജോലിക്ക് വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കൾക്ക് പകൽ സമയം മാതാപിതാക്കളുടെ ജോലിസ്ഥലത്തിനടുത്ത് സംരക്ഷണം ഒരുക്കുന്നതിനുള്ള നിർദ്ദേശം തൊഴിലുടമകൾക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരളത്തിലെ തൊഴിലാളികൾക്ക് ലഭ്യമാകുന്ന എല്ലാ നിയമ പരിരക്ഷയും ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാകത്തക്ക നിലയിലുള്ള പ്രവർത്തനം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ മുൻകൈയെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. കേരള ഷോപ്പ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടം 6 (ബി) പ്രകാരം 20-ലോ അതിലധികമോ സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നിടത്ത് ക്രഷ് സൗകര്യം തൊഴിലുടമ നൽകേണ്ടതുണ്ട്. ആയത് പരിശോധനാ വേളയിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്. ആയത് സംബന്ധിച്ച് പരാതി ഉള്ളപക്ഷം ജില്ലാ ലേബർ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## <u>KASE-ന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്</u>

<u>ശിപാർശ</u>

KASE ഫണ്ട് ഉപയോഗിച്ച് ഇപ്പോൾ പുതിയതായി ആരംഭിച്ച ധനുസ്സ് എന്ന പദ്ധതിയിൽ ഒന്നാംവർഷ ബിരുദ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് സർക്കാർ കോളേജിലെ അദ്ധ്യാപകരുടെ കീഴിൽ പ്രത്യേക പരിശീലനം നൽകി ഉയർത്തികൊണ്ടുവരുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും പ്രസ്തുത പരിപാടി വിജയിപ്പിക്കുവാൻ കഴിഞ്ഞാൽ കേരളത്തിലെ എല്ലാ ജില്ലകളിലും പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. പേരാമ്പ്രയിലുള്ള സി.ഡി.സി.യുടെ പരിശ്രമഫലമായി കേരളത്തിന് പുറത്ത് ഏകദേശം 40-ലധികം കോളേജുകളിലും യൂണിവേഴ്സിറ്റികളിലും വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ടെന്നും ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. പരിശീലനത്തിലൂടെ വിജയം കൈവരിക്കാനും പുതിയ തൊഴിലവസരങ്ങൾ നേടാനും സാധിക്കുന്നുണ്ടെന്നും പാലക്കാട് ഐ.എ.എസ്. കോച്ചിംഗ് ഉൾപ്പെടെ നടത്തുന്നുണ്ടെന്നും 10 ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. <u>ഭാവിയിലും പ്രസ്തുത പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 24 )

സർക്കാർ സ്വീകരിച്ച നടപടി

വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പേരാമ്പ്ര സി.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ ബിരുദ വിദ്യാർത്ഥികൾക്ക് രാജ്യത്തെ മികവിന്റെ കേന്ദ്രങ്ങളിൽ ബിരുദാനന്തര ബിരുദ പഠനത്തിനായി പ്രവേശനം സാധ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ധനുസ്സ് പദ്ധതി. നിലവിൽ 40 വിദ്യാർത്ഥികൾ മൂന്ന് വർഷത്തെ പരീക്ഷണാടിസ്ഥാനത്തിലുള്ള പരിശീലനം പേരാമ്പ്ര സി.ഡി.സി. മുഖേനയാണ് നടത്തുന്നത്. ഭാവിയിൽ പ്രസ്തുത പദ്ധതി മറ്റ് സിഡിസികൾ മുഖേനയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ഖണ്ഡിക 24-ൽ KASE ഫണ്ട് ഉപയോഗിച്ചാണ് ധനുസ്സ് പദ്ധതി നടപ്പിലാക്കി വരുന്നത് എന്നാണ് ചേർത്തിരിക്കുന്നത്. എന്നാൽ ഫണ്ട് KASE മുഖേന വിതരണം ചെയ്യുക മാത്രമേ ചെയ്യുന്നുള്ളൂ എന്നും ധനുസ്സ് പദ്ധതി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് എന്ന വിവരവും കൂടി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഒഡെപെക്കിനെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ഖണ്ഡികകളിന്മേലുള്ള നടപടി റിപ്പോർട്ട്

ശിപാർശ

നഴ്സിംഗ്, ഡൊമസ്റ്റിക് ഹെൽപ്പ്, ഹോം നഴ്സ്, ഡ്രൈവർ തുടങ്ങിയ മേഖലയിൽ ഡിമാന്റുണ്ടെന്നതിനെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുവാൻ സോഷ്യൽ മീഡിയയിലൂടെയും മറ്റ് മാധ്യമങ്ങളിലൂടെയും പരസ്യങ്ങൾ നൽകുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7 )

സർക്കാർ സ്വീകരിച്ച നടപടി

ഒഡെപെക്ക് ഇപ്പോൾ വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ സംബന്ധിച്ച് പത്രമാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയയിലൂടെയും പരസ്യപ്പെടുത്തുന്നുണ്ട്. കൂടുതൽ ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് മറ്റ് മാധ്യമങ്ങളിലൂടെയും പരസ്യങ്ങൾ നൽകാൻ ശ്രദ്ധിക്കുന്നുണ്ട്.

ശിപാർശ

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)മായി ചേർന്ന് ഐ.ഇ.എൽ.റ്റി.എസ്. കോച്ചിംഗ് നഴ്സിംഗ് ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ ഫലപ്രദമാകുന്ന രീതിയിൽ നടപ്പിലാക്കണമെന്നും ഇങ്ങനെ ആവശ്യങ്ങൾക്കനുസരിച്ച് വ്യത്യസ്തരീതിയിലുള്ള സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ടി പ്രോഗ്രാമുകളുടെ വിവരങ്ങൾ ജനങ്ങളിലെത്തിക്കാനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)മായി ചേർന്ന് അങ്കമാലിയിൽ ഐ.ഇ.എൽ.റ്റി.എസ്/ഒ.ഇ.ടി പരിക്ഷകൾക്കും മറ്റ് ഭാഷാ പരിശീലനങ്ങൾക്കുമായി ഒരു ഭാഷാ പരിശീലനകേന്ദ്രം ആരംഭിച്ചിട്ടുണ്ട്.

ശിപാർശ

വിദേശമേഖലയിലേയ്ക്കുള്ള റിക്രൂട്ട്മെന്റ്, ട്രാവൽ, ടൂർ എന്നീ മൂന്ന് മേഖലകളിലും ആവശ്യം വരുകയാണെങ്കിൽ കൂടുതൽ ട്രെയിനിംഗ് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19 )

സർക്കാർ സ്വീകരിച്ച നടപടി

ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ

ഒഡെപെക്കിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഈ സ്ഥാപനം നൽകുന്ന സേവനം സംബന്ധിച്ച വിശദാംശങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും പത്രദൃശ്യശ്രവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽമീഡിയ വഴിയുമുള്ള പ്രചരണ പരിപാടികൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20 )

സർക്കാർ സ്വീകരിച്ച നടപടി

ഒഡെപെക്ക് ഇപ്പോൾ വിവിധ മേഖലകളിലെ തൊഴിലവസരങ്ങൾ സംബന്ധിച്ച് പത്രമാധ്യമങ്ങൾ വഴിയും സോഷ്യൽമീഡിയയിലൂടെയും പരസ്യപ്പെടുത്തുന്നുണ്ട്. കൂടുതൽ ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് മറ്റ് മാധ്യമങ്ങളിലൂടെയും പരസ്യങ്ങൾ നൽകാൻ ശ്രദ്ധിക്കുന്നുണ്ട്.

<u>ശിപാർശ</u>

പ്രമോഷൻ ക്യാമ്പയിനുകൾ നടത്തുന്നതിനും ജോലി സംബന്ധമായ ഒഴിവുകൾ, അഭിമുഖങ്ങൾ എന്നിവ സംബന്ധിച്ച വിവരം ഉദ്യോഗാർത്ഥികളിലെത്തിക്കുന്നതിനും പരസ്യ ഇനത്തിൽ ഭാരിച്ച ചെലവ് ഉള്ളതിനാൽ ടി നടപടികൾക്കും ആവശ്യമായ ഒരു സ്ഥിരം പ്ലാൻ ഫണ്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇതിലേയ്ക്കായി 2020-21 വർഷത്തേയ്ക്ക് 90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

എയർ ടിക്കറ്റ് ബുക്ക് ചെയ്ത ഇനത്തിൽ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ഒഡെപെക്കിന് മൂന്ന് കോടിയോളം രൂപ ലഭിക്കാനുണ്ടെന്നും ഏതാണ്ട് അത്രയേറെ തുകയ്ക്ക് സ്ഥാപനം നഷ്ടത്തിലാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത തുക ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22 )

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നുണ്ട്. കുടിശ്ശിക വരുത്തിയവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്.

## <u>2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ വൈദ്യുതി ഉത്പാദന, പ്രസരണ, വിതരണ മേഖലയിൽ വൈദ്യുതി ബോർഡിനു സംഭവിച്ച നാശനഷ്ടങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്</u>

<u>ശിപാർശ</u>

നിലവിൽ ലഭിച്ചിട്ടുള്ള ലോൺ 8 മുതൽ 10 ശതമാനം വരെ പലിശ നിരക്കിൽ ആണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ എ.ഡി.ബി. വേൾഡ് ബാങ്കിൽ നിന്നും ചെറിയ പലിശയ്ക്കോ സോഫ്റ്റ് ലോണായോ സഹായം ലഭ്യമാക്കിയാൽ നിലവിലുള്ള പലിശ തിരിച്ചടവിന് ഏറെ സഹായകരമാകുമെന്നും സമിതി അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 18 )

<u>ശിപാർശ</u>

കേന്ദ്ര ഗവൺമെന്റിൽ നിന്നോ സംസ്ഥാന സർക്കാരിൽ നിന്നോ ലഭിക്കുന്ന ധനസഹായം ലോൺ രൂപത്തിലാണെങ്കിൽ കെ.എസ്.ഇ.ബി.എൽ.ന് ആശ്വാസകരമാകില്ലെന്ന് സമിതി വിലയിരുത്തുന്നു. സംസ്ഥാന സർക്കാർ ലോൺ രൂപത്തിൽ ധനസഹായം നൽകാതെ ഗ്രാന്റ് ഇനത്തിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ സഹായം അടിയന്തരമായി ഗ്രാന്റ് ഇനത്തിൽ ലഭ്യമാക്കാൻ വേണ്ട നടപടിയും സർക്കാർ സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

(ഖണ്ഡിക 19 )

<u>സർക്കാർ സ്വീകരിച്ച നടപടി (18 & 19)</u>

നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഹ്രസ്വകാല വായ്പകൾ 8 മുതൽ 10.50 ശതമാനം പലിശ നിരക്കിലും ദീർഘകാല വായ്പകൾ 8 മുതൽ 12.50 ശതമാനം വരെയുള്ള പലിശ നിരക്കിലുമാണ് ലഭിക്കുന്നത്. ആയതിനാൽ വൻ തുക പലിശയിനത്തിൽ കെ.എസ്.ഇ.ബി.-യ്ക്ക് ബാങ്കുകൾക്കും ധനകാര്യസ്ഥാപനങ്ങൾക്കും നൽകേണ്ടതായി വരുന്നു. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ കെ.എസ്.ഇ.ബി.എൽ.-നുണ്ടായ ഏകദേശ നഷ്ടം 824 കോടി രൂപയാണ്. ഇതിൽ ലഭ്യമായ 85.03 കോടി രൂപ കഴിച്ചുള്ള തുകയുടെ 50% ഗ്രാന്റായും 50% നബാർഡ് ലോണായും ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി.എൽ. ആവശ്യപ്പെട്ടുവെങ്കിലും സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ലഭ്യമായില്ല. മാത്രമല്ല നബാർഡിന്റെ NIDA അനുസരിച്ചുള്ള സാമ്പത്തിക സഹായവും കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

ചാലക്കുടി പുഴയിലേക്ക് ഓവർടോപ്പ് ചെയ്യുന്ന പെരിങ്ങൽകുത്ത് ആകെ 37 മില്യൺ ക്യൂബിക്ക് മീറ്റർ മാത്രം വെള്ളം കൊള്ളുന്ന ഒരു കൊച്ചു ഡാമാണെന്നും അതിന്റെ മുകളിൽ തമിഴ്നാടിന്റെ അധീനതയിൽ പറമ്പിക്കുളം എന്ന 570 ഓളം മില്യൺ ക്യൂബിക്ക് മീറ്റർ വെള്ളം കൊള്ളുന്ന ഡാമാണുള്ളതെന്നും ഈ ഡാമുകൾ ഓവർ ഫ്ലോ ചെയ്യുമ്പോഴാണ് ചാലക്കുടി പുഴ മുങ്ങുന്നതെന്നും വെള്ളത്തിന്റെ കുത്തൊഴുക്കിൽ മരങ്ങൾ വന്നടിഞ്ഞതിന്റെ ഫലമായി അവിടത്തെ ഷട്ടറുകളെല്ലാം തകർന്നു പോയെന്നും സമിതി മനസ്സിലാക്കുന്നു.

പെരിങ്ങൽകുത്ത് ഡാമിനെ 300 എം.സി.എം. വെള്ളമെങ്കിലും ഉൾക്കൊള്ളുന്ന ഡാമാക്കി മാറ്റിയാൽ ചാലക്കുടി പുഴയിലെ വെള്ളപ്പൊക്കത്തെ അതിജീവിക്കാമെന്ന് സമിതി വിലയിരുത്തുന്നു. ഇതിന്റെ സാധ്യത പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22 )

സർക്കാർ സ്വീകരിച്ച നടപടി

നിലവിൽ പെരിങ്ങൽകുത്ത് ഡാമിന്റെ FRL + 423.98m-ഉം പൂർണ്ണ സംഭരണ ശേഷി 32 MCM ഉം നീളം 365.76-m ഉം ആണ്. ഈ സംഭരണ ശേഷിയ്ക്കും വെള്ളത്തിന്റെ മർദ്ദത്തിനും ആനുപാതികമായ ഉയരവും വീതിയും ആണ് കല്ലുകൊണ്ട് നിർമ്മിച്ച ഈ ഡാമിനുള്ളത്. എന്നാൽ അതിന്റെ സംഭരണ ശേഷി 300 MCM എന്ന നിലയിലേയ്ക്ക് ഉയർത്തണമെങ്കിൽ നിലവിലുള്ള ഡാമിനു പകരമായി കൂടുതൽ ഉയരവും വീതിയും മറ്റ് അടിസ്ഥാന ഘടകങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് മറ്റൊരു ഡാം പണിയേണ്ടതായി വരും. അങ്ങനെ വരുമ്പോൾ ഡാമിന്റെ ലൊക്കേഷൻ തന്നെ ഒരു പക്ഷെ മാറ്റേണ്ടതായി വന്നേയ്ക്കാം. ഇപ്പോഴുള്ള പരമാവധി സംഭരണ നിരപ്പിനും (FRL) മാറ്റം വരും. ഇതുമൂലം പെരിങ്ങൽകുത്ത് - ഷോളയാർ വഴിയുള്ള സ്റ്റേറ്റ് ഹൈവേയുടെ കുറച്ചു ഭാഗവും ഫോറസ്റ്റ് ഭൂമിയും ആദിവാസി കോളനികളും മുങ്ങിപോകും. നിലവിലെ നിയമം അനുസരിച്ച് (FRL) മാറ്റം വരുത്തുന്നതിന് അനുമതി ആവശ്യമാണ്. ഇതിനായി പരിസ്ഥിതി ആഘാത പഠനവും മറ്റു സർവ്വേകളും നടത്തേണ്ടതാണ്. കൂടാതെ പ്രളയ നിയന്ത്രണം, അധിക ഊർജ്ജോല്പാദനം, ലവണത്വം ക്രമപ്പെടുത്തൽ (Salinity Control) എന്നിവ ലക്ഷ്യമാക്കി പെരിങ്ങൽക്കുത്തിൽ പുതിയ ഒരു ഡാം നിർമ്മിക്കുന്നതിനുള്ള ഒരു സാധ്യതാപഠനം നടത്തുന്നതിന് ബോർഡ് തലത്തിൽ തീരുമാനിക്കുകയും അതിനായി ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

എന്നാൽ DRIP പദ്ധതിയുടെ ഭാഗമായി ഈ ഡാമിന്റെ ഹൈഡ്രോളജി സംബന്ധിച്ച് പഠനങ്ങൾ നടത്തുകയും അതനുസരിച്ച് ഡാമിലേയ്ക്ക് വന്നുചേരാൻ സാധ്യതയുള്ള വെള്ളത്തിന്റെ പരമാവധി അളവ് സെക്കന്റിൽ 3811 ക്യൂബിക് മീറ്റർ എന്നു കണക്കാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഡാമിന്റെ വിവിധ ഗേറ്റുകളിൽ കൂടി പുറത്തേയ്ക്ക് ഒഴുക്കിവിടാൻ കഴിയുന്ന പ്രളയ ജലത്തിന്റെ പരമാവധി അളവ് സെക്കന്റിൽ 2265 ക്യൂബിക് മീറ്റർ മാത്രമാണ്. അതായത് പ്രതീക്ഷിക്കുന്ന പ്രളയജലത്തിന്റെ പരമാവധി അളവ് പുറം തള്ളാൻ ഈ ഡാമിന് ശേഷിയില്ലാതെ ആയിട്ടുണ്ട്. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെ തുടർന്ന് ഡാമിനുണ്ടായ ആഘാതം പരിശോധിക്കുന്നതിനായി കേന്ദ്ര ജലകമ്മീഷന്റെ നിർദ്ദേശാനുസരണം ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. കൂടാതെ 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ പെരിങ്ങൽകുത്ത് ഡാമിന്റെ മുകളിലും റിസെർവോയറിലും മരങ്ങൾ വന്നടിഞ്ഞ്, ഷട്ടറുകളുടെ കൺട്രോൾ പാനലുകൾക്കും, ഹോയിസ്റ്റിംഗ് അറേഞ്ച്മെന്റിനും സംഭവിച്ച കേടുപാടുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

1. ചാലക്കുടി പുഴയിലെ പ്രളയജലം നിയന്ത്രിക്കുന്നതിനും പ്രളയംമൂലം പെരിങ്ങൽകുത്ത് ഡാമിനുണ്ടാകുന്ന തകരാറുകൾ ലഘൂകരിക്കുന്നതിനും പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി പഞ്ചായത്തിനുകീഴിൽ കാരപ്പാറയിൽ ഒരു ഡാം പണിത് ജലം ഭാരതപ്പുഴ ബേസിനിലേയ്ക്ക് തിരിച്ചുവിടുന്നതിനുള്ള ഡി.പി.ആർ. സമർപ്പിക്കുവാൻ 'ടാറ്റാ കൺസൾട്ടൻസി സർവ്വീസസ്സിനെ' ചുമതലപ്പെടുത്തുകയും ആയതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുകയും ചെയ്യുന്നു.

2. പ്രളയംമൂലം പെരിങ്ങൽകുത്ത് ഡാമിന് കേടുപാടുകൾ സംഭവിക്കുന്നതിന് ഒരു പരിഹാരം എന്ന നിലയ്ക്ക് പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയുടെ ശേഷി 48 മെഗാവാട്ടിന് പുറമെ 24 മെഗാവാട്ട് അധികമായി ഉല്പാദിപ്പിക്കാനുള്ള പദ്ധതിയുടെ പൂർത്തീകരണം ഈ സാമ്പത്തിക വർഷം തന്നെ നടക്കും. ഇതുമൂലം അധികജലം പെൻസ്റ്റോക്ക് വഴി തിരിച്ചുവിട്ട് ഡാമിനെ സംരക്ഷിക്കാൻ കഴിയും. മാത്രമല്ല, ഭാവിയിൽ 24 മെഗാവാട്ടിന്റെ അധികശേഷി വർദ്ധനവിനും പ്രൊവിഷൻ നൽകിയിട്ടുണ്ട്.

## ശിപാർശ

വെള്ളപ്പൊക്കംമൂലം കെ.എസ്.ഇ.ബി.-യ്ക്ക് സംഭവിച്ച നഷ്ടം വളരെ വലുതാണെന്ന് സമിതി വിലയിരുത്തുന്നു. വെള്ളപ്പൊക്ക പുനരധിവാസ പാക്കേജെന്ന പേരിൽ ഒരു പുതിയ ശീർഷകം ഉൾപ്പെടുത്തി ബഡ്ജറ്റിൽ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23 )

## സർക്കാർ സ്വീകരിച്ച നടപടി

വെള്ളപ്പൊക്കംമൂലം കെ.എസ്.ഇ.ബി.എൽ.-നുണ്ടായ നഷ്ടം വലുതാണ്. ഏകദേശം 824 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കുന്നു. നഷ്ടം നികത്താനായി 85.03 കോടി രൂപ 2245-02-101-94-F-other items under SDRF, എന്ന ശീർഷകത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. 2019-20, 2020-21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് ഗ്രാന്റ് നം. XXXIX-ൽ ഒരു പുതിയ ശീർഷകം ഉൾപ്പെടുത്തുകയോ ഈ ഇനത്തിൽ യാതൊരു തുകയും അനുവദിക്കുകയോ ചെയ്തിട്ടില്ല.

കെ. കൃഷ്ണൻകുട്ടി,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2022 ജൂലൈ 12.

അനുബന്ധം

## 16-6-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII 2021 ജൂൺ 16-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ഊർജ്ജ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുമായ ശ്രീ.വി. ശിവൻകുട്ടിയും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ.എ.കെ.എം. അഷ്റഫ്, എം.എൽ.എ.
2. ശ്രീ. എം.എം. മണി, എം.എൽ.എ.
3. ശ്രീ.എ. പ്രഭാകരൻ, എം.എൽ.എ.
4. ശ്രീ.കെ.കെ. രാമചന്ദ്രൻ, എം.എൽ.എ.
5. ശ്രീ.വാഴൂർ സോമൻ, എം.എൽ.എ.

ഗൂഗിൾ മീറ്റ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ.പി. നന്ദകുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയേറ്റ്

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ഹരി വിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ.ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ഡോ. ചിത്ര എസ്., കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്
3. ശ്രീ. ഡി . ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

4. ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്.

5. ശ്രീ. അനിൽകുമാർ എം., ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്.

6. ശ്രീമതി എൻ. കെ. ചന്ദ്ര, ജോയിന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

7. ശ്രീ. പ്രമോദ് പി., ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്.

8. ശ്രീ. വി. ആർ. പ്രേംകുമാർ, ഡയറക്ടർ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ആൻഡ് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്.

9. ഡോ. സുധീർ ബാബു പി. കെ., ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ട്മെന്റ്

10. ശ്രീ. അനൂപ്. കെ. എ., മാനേജിംഗ് ഡയറക്ടർ, ഓവർസീസ് ഡെവലപ്മെന്റ് &എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ഒഡെപെക്)

11. ശ്രീമതി ഷജീന എം., എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ)

12. ശ്രീമതി സുനീജ ബീഗം എം., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.

13. ശ്രീമതി ദീപ ശിവദാസൻ , ഡെപ്യൂട്ടി സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

14. ശ്രീ. അനിൽകുമാർ എസ്., മാനേജർ ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ഒഡെപെക്)

15. ശ്രീമതി മിനിറാണി കെ., അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

16. ശ്രീ. ഷിബു ആർ., അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

17. ശ്രീ. റൂസി ആർ. എസ്., അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

18. ശ്രീ. കെ. സി. ബിനു, ഫിനാൻസ് ഓഫീസർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്.

സമിതി 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXIV, XVII, XVIII എന്നിവയുടെ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തു. ചർച്ചയുടെ പൂർണ്ണരൂപം ചുവടെ ചേർക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ - XXIV

2230-01-001-99—ഭരണവും നടത്തിപ്പും

ലേബർ കമ്മീഷണറുടെ ഓഫീസിലെ യാത്രാബത്ത, വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, വിവരസാങ്കേതികവിദ്യ എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി യാത്രാബത്ത [04(1)] ഇനത്തിൽ 1.5 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 1.25 ലക്ഷം രൂപയും വൈദ്യുതി ചാർജ്ജ് [05(2)] ഇനത്തിൽ 5 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 8.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-001-98—ജില്ലാ ആഫീസുകൾ

മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും വാഹനങ്ങളുടെ വാടക[97] ഇനത്തിൽ 6 ലക്ഷം രൂപയും, വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-001-95—കേരളത്തിലെ കടകൾക്കും വാണിജ്യസ്ഥാപനങ്ങൾക്കുമായി ഗ്രേഡിംഗ് സംവിധാനം

കേരളത്തിലെ വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്, തൊഴിൽ ശ്രേഷ്ഠ അവാർഡ് എന്നീ പദ്ധതികൾക്കായുള്ള സോഫ്റ്റ്‌വെയർ നിർമ്മാണം, പരിപാലനം, നവീകരണം, അവാർഡ് വിതരണം മുതലായവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-99—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്

മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലേയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ യാത്രാബത്ത, തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ, ഇന്ധനം എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, യാത്രാബത്ത [04(1)] ഇനത്തിൽ 3.5 ലക്ഷം രൂപയും തൊഴിൽ പരവും പ്രത്യേക

സേവനങ്ങൾക്കുമുള്ള ചെലവുകൾ [28] എന്ന ഇനത്തിൽ 0.5 ലക്ഷം രൂപയും ഇന്ധനം [45] ഇനത്തിൽ 0.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-102-98—<u>തോട്ടങ്ങളുടെ ഇൻസ്പെക്ടറാഫീസ്</u>

ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും ഓഫീസ് ചെലവുകൾ, ഇന്ധനം, വിവരസാങ്കേതിക വിദ്യ എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഓഫീസ് ചെലവുകൾ [05(4)] ഇനത്തിൽ 1 ലക്ഷം രൂപയും ഇന്ധനം [45] ഇനത്തിൽ 1 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-99—<u>ക്ഷേമകാര്യ പ്രവർത്തനങ്ങൾ (ജനറൽ)</u>

101 അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെയും 5 ഡെപ്യൂട്ടി ലേബർ ഓഫീസുകളുടെയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ ടെലിഫോൺ ചെലവ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 4 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-89—<u>തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനം ഇ-പേയ്മെന്റ് മുഖേനയാക്കലും</u>

തൊഴിൽ വകുപ്പിന്റെ ആധുനികവത്ക്കരണം, ആധാർ ലിങ്ക് ചെയ്തിട്ടുള്ള ബയോ-മെട്രിക് പഞ്ചിംഗ്/തൊഴിൽ വകുപ്പ് നവീകരണം, വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കൽ, AIIS സോഫ്റ്റ്‌വെയർ പരിഷ്കരണം എന്നീ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 45 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-88-10—<u>കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം-സംഭാവന</u>

കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീമിന് സർക്കാർ ഗ്രാന്റ് കുടിശ്ശിക ലഭിക്കേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 5.015 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-87-10 —പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം - സംഭാവന

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായത്തിനായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 4.9697 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-84—തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ പരിപാടി

തൊഴിൽ വകുപ്പ് വഴി ലഭ്യമാകുന്ന പരാതി പരിഹാര സേവനം, വകുപ്പ് നടത്തിവരുന്ന പരിപാടികൾ, പദ്ധതികൾ എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണ പരിപാടികൾക്കായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-79-10—കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്കു തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ് - സംഭാവന

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ഗ്രാന്റ് കുടിശ്ശിക ലഭ്യമാക്കേണ്ടതുള്ളതിനാൽ, ഈ ശീർഷകത്തിൽ 36.66 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-72—കേരള കർഷക തൊഴിലാളി ക്ഷേമബോർഡ്-അംശദാനം

തൊഴിലാളികൾക്ക് അധിവർഷാനുകൂല്യം ലഭിക്കാത്തതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ വരുന്നതിനാൽ അധിക തുക ആവശ്യപ്പെടുമ്പോൾ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള തുക കൂടി അതിൽ ഉൾപ്പെടുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു പ്രത്യേക ഫയൽ ആരംഭിച്ച് ധനകാര്യവകുപ്പു മന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും നേരിട്ട് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ അധിവർഷാനുകൂല്യം നൽകുന്നതിനായിട്ടാണ് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് ഒറ്റ ഗഡുവായി 100 രൂപ അനുവദിച്ചതെന്നും ഇനിയും ഇത്തരത്തിലുള്ള നീക്കം നടത്താവുന്നതാണെന്നും വകുപ്പുദ്യോഗസ്ഥർ അറിയിച്ചതിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണെന്ന് ബഹു. സമിതി ചെയർമാൻ ഉറപ്പു നൽകി.

കേരള കർഷകത്തൊഴിലാളി ക്ഷേമബോർഡിലെ അധിവർഷ ആനുകൂല്യം ഒഴികെയുള്ള ആനുകൂല്യ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 50.93 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-62-10 —പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി-സംഭാവന

പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടി സമാശ്വാസ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും എടുത്തിട്ടുള്ള 4 കോടി രൂപയിൽ നിന്നും ഒരു വിഹിതം കർഷകത്തൊഴിലാളികളുടെയും തോട്ടം തൊഴിലാളികളുടെയും ആവശ്യങ്ങൾക്കായി, നൽകണമെന്നും തോട്ടങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കും സാനിറ്റേഷൻ ഫെസിലിറ്റിക്കും ശൗചാലയ നിർമ്മാണങ്ങൾക്കുമായി ഒരു വിഹിതവും പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസ വേതനമായി റേഷൻ കാർഡുള്ള ഓരോ കുടുംബത്തിനും 25,000 രൂപ വീതം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് സമിതിയുടെ ഇടപെടലുകളുണ്ടാകണമെന്ന് സമിതിയംഗമായ ശ്രീ. വാഴൂർ സോമൻ അഭിപ്രായപ്പെട്ടു.

തന്റെ മണ്ഡലത്തിലെ നാല് തോട്ടങ്ങൾ 13-12-2000-ൽ പൂട്ടിയതാണെന്നും അവിടെ 10x12 ചതുരശ്രയടി വിസ്തീർണ്ണമുള്ള മുറികളിൽ ഏഴോളം തൊഴിലാളികളാണ് താമസിക്കുന്നതെന്നും പ്ലാന്റേഷൻ നയം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും സമാശ്വാസമെന്ന നിലയ്ക്ക് അവർക്ക് ഗണ്യമായ തുക അടിയന്തരമായി നൽകണമെന്നും ശ്രീ. കെ. പി. രാജേന്ദ്രൻ റവന്യൂ മന്ത്രിയായിരുന്നപ്പോൾ ലയം നവീകരിക്കുന്നതിനായി ഒരു പ്രാവശ്യം 5000 രൂപ അനുവദിച്ചിരുന്നുവെങ്കിലും തുടർ നടപടികളുണ്ടായില്ലെന്നും സമിതിയംഗം അറിയിച്ചു.

28-5-2021-ന് 513 ലക്ഷം രൂപ പ്ലാന്റേഷൻ ബോർഡിന് അഡീഷണൽ ആതറൈസേഷനായി നൽകിയിട്ടുണ്ടെന്നും പ്ലാന്റേഷൻ തൊഴിലാളികൾക്ക് കൂലിയും ഗ്രാറ്റുവിറ്റിയും എത്രയും വേഗം നൽകുന്നതാണെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ടി വിഷയം സംബന്ധിച്ച് സമിതിയംഗം സുപ്രീം കോടതിയിൽ നൽകിയ കേസിൽ ഇപ്പോൾ റിട്ടയേർഡ് ജഡ്ജി അദ്ധ്യക്ഷനായ കമ്മീഷനെ നിയമിച്ച് തെളിവെടുപ്പ് നടത്തികൊണ്ടിരിക്കുകയാണെങ്കിലും കോവിഡ് മൂലം കാലതാമസം വരുന്നുണ്ടെന്നും കഴിഞ്ഞ 14-ാം തീയതി കൂടാൻ നിശ്ചയിച്ചിരുന്ന മീറ്റിംഗ് അടുത്ത മാസം 13-ലേയ്ക്ക് മാറ്റിവച്ചിരിക്കുകയാണെന്നും സമിതിയംഗം അറിയിച്ചു.

കേരളത്തിൽ നിന്ന് തമിഴ്നാട്ടിലേയ്ക്ക് പോകുന്ന തൊഴിലാളികൾക്ക് ഇതിന്റെ പതിന്മടങ്ങ് ആനുകൂല്യങ്ങൾ ലഭിക്കുന്നത് ആളുകളുടെ ഇടയിൽ വിഭാഗീയ പ്രവണത വളർത്തുകയും അക്രമ പ്രവർത്തനങ്ങൾക്ക് ഇടയാക്കുകയും ചെയ്യുന്നുണ്ടെന്നും ഓൺലൈൻ വിദ്യാഭ്യാസം, വീടുകളുടെ പുനരുദ്ധാരണം, തൊഴിലില്ലായ്മ എന്നിങ്ങനെ പലതരം പ്രശ്നങ്ങൾകൊണ്ട് ദുരിതം അനുഭവിക്കുന്ന തോട്ടം തൊഴിലാളികൾ ഏറ്റവുമധികം സഹായങ്ങൾ അർഹിക്കുന്ന ഒരു വിഭാഗമായതിനാൽ പ്രസ്തുത ഹെഡ്ഡിൽ കൂടുതൽ തുക അധികമായി ആവശ്യപ്പെടേണ്ടതുണ്ടെന്നും സമിതി വിലയിരുത്തി.

പ്ലാന്റേഷൻ ഹെഡ്ഡിലനുവദിച്ച 54 കോടി രൂപയിൽ 50 കോടി റബ്ബർ കർഷകർക്കുള്ള സബ്സിഡിയാണെന്നും 4 കോടി രൂപയാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റിന് നീക്കിവച്ചിട്ടുള്ളതെന്നും സമിതിയംഗം ചൂണ്ടിക്കാണിച്ചു.

പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-60—<u>അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ</u>

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായുള്ള 3 വ്യത്യസ്ത കർമ്മപദ്ധതികൾക്കും ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യുന്നതിനുമായി ഈ ശീർഷകത്തിൽ 9.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹിക സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായിട്ടുള്ള 3 വ്യത്യസ്ത കർമ്മ പദ്ധതികളുടെ വിശദാംശങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞതിന് സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി, മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി, പെൻഷൻ വിതരണം എന്നീ മൂന്ന് വ്യത്യസ്ത കർമ്മപദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് ഉദ്യോഗസ്ഥർ മറുപടി നൽകി.

2230-01-103-53—<u>എസ്റ്റേറ്റ് തൊഴിലാളികൾക്കുള്ള ആശ്വാസനിധി</u>

2013-ലെ എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതി ഭേദഗതി ചെയ്ത് മരണപ്പെടുന്ന എസ്റ്റേറ്റ് തൊഴിലാളികളുടെ നിയമാനുസൃത അനന്തരാവകാശികൾക്ക്

നൽകി വന്നിരുന്ന ഒറ്റത്തവണ സാമ്പത്തിക സഹായ വിഹിതം 25,000 രൂപയിൽ നിന്നും 1,00,000 രൂപയായി വർദ്ധിപ്പിച്ചതിനാൽ 2021 സാമ്പത്തിക വർഷം ധനസഹായ വിതരണത്തിനായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-34-(10)—കേരള ഓട്ടോമൊബൈൽ തൊഴിലാളിക്ഷേമനിധി പദ്ധതി - സംഭാവന

കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമ പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-33-(01)—പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം - സംസ്ഥാന പദ്ധതികൾ (ജനറൽ)

പരമ്പരാഗത മേഖലയിലുള്ള വിവിധ വകുപ്പുകൾ/ബോർഡുകൾ എന്നിവയ്ക്ക് കുടിശ്ശികയായിട്ടുള്ള ധനസഹായം നൽകേണ്ടതുള്ളതിനാൽ 22 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-16—അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ പുനരധിവാസപദ്ധതി

ഇതര സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ വാടകയ്ക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതിയായ അപ്നാഘർ പദ്ധതിക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-15—നഗരങ്ങളിലെ അസംഘടിതരായ ദരിദ്ര തൊഴിലാളികൾക്കായുള്ള ചെലവു കുറഞ്ഞ ഭവന നിർമ്മാണവും പ്ലാന്റേഷൻ പുനരിധവാസപദ്ധതിയും

ജനനി/ഭവനം പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-800-86—<u>കർമ്മചാരി പദ്ധതി</u>

പഠനത്തോടൊപ്പം തൊഴിലിന്റെ മഹത്വം മനസ്സിലാക്കുക എന്ന ഉദ്ദേശത്തോടുകൂടി 9, 11 എന്നീ ക്ലാസ്സിലെ കുട്ടികൾക്ക് ഒരു വർഷത്തിലെ 25 ശനിയാഴ്ചകളിൽ രണ്ട് മണിക്കൂർ (ആകെ 50 മണിക്കൂർ) പൊതുമേഖലാ സ്ഥാപനം, സഹകരണ സ്ഥാപനം, കടകൾ എന്നീ സ്ഥാപനങ്ങളിൽ തൊഴിൽ നൽകി അവർക്ക് ഒരു വേതനം നൽകുന്ന പദ്ധതിക്കായി ഈ ശീർഷകത്തിൽ 24.99 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-800-87-അതിഥി—<u>അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള സോഫ്റ്റ്‌വെയർ (മൊബൈൽ ആപ്പ്)</u>

സംസ്ഥാനത്ത് കുടിയേറ്റ തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന് അതിഥി മൊബൈൽ ആപ്പ് വികസിപ്പിക്കുന്നതിനായി ഈ ശീർഷകത്തിൽ 19.79 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-800-85—<u>വേതന സംരക്ഷണ സംവിധാനത്തിലൂടെ വേതനം കൈമാറുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി</u>

സംസ്ഥാനത്ത് വേതന സുരക്ഷാ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതിയിൽ അംഗമായിട്ടുള്ള സ്ഥാപനങ്ങളിലെ ആക്സിഡന്റ് ഇൻഷുറൻസ് നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ 4.7699 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-001-99—<u>ട്രെയിനിംഗ് ഡയറക്ടറേറ്റ്</u>

ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ വിവിധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 4.74 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 8.2 ലക്ഷം രൂപയും സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 0.95 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 3.23 ലക്ഷം രൂപയും വെള്ളക്കരം [05(1)] ഇനത്തിൽ 1.21 ലക്ഷം രൂപയും വൈദ്യുതി ചെലവുകൾ [05(2)] ഇനത്തിൽ 2.6 ലക്ഷം രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 2.7

ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 4.2 ലക്ഷം രൂപയും ചെറുകിടമരാമത്ത് പണികൾ [17] ഇനത്തിൽ 5 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 1.24 ലക്ഷം രൂപയും മറ്റു ചെലവുകൾ- മറ്റിനം [34(3)] ഇനത്തിൽ 15.75 ലക്ഷം രൂപയും പി.ഒ.എൽ [45] ഇനത്തിൽ 2.6 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 52.42 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-001-98—<u>സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ</u>

നിലവിൽ വകുപ്പിന് കീഴിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നത് ഹൈദരാബാദിലാണെന്ന് നിരീക്ഷിച്ച സമിതി ഉദ്യോഗസ്ഥ പരീശീലനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് ഐ.ടി.ഐ.-യിൽ ആരംഭിച്ച സംവിധാനം ഉപയോഗപ്പെടുത്തി വകുപ്പിന് കീഴിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടുകൂടിയാണോ തുക വകയിരുത്തിയിരിക്കുന്നതെന്ന് ആരാഞ്ഞതിന് പ്രസ്തുത പരിശീലന പരിപാടി ഇതിൽ ഉൾപ്പെടുന്നില്ല എന്ന് വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചപ്പോൾ ഇത്തരം ഉദ്യോഗസ്ഥ പരിശീലനങ്ങൾ കേരളത്തിൽത്തന്നെ നടത്തുക എന്ന ലക്ഷ്യത്തോടെ പാലക്കാട് ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്ന പ്രവർത്തനങ്ങൾക്ക് പര്യാപ്തമായ തുക വകയിരുത്തണമെന്ന് സമിതി വിലയിരുത്തി.

കോഴിക്കോട് രണ്ട് ഐ.ടി.ഐ.-കളിൽ പ്രസ്തുത പരിപാടി ആരംഭിച്ചുവെന്നും മറ്റ് ജില്ലകളിലെ ഐ.ടി.ഐ.-കളിലേയ്ക്ക് കൂടി ഈ പരിപാടി വ്യാപിപ്പിക്കുന്നതാണെന്നും വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

വകുപ്പിലെ ജീവനക്കാർക്ക് ആധുനിക സാങ്കേതിക വിദ്യയിലും കാലാനുസൃതമായി ഡി.ജി.റ്റി പരിഷ്കരിക്കുന്ന പാഠ്യപദ്ധതിയിന്മേലും പരിശീലനം നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-001-98—<u>സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ</u>

സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാബത്ത [04(1)] ഇനത്തിൽ 0.35 ലക്ഷം രൂപയും,

സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 0.05 ലക്ഷം രൂപയും, അവധിയാത്രാനുകൂല്യം [04(4)] ഇനത്തിൽ 0.14 ലക്ഷം രൂപയും, വെള്ളക്കരം [05(1)] ഇനത്തിൽ 0.15 ലക്ഷം രൂപയും, വൈദ്യുതചെലവുകൾ [05(2)] ഇനത്തിൽ 1 ലക്ഷം രൂപയും, ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 0.29 ലക്ഷം രൂപയും, മറ്റിനങ്ങൾ [05(4)] ഇനത്തിൽ 0.23 ലക്ഷം രൂപയും ചെറുകിടമരാമത്ത് പണികൾ [17] ഇനത്തിൽ 0.60 ലക്ഷം രൂപയും മറ്റുചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 0.23 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3.04 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-001-96—<u>വ്യാവസായിക പരിശീലന വകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി</u>

KASE-ന്റെ വിവിധ പദ്ധതികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-001-95—<u>ഐ.ടി.-യെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ</u>

സംസ്ഥാന ഡയറക്ടറേറ്റിന്റെ ആധുനികവത്ക്കരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-001-90- (01)—<u>സങ്കൽപ്പ് - അഭിലാഷ ജില്ലാ പരിപാടി - വയനാട്</u>

2018-19 സാമ്പത്തിക വർഷം അനുവദിച്ച പുതിയ ഐ.ടി.ഐ.-കൾക്കും 2020-21 സാമ്പത്തിക വർഷം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള 5 പുതിയ ഐ.ടി.ഐ.-കൾക്കുമുള്ള പശ്ചാത്തല സൗകര്യമൊരുക്കൽ, ട്രെയിനികൾക്ക് ആവശ്യമായ ഉപകരണ സംഭരണം, അന്താരാഷ്ട്ര നിലവാരത്തിലുള്ള കെട്ടിട നിർമ്മാണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16.66 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-003-98—<u>തൊഴിലുകളുടെ വൈവിധ്യവൽക്കരണം</u>

തൊഴിലുകളുടെ വൈവിധ്യവൽക്കരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും [12] ഇനത്തിൽ 65,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-003-97—<u>കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനം</u>

കേരള ലേബർ വെൽഫെയർ ഫണ്ട് നിർദ്ദേശിക്കുന്ന വ്യക്തികൾക്ക് പരിശീലനം നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 59,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-99—<u>വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ</u>

വിവിധ വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 54.85 ലക്ഷം രൂപയും, യാത്രാബത്ത [04(1)] ഇനത്തിൽ 286.38 ലക്ഷം രൂപയും, സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 4 ലക്ഷം രൂപയും, അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 5.2 ലക്ഷം രൂപയും, ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 11.95 ലക്ഷം രൂപയും, മറ്റിനങ്ങൾ [05(4)] ഇനത്തിൽ 11.88 ലക്ഷം രൂപയും, വാടക, കരം, നികുതി [06] ഇനത്തിൽ 2.5 ലക്ഷം രൂപയും, സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും [12] ഇനത്തിൽ 137 ലക്ഷം രൂപയും, ചെറുകിടമരാമത്ത് പണികൾ [17] ഇനത്തിൽ 255 ലക്ഷം രൂപയും, തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ [28] ഇനത്തിൽ 114 ലക്ഷം രൂപയും, വെള്ളക്കരം [34(1)] ഇനത്തിൽ 14 ലക്ഷം രൂപയും, വൈദ്യുതചെലവുകൾ [34(2)] ഇനത്തിൽ 79.2 ലക്ഷം രൂപയും, മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 291.94 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 12.679 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-96 —വനിത വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം

തിരുവനന്തപുരത്തുള്ള വനിതാ ഐ.ടി.ഐ-യുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1.35 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 3.15 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 0.93 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)]ഇനത്തിൽ 0.41 ലക്ഷം രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 0.09 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 0.32 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും [12] ഇനത്തിൽ 5 ലക്ഷം രൂപയും വെള്ളക്കരം [34(1)] ഇനത്തിൽ 0.15 ലക്ഷം രൂപയും വൈദ്യുതി ചെലവുകൾ [34(2)] ഇനത്തിൽ 2.55 ലക്ഷം രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 4.43 ലക്ഷം രൂപയും ഉൾപ്പെടെ ആകെ ഈ ശീർഷകത്തിൽ 18.38 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-87—ഐ.ടി.ഐ.- കളുടെ നവീകരണം

കേന്ദ്ര വിഹിതത്തോടൊപ്പം സംസ്ഥാന വിഹിതം കൂടി കണക്കാക്കിയാണ് മലമ്പുഴ മണ്ഡലത്തിലുള്ള ഒരു ഐ.ടി.ഐ.-യുടെ നവീകരണ പ്രവർത്തനം ആരംഭിച്ചതെന്നും പ്രസ്തുത പ്രവൃത്തിക്കുള്ള തുക പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും വകയിരുത്തിയ തുക പണിപൂർത്തിയാക്കുന്നതിന് പര്യാപ്തമാണോയെന്നും സമിതി ആരാഞ്ഞതിന് പ്രസ്തുത പ്രവൃത്തി കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ ഈ ശീർഷകത്തിൽ ഉൾപ്പെടില്ല എന്ന് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ആൻഡ് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർ വിശദീകരിച്ചു.

ഐ.ടി.ഐ.-കളിലെ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ മറ്റു ചെലവുകൾ [34] ഇനത്തിൽ 282.05 ലക്ഷം രൂപയും ചെറുകിട മരാമത്തു പണികൾ [17] ഇനത്തിൽ 117.95 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-76—വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.വി.റ്റി.എസ്. കളമശ്ശേരി എന്ന

സ്ഥാപനത്തിന് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2.32 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 1.54 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 0.34 ലക്ഷം രൂപയും അവധിയാത്രാനുകൂല്യം [04(4)] ഇനത്തിൽ 0.43 ലക്ഷം രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 0.23 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 0.15 ലക്ഷം രൂപയും ചെറുകിട മരാമത്ത് പണികൾ [17] ഇനത്തിൽ 2.39 ലക്ഷം രൂപയും മറ്റ് ചെലവുകൾ മറ്റിനം [34(3)] ഇനത്തിൽ 3.67 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 11.07 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-74—വനിതാ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ (തൊഴിൽ പരിശീലനത്തിലെ ലിംഗ വിവേചനം ലഘൂകരിക്കൽ)

തൊഴിൽ പരിശീലനത്തിലെ ലിംഗവിവേചനം ലഘൂകരിക്കാൻ ഉദ്ദേശിച്ച് സ്ഥാപിക്കുന്ന വനിതാ ഐ.ടി.ഐ.-കളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2.3 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 3.02 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 0.25 ലക്ഷം രൂപയും അവധിയാത്രാനുകൂല്യം [04(4)] ഇനത്തിൽ 0.39 ലക്ഷം രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 0.44 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ [05(4)] ഇനത്തിൽ 0.40 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും [12] ഇനത്തിൽ 1.65 ലക്ഷം രൂപയും വൈദ്യുതി ചെലവുകൾ [34(2)] ഇനത്തിൽ 0.54 ലക്ഷം രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 0.75 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 9.74 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-73—ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ. ടി. ഐ.-കൾ ശക്തിപ്പെടുത്തൽ

ഭാഷാ ന്യൂനപക്ഷ പ്രദേശമായ ഇടുക്കി ജില്ലയിലെ ചിത്തിരപുരം, കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ എന്നീ ഐ.ടി.ഐ.-കൾക്കുള്ള കെട്ടിട നിർമ്മാണം, ഉപകരണ സംഭരണം എന്നിവയ്ക്കനുവദിച്ച തുക അപര്യാപ്തമായതിനാൽ 4.12 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-70 —ഐ. ടി. ഐ. ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി

പ്രസ്തുത പദ്ധതി ബാധകമാകുന്ന ഐ.ടി.ഐ.-കളുടെ വിശദാംശങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ എല്ലാ ഐ.ടി.ഐ.-കളിലും മുട്ടയും പാലും/പ്രോട്ടീനുള്ള മറ്റേതെങ്കിലും ഭക്ഷണസാധനങ്ങൾ ലഭ്യമാകുന്ന പദ്ധതി, ഉച്ചഭക്ഷണം നൽകുന്ന പദ്ധതി എന്നിങ്ങനെ രണ്ട് പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളതെന്നും ഉച്ചഭക്ഷണം നൽകുന്ന പദ്ധതി 5 വനിതാ ഐ.ടി.ഐ.-കളിൽ മാത്രമാണ് ആരംഭിച്ചിട്ടുള്ളതെന്നും ഏറ്റവും പിന്നോക്കം നിൽക്കുന്ന ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ എല്ലാ ഐ.ടി.ഐ.-യിലും പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറയിലും നടപ്പുവർഷം ടി പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ഐ.ടി.ഐ. ട്രെയിനികൾക്ക് നിലവിലുള്ള പോഷകാഹാര പദ്ധതി തുടരുന്നതിനും 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ഐ.ടി.ഐ.-കൾക്കും പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഐ.ടി.ഐ.-യ്ക്കും ടി പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-68—പരസ്യം/ പബ്ളിസിറ്റി.

വകുപ്പിന്റെ പരസ്യം, പ്രചരണം ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-65-03—വ്യാവസായിക മൂല്യ വർദ്ധിത പ്രോഗ്രാമിനു വേണ്ടിയുള്ള നൈപുണ്യ ശാക്തീകരണം (സ്ട്രൈവ്)

നിലവിലുള്ള ബഡ്ജറ്റ് വിഹിതം 3 ലക്ഷം രൂപയായിരിക്കെ അധികമായി 1282 ലക്ഷം രൂപ ആവശ്യപ്പെടേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ ആയത് കേന്ദ്ര സർക്കാരിന്റെ പദ്ധതിയാണെന്നും തുക സ്റ്റേറ്റിന്റെ പ്ലാൻ പദ്ധതിയിൽ വരുന്നതല്ലെന്നും വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

തെരഞ്ഞെടുത്ത ഐ.ടി.ഐ.-കളിൽ സ്ട്രൈവ് പദ്ധതി നടപ്പിലാക്കാൻ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12.82 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-56—നൈപുണ്യ കർമ്മസേന

ഐ.ടി.ഐ.-കളിൽ നൈപുണ്യ കർമ്മസേന രൂപീകരിക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-54—കേരള സ്റ്റേറ്റ് അപ്രന്റിസ്ഷിപ്പ് പ്രമോഷൻ സ്ക്കീം (കെ.എസ്.എ.പി.എസ്)

അപ്രന്റിസ്ഷിപ്പ് നൽകുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഈ പദ്ധതിയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ

ദേശീയ തൊഴിലഭ്യസന പരിപാടികൾ നടപ്പിലാക്കുന്നതിനായി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 10.55 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 6.3 ലക്ഷം രൂപയും സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 0.4 ലക്ഷം രൂപയും അവധിയാത്രാനുകൂല്യം [04(4)] ഇനത്തിൽ 0.71 ലക്ഷം രൂപയും വെള്ളക്കരം [34(1)] ഇനത്തിൽ 0.36 ലക്ഷം രൂപയും വൈദ്യുതി ചെലവുകൾ [34(2)] ഇനത്തിൽ 1.6 ലക്ഷം രൂപയും ടെലിഫോൺ ചെലവുകൾ [05(3)] ഇനത്തിൽ 0.62 ലക്ഷം രൂപയും മറ്റിനങ്ങൾ [05(4)] ഇനത്തിൽ 0.75 ലക്ഷം രൂപയും സ്കോളർഷിപ്പും സ്റ്റൈപ്പെന്റുകളും [12] ഇനത്തിൽ 7.5 ലക്ഷം രൂപയും ചെറുകിട മരാമത്ത് പണികൾ [17] ഇനത്തിൽ 50 ലക്ഷം രൂപയും തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ [28] ഇനത്തിൽ 7.3 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 86.09 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-102-98—തൊഴിലഭ്യസന പരിശീലന പദ്ധതി ശക്തിപ്പെടുത്തൽ

നോർക്ക, ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ് എന്നിവയുടെ സഹകരണത്തോടെ ആർ. ഐ. സെന്ററുകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ തുടങ്ങുവാനും ഓരോ ആർ.ഐ. സെന്ററുകളിലും ട്രെയിനികൾക്ക് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്നിവ ആരംഭിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 35

ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4250-00-190-95 —ഇക്വിറ്റി സംഭാവന - കേസ്

KASE-ന്റെ വിവിധ പദ്ധതികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7.1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4250-00-800-98—ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന്റെ സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

ജീവനക്കാർക്ക് ആധുനിക സാങ്കേതിക വിദ്യയിലും കാലാനുസൃതമായി ഡി.ജി.റ്റി പരിഷ്കരിക്കുന്ന പാഠ്യപദ്ധതിയിന്മേലും പരിശീലനം നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4250-00-800-95—പുതിയ ഐ.ടി.ഐ.-കൾ സജ്ജീകരിക്കുന്നു

കരുണാപുരം, ഏലപ്പാറ, വാഴക്കാട്, കുളത്തുപ്പുഴ, പോരുവഴി എന്നിവയാണ് പുതിയ ഐ.ടി.ഐ.-കൾ എന്ന് വകുപ്പുദ്യോഗസ്ഥർ അറിയിച്ചു. പ്രസ്തുത പദ്ധതിക്കായി ആവശ്യപ്പെട്ട തുക പര്യാപ്തമാകുമോ എന്ന ആശങ്ക സമിതി അറിയിച്ചപ്പോൾ അനുവദിക്കപ്പെട്ട തുക ചെലവഴിച്ചതിനുശേഷം അഡീഷണൽ ആതറൈസേഷൻ നൽകാമെന്ന് വകുപ്പുദ്യോഗസ്ഥർ അറിയിച്ചു.

കഴിഞ്ഞ വർഷം അനുവദിച്ച ഐ.ടി.ഐ.-കളുടെ കെട്ടിട നിർമ്മാണത്തിനും ഉപകരണ സംഭരണത്തിനും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-102-99 —വ്യവസായശാല ഡയറക്ടറാഫീസ്

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ നടത്തിപ്പിനായി യാത്രാബത്ത [04(1)] ഓഫീസ് ചെലവുകൾ [05] വാടക, കരം, നികുതി [06], മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] പി.ഒ.എൽ.[45] എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 16.76 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-102-95—<u>ജോലി സുരക്ഷിതത്വവും ആരോഗ്യ പ്രവർത്തനവും</u>

ഈ ശീർഷകത്തിൽ യാത്രാബത്ത [04(1)] ഓഫീസ് ചെലവിനങ്ങൾ [05] മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] പി.ഒ.എൽ.[45] എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക കുറവാകയാൽ 12.53 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-95—<u>വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്</u>

വ്യാവസായിക ട്രിബ്യൂണൽ കോഴിക്കോട് എന്ന സ്ഥാപനത്തിന് വാടക, കരം, നികുതി [06] ഇനത്തിൽ 1.14 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-94—<u>വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം</u>

വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം എന്ന സ്ഥാപനത്തിന് വാടക, കരം, നികുതി [06] ഇനത്തിൽ 10,000 രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-93—<u>തൊഴിൽ കോടതി, കൊല്ലം</u>

തൊഴിൽ കോടതി, കൊല്ലം എന്ന സ്ഥാപനത്തിന് അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 1.5 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ മറ്റിനം [05(4)] ഇനത്തിൽ 1.47 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.97 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-92 —<u>തൊഴിൽ കോടതി, കോഴിക്കോട്</u>

തൊഴിൽ കോടതി, കോഴിക്കോട് എന്ന സ്ഥാപനത്തിന് ശമ്പളം [01(1)] ഇനത്തിൽ 3.35 ലക്ഷം രൂപയും ക്ഷാമബത്ത [01(2)] ഇനത്തിൽ 34.68 ലക്ഷം രൂപയും വീട്ടുവാടക, അലവൻസ് [01(3)] ഇനത്തിൽ 3.35 ലക്ഷം രൂപയും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 1.91 ലക്ഷം രൂപയും വേതനം [02(1)] ഇനത്തിൽ 0.7 ലക്ഷം രൂപയും ക്ഷാമബത്ത [02(2)] ഇനത്തിൽ 0.7 ലക്ഷം രൂപയും മറ്റ് അലവൻസുകൾ [02(3)] ഇനത്തിൽ 0.01 ലക്ഷം രൂപയും യാത്രാബത്ത [04(1)] ഇനത്തിൽ 0.93 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ മറ്റിനങ്ങൾ [05(4)] ഇനത്തിൽ 0.61 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 46.24 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-91—<u>തൊഴിൽ കോടതി, എറണാകുളം</u>

തൊഴിൽ കോടതി, എറണാകുളം എന്ന സ്ഥാപനത്തിന് വൈദ്യുതി ചെലവ് [05(2)] ഇനത്തിൽ 0.15 ലക്ഷം രൂപയും ടെലിഫോൺ ചാർജ്ജ് [05(3)] ഇനത്തിൽ 0.1 ലക്ഷം രൂപയും വാടക, കരം, നികുതി [06] ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-86—<u>വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി</u>

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി എന്ന സ്ഥാപനത്തിന് യാത്രാബത്ത [04(1)] ഇനത്തിൽ 2.12 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 1.45 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ മറ്റിനങ്ങൾ [05(4)] ഇനത്തിൽ 1.27 ലക്ഷം രൂപയും മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 0.23 ലക്ഷം രൂപയും പി.ഒ.എൽ [45] ഇനത്തിൽ 2.52 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 7.59 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-101-80—<u>വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം</u>

വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് വാഹനങ്ങളുടെ വാടക ഇനത്തിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ [97] എന്ന ഇനത്തിൽ 3.6 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-02-001-99—<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നടത്തിപ്പിനായി യാത്രാബത്ത [04(1)] ഇനത്തിൽ 0.5 ലക്ഷം രൂപയും വൈദ്യുതി ചെലവുകൾ [05(2)] ഇനത്തിൽ 5 ലക്ഷം രൂപയും വാടക, കരം, നികുതി [06] ഇനത്തിൽ 10 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 0.1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 15.6 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-02-101-93-33—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തനവും (കൈവല്യ)- സബ്സിഡികൾ

കൈവല്യ പദ്ധതി നടപ്പിലാക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-02-101-92—മൾട്ടിപർപ്പസ് ജോബ് ക്ലബുകൾ

മൾട്ടിപർപ്പസ് ജോബ് ക്ലബുകൾ എന്ന പദ്ധതി മുഖേന സബ്സിഡി നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-02-101-91-33—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ / വേർപിരിഞ്ഞവർ / അവിവാഹിതർ/ വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കുള്ള സ്വയം തൊഴിൽ പദ്ധതി – സബ്സിഡികൾ

ശരണ്യ പദ്ധതി പ്രകാരം വായ്പകൾ അനുവദിക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-02-101-89—പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പെന്റുകളും ഫാക്കൽറ്റികൾക്കുള്ള ഓണറേറിയവും വർദ്ധിപ്പിച്ചതിനാൽ മറ്റു ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 1.479 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6250-60-800-96—രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്ത വിധവകൾ / വിജനമായ / വിവാഹമോചിത / അവിവാഹിതയായ സ്ത്രീ / അവിവാഹിതയായ അമ്മ എന്നിവർക്കുള്ള സ്വയം തൊഴിൽ പദ്ധതി (SARANYA)

ശരണ്യ പദ്ധതി മുഖേന വായ്പ നൽകുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-66-36—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - സഹായധനം - ശമ്പളേതരം

കിലെയിൽ നിലവിലുള്ള സ്കീമുകളിൽ കൂടുതൽ ഗവേഷണ പഠനങ്ങളും പ്രസിദ്ധീകരണങ്ങളും ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-66-31—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് - സഹായധനം - ശമ്പളം

കിലെയിലെ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് ദൈനംദിന ചെലവുകൾക്കും അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 19.35 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-52—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിനെ (KILE) ദേശീയ തലത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ആയി വികസിപ്പിക്കൽ

കിലെ കാമ്പസിനെ ദേശീയ നിലവാരമുള്ള പരിശീലന ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.9999 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-03-101-51—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ (KILE) കോഴിക്കോട് ജില്ലയിലുള്ള പ്രാദേശിക കേന്ദ്രം

കിലെയുടെ പ്രവർത്തനം മലബാർ മേഖലയിലേക്ക് കൂടുതൽ വ്യാപിപ്പിക്കുന്നതിന് കോഴിക്കോട് റീജിയണൽ സെന്റർ ആരംഭിക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14.99 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2230-01-103-10—ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ്സ് (ഒഡെപിസി) ലിമിറ്റഡ്

ഒഡെപെക്കിന്റെ 2021-2022 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നടത്തിപ്പിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ— XVII

4202-02-800-95—ഐ.ടി.ഐ. കെട്ടിടങ്ങൾ-മരാമത്ത് പണികൾ

2018-19 സാമ്പത്തിക വർഷം അനുവദിച്ച പുതിയ ഐ.ടി.ഐ.-കൾക്കും 2020-21 സാമ്പത്തിക വർഷം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള 5 പുതിയ ഐ.ടി.ഐ.-കൾക്കുമുള്ള പശ്ചാത്തല സൗകര്യമൊരുക്കൽ, ട്രെയിനികൾക്ക് ആവശ്യമായ ഉപകരണ സംഭരണം, അന്താരാഷ്ട്ര നിലവാരത്തിലുള്ള കെട്ടിടനിർമ്മാണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11.97 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ — XVIII

2210-01-102-99—ഭരണവിഭാഗം

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ ഉപയോഗത്തിനായി മോട്ടോർ വാഹനങ്ങൾ വാങ്ങൽ 21[1] ഇനത്തിൽ 10 ലക്ഷം രൂപയും വിവരസാങ്കേതികവിദ്യ [99] ഇനത്തിൽ 2.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 12.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2210-01-102-98—ഡിസ്പെൻസറികൾ

ഡിസ്പെൻസറികളിൽ 2021-22 സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 2.34 ലക്ഷം രൂപയും വെള്ളക്കരം [34(1)] ഇനത്തിൽ 10 ലക്ഷം രൂപയും പി.ഒ.എൽ. [45] ഇനത്തിൽ 4 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 16.34 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2210-01-102-96—<u>ഇ.എസ്.ഐ.-യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്</u>

ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികളുടെ 2021-22 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിംഗ്സും [01] ഇനത്തിൽ 19 കോടി രൂപയും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് [04] ഇനത്തിൽ 5 കോടി രൂപയും വാഹനം വാങ്ങൽ [05] ഇനത്തിൽ 0.9999 ലക്ഷം രൂപയും യൂണിറ്റൊന്നിന് 25,000 രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന യന്ത്രോപകരണങ്ങൾ വാങ്ങൽ [07] ഇനത്തിൽ 6 കോടി രൂപയും ഇ.എസ്.ഐ പദ്ധതികൾക്ക് വൈദ്യസുരക്ഷ നൽകുന്നതിന് വേണ്ടിയുള്ള ചെലവ് [12] ഇനത്തിൽ 2.03 കോടി രൂപയും ഉൾപ്പെടെ ആകെ 33.0299 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതി ഉച്ചയ്ക്കുശേഷം 3.35-ന് യോഗം പിരിഞ്ഞു.

## 23-6-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII 2021 ജൂൺ 23-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ഊർജ്ജ വകുപ്പുമന്ത്രിയുമായ ശ്രീ.കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ.എ.കെ.എം. അഷ്റഫ്, എം.എൽ.എ.
2. ശ്രീ. എം.എം. മണി, എം.എൽ.എ.
3. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
4. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
5. ശ്രീ.വാഴൂർ സോമൻ, എം.എൽ.എ.

<u>ഗൂഗിൾ മീറ്റ് മുഖേന പങ്കെടുത്ത അംഗങ്ങൾ</u>

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. കെ.കെ. രാമചന്ദ്രൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയേറ്റ്

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ഹരി വിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ബി. അശോക്, സെക്രട്ടറി, ഊർജ്ജ വകുപ്പ്.
2. ശ്രീമതി റ്റി. നിതാ കുമാരി, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പ്
3. ശ്രീ. പി. കുമാരൻ, ഡയറക്ടർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്
4. ശ്രീ. ആർ. ഹരികുമാർ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ
5. ശ്രീ. സുശീൽ കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്.
6. ശ്രീ. അനീഷ് എസ്. പ്രസാദ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഏജൻസി ഫോർ-നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്)
7. ശ്രീമതി ലേഖ ജി., ചീഫ് ഇന്റേണൽ ഓഡിറ്റർ & കമ്പനി സെക്രട്ടറി, കേരള - സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്
8. ശ്രീ. അനിൽകുമാർ വി. സി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
9. ഡോ. സുഭാഷ് ബാബു ബി. വി., രജിസ്ട്രാർ, എനർജി മാനേജ്മെന്റ് സെന്റർ
10. ശ്രീ. വിനോദ് കുമാർ വി., ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്
11. ശ്രീ. ബിജു ആർ., ഫിനാൻഷ്യൽ അഡ്വൈസർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്.

സമിതി 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXIX-ന്റെ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തു. ചർച്ചയുടെ പൂർണ്ണരൂപം ചുവടെ ചേർക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ—XXXIX (വൈദ്യുത പദ്ധതികൾ)

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പദ്ധതികൾക്കുവേണ്ടി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1093.75 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും 2019-20-ൽ 292 കോടി വകയിരുത്തിയതിൽ 17 കോടിയും

2020-21-ൽ 478 കോടി രൂപ വകയിരുത്തിയതിൽ 30 കോടി രൂപയുമാണ് റിലീസ് ചെയ്തതെന്നും ഇത്തവണ വകയിരുത്തിയിട്ടുള്ള തുക മുഴുവനും അനുവദിക്കണമെന്നും കെ.എസ്.ഇ.ബി.എൽ വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

നബാർഡിൽ നിന്നും അനുവദിക്കുന്ന തുക കെ.എസ്.ഇ.ബി.എൽ-ന് ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ നബാർഡ് 4% പലിശയ്ക്ക് വായ്പ അനുവദിച്ചിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.എൽ ജോലി നടപ്പിലാക്കിയ ശേഷം തുക റീ-ഇംബേഴ്സ്മെന്റിനായി ഗവൺമെന്റിലേക്ക് അയയ്ക്കുമ്പോൾ നബാർഡിൽ നിന്ന് പ്രസ്തുത തുക ഗവൺമെന്റിന് ലഭിക്കുമെന്നും പലപ്പോഴും ബഡ്ജറ്റിൽ തുക വകയിരുത്താത്തതുകൊണ്ട് ഗവൺമെന്റിൽ നിന്നും തുക കെ.എസ്.ഇ.ബി.എൽ-ന് റിലീസ് ചെയ്ത് നൽകാറില്ലെന്നും ഉദ്യോഗസ്ഥർ സമിതിയെ ബോധ്യപ്പെടുത്തി.

ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ-ന്റെ ഭാഗത്തു നിന്നുണ്ടായ ശ്രമങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ആയതിനായി ശ്രമിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക പ്രതിസന്ധിമൂലം തുക റിലീസ് ചെയ്യാൻ കാലതാമസം വരാറുണ്ടെന്ന് വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

2801-80-101-99—വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ഫിക്സ് ചെയ്യുന്ന താരിഫ് വർദ്ധനയിൽ നിന്നും ചില വിഭാഗക്കാരെ സർക്കാർ ഒഴിവാക്കുമ്പോൾ താരിഫിൽ ഉണ്ടാകുന്ന കുറവ് അഡ്വാൻസ് സബ്സിഡിയായി നൽകണമെന്ന വ്യവസ്ഥപ്രകാരം ഗവൺമെന്റ് ഒരു മാസം 32 കോടിയോളം രൂപ കെ.എസ്.ഇ.ബി.എൽ-ന് നൽകുന്നതിനുപകരം ബോർഡ് സർക്കാരിനു നൽകേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി തട്ടിക്കിഴിക്കുകയാണ് ചെയ്യുന്നതെന്നും കെ.എസ്.ഇ.ബി.എൽ- ന്റെ കണക്കുകളിൽ ഇത് കൃത്യമായി വരവ് വയ്ക്കുന്നുണ്ടെങ്കിലും സർക്കാർ തലത്തിൽ പ്രൊഫോർമ അഡ്ജസ്റ്റ്മെന്റ് പലപ്പോഴും നടക്കുന്നില്ലെന്നും 2020 വരെയുള്ള കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് ചെയ്തിട്ടുണ്ടെന്നും ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ അഡ്ജസ്റ്റ് ചെയ്യുന്ന തുകയായതുകൊണ്ട് ധനകാര്യ വകുപ്പ് ഇത് ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നില്ലായെന്നും ബഡ്ജറ്റിലെ നോൺ പ്ലാൻ ഇനത്തിൽ ഇത് ഉൾപ്പെടുത്തി തുക വർദ്ധിപ്പിച്ച് നൽകണമെന്നും വകുപ്പുദ്യോഗസ്ഥർ സമിതിയോട് ആവശ്യപ്പെട്ടു.

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതു മൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി 2021-22 വർഷത്തിൽ തുടരുന്നതിന് 768.24 കോടി

രൂപയും 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയത് മൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി 2021-22-ൽ തുടരുന്നതിന് 80 ലക്ഷം രൂപയും ഉൾപ്പെടെ 769.04 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2801-80-101-92—കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതി തള്ളിയതു മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിതള്ളിയത് മൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായത്തിനായി 52.4 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2801-80-101-91—നവീകരണ നിധി (ഊർജ്ജ സമ്പാദ്യ ഏകോപന സമിതി)

ഇ.ആർ.പി, ടൈഡൽ വേവ് എനർജി, സ്മാർട്ട് ഗ്രിഡ് കൊച്ചി, വി.ജി.എഫ് പെൻഡിംഗ്, മറ്റ് പുനരാവർത്തക പദ്ധതികൾ തുടങ്ങിയവയ്ക്കും ട്രാൻസ്മിഷൻ ലൈനുകളുടെ അറ്റകുറ്റപ്പണികൾ പെട്ടെന്ന് കണ്ടെത്തുന്നതിന് ഡ്രോൺ വാങ്ങുന്നതിനും മറ്റുമായി നവീകരണ നിധിയിനത്തിൽ കൂടുതൽ തുക ആവശ്യമുണ്ടെന്ന് സമിതിയെ അറിയിച്ചു.

2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ പൂർത്തിയാക്കിയ ഇന്നോവേഷൻ & എസ്കോട്ട് പ്രവർത്തികൾക്കായി 12.500054 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2801-80-190-99—നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾ

എം.എൽ.എ. ഫണ്ട് അനുവദിക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡ് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞതിന് നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും ഭരണപരമായ അനുമതിയും ലഭ്യമായശേഷം കെ.എസ്.ഇ.ബി.-എൽ ചെയ്യുന്ന പ്രവൃത്തികൾക്ക് ധനകാര്യവകുപ്പാണ് ഫണ്ട് അനുവദിക്കുന്നതെന്നും ആസ്തി വികസനം സംബന്ധിച്ച ചെലവുകൾക്കായി മുൻകൂറായി ലഭിക്കുന്ന തുക എം.എൽ.എ.-മാരുടെ

സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും കളക്ടർ റിലീസ് ചെയ്തുകൊടുക്കുന്നതാണെന്നും ഭരണാനുമതി ലഭ്യമായശേഷം വൈദ്യുതി ബോർഡ് നടത്തിയ പ്രവൃത്തികൾക്ക് 3.78 കോടി രൂപ ചെലവായിട്ടുണ്ടെന്നും ബഡ്ജറ്റിൽ ഒരു കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും മുൻ വർഷങ്ങളിൽ ബഡ്ജറ്റിൽ തുക വകയിരുത്താത്തതുകൊണ്ട് ഫണ്ട് ലഭ്യമായിട്ടില്ലായെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ എല്ലാ മണ്ഡലങ്ങളിലും പൂർത്തീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ 11 പ്രവർത്തികൾക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4801-80-101-98—<u>നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം</u>

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.616445 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2801-80-101-83—<u>ഇടമൺ -കൊച്ചി സെക്ടറിലെ 400 കെ.വി. ട്രാൻസ്മിഷൻ ലൈനിനു വേണ്ടിയുള്ള നഷ്ടപരിഹാര പാക്കേജ്</u>

2015-ലെ G.O.(MS)No.29/2015/PD dated, Thiruvananthapuram, 30-7-2015 ഉത്തരവ് വഴി പ്രഖ്യാപിച്ച നഷ്ടപരിഹാര പാക്കേജ് അടിസ്ഥാനമാക്കി പണി പുനരാരംഭിച്ച ഇടമൺ-കൊച്ചി 400 കെ.വി. ട്രാൻസ്മിഷൻലൈൻ വലിക്കുന്നതിനുള്ള നഷ്ടപരിഹാരത്തിൽ ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട തുകയായ 128 കോടി രൂപയിൽ 3 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 125 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2018-19 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ താഴെപ്പറയുന്ന പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ശീർഷകം പുനഃസ്ഥാപിച്ച് താഴെപ്പറയും പ്രകാരം തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6801-00-190-85—<u>ജലവൈദ്യുത പദ്ധതികൾ / സോളാർ പദ്ധതികൾ</u>

ജലവൈദ്യുത പദ്ധതികൾ / സോളാർ പദ്ധതികൾ എന്നിവയുടെ വിശദാംശങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ അപ്പർകല്ലാർ-2MW, പെരുവണ്ണാമൂഴി-6MW എന്നീ 2 ജലവൈദ്യുത പദ്ധതികളും 4 സോളാർ പദ്ധതികളുമടക്കം ആകെ 6 പദ്ധതികളാണുള്ളതെന്നും സോളാർ പദ്ധതികൾ പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സർക്കാരിലേക്ക് നൽകിയിട്ടുണ്ടെന്നും അപ്പർ കല്ലാർ ജലവൈദ്യുത പദ്ധതി രണ്ട് മാസത്തിനകം കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും പെരുവണ്ണാമൂഴി ജലവൈദ്യുത പദ്ധതിയുടെ പ്രവൃത്തി നല്ലരീതിയിൽ പുരോഗമിക്കുന്നുണ്ടെന്നും സോളാർ പദ്ധതികളിൽ നിന്നും വൈദ്യുതി ഉത്പാദനം തുടങ്ങിയിട്ടുണ്ടെന്നും ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങൾ ധാരാളമുള്ളതിനാൽ അപ്പർ കല്ലാർ പദ്ധതിയുടെ ആദ്യ ഘട്ടത്തിന് കുറച്ച് കാലതാമസം വന്നുവെന്നും എന്നിരുന്നാലും അപ്പർ കല്ലാർ പദ്ധതിയിൽ നിന്നും രണ്ട് മൂന്ന് മാസത്തിനുള്ളിൽ വൈദ്യുതി ഉത്പാദിപ്പിക്കുവാൻ സാധിക്കുമെന്നും വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. വൈദ്യുത പദ്ധതികളെല്ലാം സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി കൃത്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് ബഹു. സമിതി ചെയർമാൻ അറിയിച്ചു.

ചെറുകിട ജലവൈദ്യുത പദ്ധതി/സോളാർ പദ്ധതി സ്ഥാപിക്കുന്നതിനുള്ള വായ്പയ്ക്കായി കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് ചെലവായ തുക നൽകുന്നതിന് (പഴയ ശീർഷകം 6801-00-190-85)(പ്ലാൻ) 87.8963 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4801-80-101-99—<u>മുട്ടത്തറ സബ് സ്റ്റേഷൻ</u>

തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 110 കെ.വി സബ് സ്റ്റേഷൻ നിർമ്മാണത്തിനായി 2015-16-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി തുക അനുവദിച്ചുവെങ്കിലും ഭൂമി കൈമാറാത്തതിനാൽ തുക തിരിച്ചടയ്ക്കേണ്ടിവന്നുവെന്നും 28-5-2020-ൽ പദ്ധതി പൂർത്തീകരിച്ചെങ്കിലും സർക്കാർ വിഹിതം ഇതുവരെ ലഭ്യമായിട്ടില്ലെന്നും ആയതിനാൽ അധികതുക അനുവദിക്കണമെന്നും ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടു.

തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലെ 110 കെ.വി സബ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരണത്തിന് സംസ്ഥാന വിഹിതം - (പഴയ ശീർഷകം 4801-80-101-99-മുട്ടത്തറ സബ്സ്റ്റേഷൻ) (പ്ലാൻ) ആയി 41.6319 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതി മുമ്പാകെ ലഭ്യമാക്കുന്ന കുറിപ്പുകളിലെ ചില കോളങ്ങളിൽ തുക മാറിയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടിയ സമിതി പ്രസ്തുത കുറിപ്പ് അയയ്ക്കുന്നതിന് മുമ്പ് ഉത്തരവാദിത്തപ്പെട്ടവർ പരിശോധിക്കാത്തതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നതെന്ന്

വിലയിരുത്തുകയും ഇത്തരത്തിലുള്ള നിരുത്തരവാദപരമായ സമീപനം സ്വീകരിച്ചതിന്റെ കാരണമെന്തെന്ന് ഉദ്യോഗസ്ഥരോട് ആരായുകയും ചെയ്തു.

സമാഹരിച്ച വിവരങ്ങൾ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കുകയും വകുപ്പ് മറ്റ് വിവരങ്ങൾ കൂടി ശേഖരിച്ച് നിയമസഭാ സെക്രട്ടേറിയറ്റിലേയ്ക്ക് നേരിട്ട് അയയ്ക്കുകയുമാണ് ചെയ്തതെന്നും മേലിൽ സമിതിക്ക് ലഭ്യമാക്കുന്ന വിവരങ്ങൾ ആവർത്തിച്ച് പരിശോധിക്കുന്നതാണെന്നും ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കാൻ ശ്രമിക്കുമെന്നും വകുപ്പുദ്യോഗസ്ഥർ സമിതിക്ക് ഉറപ്പുനൽകി.

ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ) സംസ്ഥാന വിഹിതം (പഴയ ശീർഷകം 2801-80-101-87) (പ്ലാൻ) ആയി 48.30 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്സ്.) സംസ്ഥാന വിഹിതം (പഴയ ശീർഷകം 2801-80-101-86) (പ്ലാൻ) ആയി 59.21 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

RGGVY - സംസ്ഥാന വിഹിതം (പഴയ ശീർഷകം 2801-80-101-90) (പ്ലാൻ) ആയി 2.44 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സംസ്ഥാനത്തെ ബി.പി.എൽ വിഭാഗത്തിൽ വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ ഉപഭോക്താക്കളുടെ സുരക്ഷ മുൻനിർത്തി അവരുടെ വീടുകളിൽ ELCB സംവിധാനം സൗജന്യമായി നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന 30,000 കുടുംബങ്ങൾക്ക് ELCB ഏർപ്പെടുത്തുന്നതിന് പുതിയ ശീർഷകം അനുവദിച്ച് ആയതിലേക്ക് 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2810-00-800-99—<u>ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട് ധനസഹായം )</u>

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ശമ്പളം, ശമ്പളകുടിശ്ശിക, യാത്രാചെലവ്, വാടകകൾ, ഓഫീസ് ചെലവ് എന്നിവ ഉൾപ്പെടെയുള്ള ഭരണചെലവുകൾക്കായി 7.1627 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2810-00-800-93—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

എനർജി മാനേജ്മെന്റ് സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ദൈനംദിന ചെലവുകൾക്കും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5428 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതി 2021 ജൂലൈ 1, 2 തീയതികളിൽ ഇടുക്കി ജില്ലയിലെ മൂലമറ്റം പവർഹൗസ്, PETARC (Power Engineers Training and Research centre) ഇടുക്കി ഡാം, പള്ളിവാസൽ ഡാം എന്നിവ സന്ദർശിക്കാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.10-ന് പിരിഞ്ഞു.

## 30-6-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII 2021 ജൂൺ 30-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ഊർജ്ജ വകുപ്പുമന്ത്രിയുമായ ശ്രീ.കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗവും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. എ.കെ.എം. അഷ്റഫ്, എം.എൽ.എ.
2. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
3. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
4. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

<u>ഗൂഗിൾ മീറ്റ് മുഖേന പങ്കെടുത്ത അംഗങ്ങൾ</u>

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. എം. എം. മണി, എം.എൽ.എ.
3. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയേറ്റ്</u>

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഹരി വിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി .

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. ചിത്ര എസ്., കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്
2. ശ്രീ. ഡി. ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
3. ശ്രീമതി ശ്രീകല സി. എസ്., അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
4. ശ്രീ. ഉദയൻ സി. സി., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് & ഫിനാൻസ് ഓഫീസർ, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്
5. ശ്രീമതി എൻ. കെ. ചന്ദ്ര, ജോയിന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
6. ശ്രീ. വി. ആർ. പ്രേംകുമാർ, ഡയറക്ടർ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് & എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്
7. ഡോ. സുധീർ ബാബു പി. കെ., ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ട്മെന്റ്
8. ശ്രീ. അനൂപ് കെ. എ., മാനേജിംഗ് ഡയറക്ടർ, ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ഒഡെപെക്)
9. ശ്രീ. പ്രമോദ് പി., ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്
10. ശ്രീ. അരുൺ ബി., ജോയിന്റ് കമ്മീഷണർ (പ്ലാനിംഗ്), ലേബർ കമ്മീഷണറേറ്റ്
11. ശ്രീ. റ്റൂസി ആർ. എസ്., അണ്ടർ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
12. ശ്രീ. പി. വി. രാജീവൻ, ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്
13. ശ്രീ. കെ. സി. ബിനു, ഫിനാൻസ് ഓഫീസർ, ഇൻഷ്യൂറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ട്മെന്റ് .

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥൻ

ശ്രീ. ബി. അശോക്, സെക്രട്ടറി, ഊർജ്ജവകുപ്പ്.

സമിതി, 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട്, 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ

ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ, കാലതാമസപത്രികകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളോടെ അംഗീകരിക്കുകയും ചെയ്തു. ചർച്ചയുടെ പൂർണ്ണരൂപം ചുവടെ ചേർക്കുന്നു.

I. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട്

(ഫയൽ നമ്പർ 9147/സബ്.സി.സി1/2021/നി.സെ.)

സമിതി, 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 76-ൽ നാലാമത്തെ വരിയിൽ 'ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട തുകയായ 128 കോടി രൂപയിൽ 3 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു ' എന്നതിനുപകരം " ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട തുകയായ 128 കോടി രൂപയിൽ 3 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ " എന്ന് മാറ്റം വരുത്താൻ തീരുമാനിച്ചു.

II. 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 8677/സബ്.സി.സി1/2021/നി.സെ.)

III. 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് അംഗീകരിച്ചു.

(ഫയൽ നമ്പർ 8678/സബ്.സി.സി1/2021/നി.സെ.)

IV. സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ

**തൊഴിലും നൈപുണ്യവും വകുപ്പ്**

1. 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ട് തുടർനടപടികൾ സംബന്ധിച്ച്

(ഫയൽ നമ്പർ2051/സബ്.സി.സി1/2018/നി.സെ.)

തൊഴിലും നൈപുണ്യവും വകുപ്പ് 21-1-2021-ലെ LBRD-E3/118/2019-LBRD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നം. 10 സംബന്ധിച്ച അധികവിവരം സമിതി അംഗീകരിച്ചു.

2. ഒഡെപെക്കിനെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(ഫയൽ നമ്പർ 3857/സബ്.സി.സി1/2018/നി.സെ.)

തൊഴിലും നൈപുണ്യവും (G) വകുപ്പിന്റെ 17-3-21-ലെ നം. LBRD-G2/203/2018-LBRD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നം. 7, 8, 19, 20, 21, 22 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

**ഊർജ്ജ വകുപ്പ്**

3. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ ഇടുക്കി പവർഹൗസ് ഉൾപ്പെടെ വൻകിട ചെറുകിട വൈദ്യുത ഉത്പാദന പ്രസരണ വിതരണ മേഖലയിൽ വൈദ്യുതി വകുപ്പിനുണ്ടായ നഷ്ടങ്ങളുടെ അവലോകനം

(ഫയൽ നമ്പർ 5113/സബ്.സി.സി1/2018/നി.സെ.)

ഊർജ്ജ (സി) വകുപ്പിൽ നിന്നും 24-3-20-ന് ലഭ്യമായ 291/സി1/18/ഊ.വ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നം. 18, 19, 23 എന്നിവയിലെ ശിപാർശിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു. ഖണ്ഡിക 22-ലെ നടപടി സ്റ്റേറ്റ്മെന്റിൽ ചുവടെ ചേർത്തിരിക്കുന്ന അധികവിവരംകൂടി ഉൾപ്പെടുത്തണമെന്ന് ബഹു. സമിതി ചെയർമാൻ നിർദ്ദേശിച്ചു.

1. ചാലക്കുടി പുഴയിലെ പ്രളയജലം നിയന്ത്രിക്കുന്നതിനും പ്രളയംമൂലം പെരിങ്ങൽകുത്ത് ഡാമിനുണ്ടാകുന്ന തകരാറുകൾ ലഘൂകരിക്കുന്നതിനും പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി പഞ്ചായത്തിനുകീഴിൽ കാരപ്പാറയിൽ ഒരു ഡാം പണിത് ജലം ഭാരതപ്പുഴ ബേസിനിലേയ്ക്ക് തിരിച്ചുവിടുന്നതിനുള്ള ഡി.പി.ആർ. സമർപ്പിക്കുവാൻ 'ടാറ്റാ കൺസൾട്ടൻസി സർവ്വീസസ്സിനെ' ചുമതലപ്പെടുത്തുകയും ആയതിന്റെ തുടർപ്രവർത്തനങ്ങൾ നടന്നുവരുകയും ചെയ്യുന്നു.

2. പ്രളയം മൂലം പെരിങ്ങൽകുത്ത് ഡാമിന് കേടുപാടുകൾ സംഭവിക്കുന്നതിന് ഒരു പരിഹാരം എന്ന നിലയ്ക്ക് പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയുടെ ശേഷി 48 മെഗാവാട്ടിന് പുറമെ 24 മെഗാവാട്ട് അധികമായി ഉല്പാദിപ്പിക്കാനുള്ള പദ്ധതിയുടെ പൂർത്തീകരണം ഈ സാമ്പത്തിക വർഷം തന്നെ നടക്കും. ഇതുമൂലം അധികജലം

പെൻസ്റ്റോക്ക് വഴി തിരിച്ചുവിട്ട് ഡാമിനെ സംരക്ഷിക്കാൻ കഴിയും. മാത്രമല്ല, ഭാവിയിൽ 24 മെഗാവാട്ടിന്റെ അധികശേഷി വർദ്ധനവിനും പ്രൊവിഷൻ നൽകിയിട്ടുണ്ട്.

ചാലക്കുടിപ്പുഴയുടെ കാര്യത്തിൽ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതിയംഗം ആരാഞ്ഞപ്പോൾ ചാലക്കുടി പുഴയിലെ പ്രളയജലം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കാനായി ജലസേചന വകുപ്പ് ടാറ്റാ കൺസൾട്ടൻസി സർവ്വീസസിനെ ചുമതലപ്പെടുത്തുകയും തുടർപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണെന്ന് ബഹു. സമിതി ചെയർമാൻ അറിയിച്ചു. ചാലക്കുടി പുഴയിലെ വെള്ളപ്പൊക്കം ആലുവ ഭാഗത്തെ ജനങ്ങളെയും ബാധിക്കുന്ന വിഷയമായതിനാൽ ആയതിന് ശാശ്വത പരിഹാരം കാണണമെന്ന് സമിതിയംഗം അഭിപ്രായപ്പെട്ടു.

2018-ലേയും 2019-ലേയും വെള്ളപ്പൊക്കത്തിന്റെ അടിസ്ഥാനത്തിൽ ജലസേചന വകുപ്പ് അഞ്ച് ഡാമിന്റെ പ്രൊപ്പോസൽ തയ്യാറാക്കിയിരുന്നെങ്കിലും അതിന്റെ സാദ്ധ്യതാപഠനം നടത്താനുള്ള തീരുമാനമായിട്ടില്ലെന്നും ഇപ്പോൾ പറമ്പിക്കുളത്തിനുതാഴെ കുരിയാർക്കുറ്റിയിൽ ചാലക്കുടി പുഴയുടെ മുകളിലായി ഒരു ഡാം പണിത് ചാലക്കുടി പുഴയിലേയ്ക്ക് വരുന്ന വെള്ളത്തിന്റെ ഒഴുക്ക് നിയന്ത്രിക്കാനും അധികജലം ഭാരതപ്പുഴയിലേയ്ക്ക് തിരിച്ചുവിട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുമാണ് തീരുമാനിച്ചിരിക്കുന്നതെന്നും ഇപ്പോൾ പ്രശ്നങ്ങളൊക്കെ പരിഹരിക്കുകയും പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ ഏകദേശം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ഊർജ്ജവകുപ്പിനെക്കൂടി സഹകരിപ്പിച്ചുകൊണ്ടാണ് പദ്ധതി തയ്യാറാക്കുന്നതെന്നും ബഹു. സമിതി ചെയർമാൻ അറിയിച്ചു.

ജലസേചന വകുപ്പ് തയ്യാറാക്കിയിരിക്കുന്ന പദ്ധതി ഊർജ്ജ വകുപ്പിന്റെ സഹകരണത്തോടുകൂടി ചെയ്യുന്നതുകൊണ്ട് വൈദ്യുതി ബോർഡിന് എന്തെങ്കിലും പ്രയോജനമുണ്ടോയെന്ന് പരിശോധിക്കണമെന്ന് സമിതിയംഗം ചൂണ്ടിക്കാണിച്ചപ്പോൾ ഇതു സംബന്ധിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണെന്ന് ബഹു. സമിതി ചെയർമാൻ അറിയിച്ചു. തുടർന്ന് ഖണ്ഡിക 22-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

4. <u>2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാം മത് റിപ്പോർട്ട് -തുടർ നടപടികൾ സംബന്ധിച്ച്.</u>

(ഫയൽ നമ്പർ 3181/സബ്.സി.സി1/2019/നി.സെ)

തൊഴിലും നൈപുണ്യവും (ജി) വകുപ്പ് 24-3-2021-ലെ നം.G1/86/2019 - തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നം. 37, 38, 39, 42, 43 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

5. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാം മത് റിപ്പോർട്ട് -തുടർ നടപടികൾ സംബന്ധിച്ച്.

(ഫയൽ നമ്പർ 1999/സബ്.സി.സി1/2020/നി.സെ)

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് 1-3-2021-ലെ LBRD-E3/62/2020-LBRD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 3 സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് 31-3-2021-ലെ D1/102/2020/ തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 10, 17 എന്നിവ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് 5-3-2021-ലെ D2/250/ 2020/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 14, 19, 20,22 എന്നിവ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഊർജ്ജ (എ) വകുപ്പ് 6-5-2021-ലെ എ 1/201/2020/ഊ.വ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നം. 77 സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

തൊഴിലും നൈപുണ്യവും (ജെ) വകുപ്പ് 29-6-2021-ലെ ജെ1/281/2020/ തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 18 സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് 29-6-2021-ലെ നമ്പർ സി4/118/ 2020/തൊഴിൽ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 24-40, 62 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ് 28.06.2021-ലെ നമ്പർ LBRD-F1/98/2020-LBRD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക നമ്പർ 63 മുതൽ 65 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാം മത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഊർജ്ജ വകുപ്പ് മറുപടി ലഭ്യമാക്കാത്തതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് സെക്ഷനിൽ ഉദ്യോഗസ്ഥർ

കുറവായതിനാൽ കുറച്ച് സാവകാശം നൽകണമെന്ന് വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. മറുപടി നൽകാൻ കാലതാമസം വരുത്തുന്നത് സംബന്ധിച്ച് സെക്രട്ടറി പരിശോധിക്കേണ്ടതാണന്ന് അഭിപ്രായപ്പെട്ട സമിതി കാലതാമസ പത്രിക ഉൾപ്പെടെ എന്നത്തേക്ക് മറുപടി നൽകാൻ സാധിക്കുമെന്ന് ആരാഞ്ഞപ്പോൾ ഒരാഴ്ചയ്ക്കുള്ളിൽ നൽകാമെന്ന് വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

V. സമിതിയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളെ സംബന്ധിച്ച കാലതാമസപത്രികകൾ

വാർഷിക പ്രവർത്തന റിപ്പോർട്ടുകളെ സംബന്ധിച്ച ചുവടെ ചേർക്കുന്ന കാലതാമസപത്രികകൾ സമിതി അംഗീകരിച്ചു.

1. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് (2019-20)

(ഫയൽ നമ്പർ454/സബ്.സി.സി1/2020/നി.സെ)

സർക്കാർ കത്ത് നമ്പർ R3/30/2020/തൊഴിൽ 2-2-2021

2. 4810-00-800-99-PV
2810-00-800-94-PV } (2019-20)
2810-00-800-79-PV

(ഫയൽ നമ്പർ 454/സബ്.സി.സി1/2020/നി.സെ)

സർക്കാർ കത്ത് നമ്പർ PWR-A3/64/2020-POWER- തീയതി 12-3-2021

3. വ്യാവസായിക പരിശീലന വകുപ്പ് (2019-20)

(ഫയൽ നമ്പർ.454/സബ്.സി.സി1/2020/നി.സെ)

സർക്കാർ കത്ത് നമ്പർ C4/42/2010/തൊഴിൽ തീയതി 31-3-2021

4. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് (2019-20)

(ഫയൽ നമ്പർ454/സബ്.സി.സി1/2020/നി.സെ)

സർക്കാർ കത്ത് നമ്പർ ആ 2/60/2020-LBRD തീയതി 3-5-2021

5. ലേബർ കമ്മീഷണറേറ്റ് (2018-19)

(ഫയൽ നമ്പർ143/സബ്.സി.സി1/2019/നി.സെ)

സർക്കാർ കത്ത് നമ്പർ D1/218/2019/തൊഴിൽ തീയതി 30-1-2021

6. കേരള ഷോപ്പ്സ് & എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് (2018-19)

(ഫയൽ നമ്പർ143/സബ്.സി.സി1/2019/നി.സെ)

സർക്കാർ കത്ത് നമ്പർ R1/115/2020/തൊഴിൽ 3-4-2021

എംപ്ലോയ്മെന്റ് എബിലിറ്റി സെന്ററിന്റെ പ്രവർത്തനത്തെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ എല്ലാ വർഷവും ഫെബ്രുവരി മാസത്തോടെ എംപ്ലോയ്മെന്റ് എബിലിറ്റി സെന്റർ മുഖേന കോളേജുകളിലെ അവസാനവർഷ വിദ്യാർത്ഥികൾക്ക് സഹായകരമായ രീതിയിൽ വിവിധ കമ്പനികളിലേയ്ക്ക് ജോബ് റിക്രൂട്ട്മെന്റ് നടത്തിവരുന്നുണ്ടെന്ന് വകുപ്പുദ്യോഗസ്ഥർ മറുപടി നൽകിയതിന് ആയത് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ലെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നതെന്നും അതിന്റെ ഇപ്പോഴത്തെ അവസ്ഥ മാറ്റിയെടുക്കണമെന്നും ഓരോ കമ്പനിക്കും ആവശ്യമായത് എന്താണെന്ന് മനസ്സിലാക്കിയുള്ള ട്രെയിനിംഗ് ലഭ്യമാക്കുന്നതിന് ശ്രമിക്കണമെന്നും ചിറ്റൂരിലെ എംപ്ലോയ്മെന്റ് എബിലിറ്റി സെന്റർ മുഖേന 2500-ലേറെ പേർക്ക് ഇതുവരെ പ്ലെയ്സ്മെന്റ് നൽകിയിട്ടുണ്ടെങ്കിലും ആയത് ശക്തിപ്പെടുത്തിയാൽ ധാരാളം ആളുകൾക്ക് തൊഴിൽ ലഭിക്കുന്നതാണെന്നും ഇതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ഒരു യോഗം വിളിച്ചുകൂട്ടുന്നത് ഉചിതമായിരിക്കുമെന്നും ബഹു. സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു. ഇതുസംബന്ധിച്ച് യോഗം വിളിച്ചുകൂട്ടുന്നതാണെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി ഉറപ്പ് നൽകി. കർഷകത്തൊഴിലാളികൾക്ക് അധിവർഷ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതയംഗം ചൂണ്ടിക്കാട്ടിയപ്പോൾ അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി അറിയിച്ചു.

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു.

## 20-9-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2021 സെപ്തംബർ 20-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
2. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ.

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗം:</u>

ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ബി. അശോക്, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് - ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ)
2. ശ്രീമതി മിനി ജോർജ്ജ്, ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി), കെ.എസ്.ഇ.ബി.എൽ
3. ശ്രീ. ആർ. ഹരികുമാർ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ
4. ശ്രീ. രാജ്കുമാർ എസ്., ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ഐ.ടി.), കെ.എസ്.ഇ.ബി.എൽ
5. ശ്രീ. നരേന്ദ്ര നാഥ് വേലൂരി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി & റൂറൽ ടെക്നോളജി (അനെർട്ട്)
6. ശ്രീമതി ശ്രീജ വി., ജോയിന്റ് സെക്രട്ടറി, ഊർജ്ജവകുപ്പ്
7. ശ്രീ. സുഭാഷ് ബാബു ബി. വി., രജിസ്ട്രാർ, എനർജി മാനേജ്മെന്റ് സെന്റർ .

അനെർട്ടിന്റെ ശാക്തീകരണത്തിനായി സ്വീകരിച്ച പ്രവർത്തനങ്ങൾ, ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി EMC നടത്തിവരുന്ന പ്രവർത്തനങ്ങൾ, വൈദ്യുതി ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങളും നിർമ്മാണ / അറ്റകുറ്റ പ്രവൃത്തികൾക്കിടെയുണ്ടാകുന്ന അപകടങ്ങളും തടയാനുള്ള മുൻകരുതലുകൾ എന്നീ വിഷയങ്ങൾ സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. <u>അനെർട്ടിന്റെ ശാക്തീകരണത്തിനായി സ്വീകരിച്ച പ്രവർത്തനങ്ങളുടെ അവലോകനം</u>

അനെർട്ട് ഇതുവരെ 36.7 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ വിവിധ സ്ഥലങ്ങളിലായി സ്ഥാപിച്ചിട്ടുണ്ടെന്നും 2018 വരെ 15,299 വീടുകളിലായി 29.12 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും കൂടാതെ 2 മെഗാവാട്ട് ശേഷിയുള്ള സംസ്ഥാനത്തെ ആദ്യത്തെ ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റ് കുഴൽമന്ദത്ത് സ്ഥാപിച്ച് കഴിഞ്ഞ അഞ്ച് വർഷമായി ഊർജ്ജോല്പാദനം നടത്തിവരുന്നുണ്ടെന്നും അട്ടപ്പാടി മേഖലയിൽ 70 മെഗാവാട്ടിന്റെ കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകിയിട്ടുണ്ടെന്നും ഇടുക്കി ജില്ലയിലെ 300 ഏക്കർ സ്ഥലത്ത് സൗരോർജ്ജവും കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയ അക്ഷയ ഊർജ്ജ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ആദ്യഘട്ടമായ 500KW സൗരോർജ്ജ നിലയത്തിന്റെ നിർമ്മാണം ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതിയെ അറിയിച്ചു.

കാറ്റാടിയന്ത്രങ്ങളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ഇടുക്കി ജില്ലയിലെ പുഷ്പകണ്ടത്ത് 200 ഏക്കറിലും രാമക്കൽമേട്ടിൽ 100 ഏക്കറിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും പ്രസ്തുത പ്രോജക്ട് ആരംഭിക്കുവാൻ കാലതാമസം വന്നതിന്റെ ഫലമായി കുറച്ച് ഭൂമിക്ക് പട്ടയം നൽകിയതിനാൽ സർവ്വേ നടത്തി ബാക്കി ഭൂമി കൂടി കണ്ടെത്തി ഒരു മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതാണെന്നും അവിടെ 500 കിലോവാട്ടിന്റെ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തിയായി കഴിഞ്ഞുവെന്നും അനെർട്ട് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഏറ്റവും സാധ്യതയുള്ള സ്ഥലത്താണ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുവാൻ ശ്രമിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാണിച്ചപ്പോൾ വിൻഡ്-സോളാർ ഹൈബ്രിഡാണ് ഇവിടെ സ്ഥാപിക്കുന്നതെന്നും മലയോരപ്രദേശങ്ങളിൽ സോളാർ പാനലുകളും മറ്റ് അനുയോജ്യമായ സ്ഥലങ്ങളിൽ വിൻഡ് മില്ലുകളും സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും രാമക്കൽമേട്ടിൽ നിന്നും 5 മെഗാവാട്ട് വരെ വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഇതുസംബന്ധിച്ച പഠനമെല്ലാം പൂർത്തിയായിക്കഴിഞ്ഞുവെന്നും, വഴിയുടെ പ്രശ്നം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും പ്രശ്നം പരിഹരിച്ചാൽ ഉടൻതന്നെ പ്രോജക്ട് നടപ്പാക്കാൻ സാധിക്കുമെന്നും അനെർട്ട് ഉദ്യോഗസ്ഥൻ വിശദമാക്കി. വഴിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായിട്ടുള്ള ലാൻഡ് അക്വിസിഷൻ നടപടികളുടെ വിശദാംശങ്ങളെ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ 2011-ൽ പട്ടയം ലഭിച്ച സ്ഥലമുടമയുമായി ചർച്ച നടത്തി പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്ന് അനെർട്ട് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

പ്രോജക്ട് സൈറ്റിൽ നിന്നും മെയിൻ റോഡ് വരെ 8 മീറ്റർ വീതിയിൽ വഴിയുണ്ടെങ്കിലും റോഡിനോട് ചേർന്നുള്ള സ്ഥലത്തിന് പഞ്ചായത്ത് പട്ടയം നൽകിയിരിക്കുകയാണെന്നും അവിടെ 3 മീറ്റർ വീതി മാത്രമാണുള്ളതെന്നും ഇതിലൂടെ സാധനങ്ങൾ സൈറ്റിൽ എത്തിക്കുവാൻ ബുദ്ധിമുട്ടാണെന്നും പ്രസ്തുത സ്ഥലത്ത് ഒരു വീട് സ്ഥിതിചെയ്യുന്നുണ്ടെങ്കിലും അതിന്റെ ഉടമസ്ഥൻ പാലായിലാണ് താമസിക്കുന്നതെന്നും ഉയർന്ന നഷ്ടപരിഹാരം നൽകാമെന്ന് പഞ്ചായത്ത് അറിയിച്ചെങ്കിലും ഭൂമി വിട്ടുകൊടുക്കില്ലെന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളതെന്നും കെ.എസ്.ഇ.ബി.എൽ ഉദ്യോഗസ്ഥർ സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത പട്ടയം റദ്ദ് ചെയ്ത് ഭൂമി ഏറ്റെടുക്കുവാൻ സാധിക്കുമോ എന്ന് സമിതി ആരാഞ്ഞപ്പോൾ ഇതു സംബന്ധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ യോഗം വിളിച്ചുകൂട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമെന്ന് അനെർട്ട് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

പുഷ്പകണ്ടത്ത് 200 ഏക്കർ സ്ഥലത്ത് ഹൈബ്രിഡ് ആയാണ് പദ്ധതി നടപ്പാക്കുന്നതെന്നും ഒരു ടീം രൂപീകരിച്ച് പട്ടയം കൊടുത്തത് ഒഴികെയുള്ള സ്ഥലങ്ങളുടെ ജി.പി.എസ്. സർവ്വേ ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തീകരിച്ച് ഡി.പി.ആർ നടപടികളുമായി മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നതെന്നും 15 ദിവസത്തിനകം ഡി.പി.ആർ പൂർത്തിയാക്കി മൂന്ന് മാസത്തിനകം ടെണ്ടർ ചെയ്യാൻ സാധിക്കുമെന്നും അനെർട്ട് ഉദ്യോഗസ്ഥൻ അറിയിച്ചു. കേബ്ലിംഗ് ഒരു പ്രോജക്ടായി ഏറ്റെടുത്ത് നടപ്പാക്കണമെന്ന് പ്ലാനിംഗ് ബോർഡിനോട് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കെ.എസ്.ഇ.ബി.എൽ മുഖേന വൈദ്യുതി വകുപ്പ് ലക്ഷ്യമിടുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ അനെർട്ട് നടപ്പാക്കുന്ന 25 മെഗാവാട്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ഉദ്യോഗസ്ഥൻ അറിയിച്ചു. വീടുകൾക്ക് മുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് ആവശ്യമായ വൈദ്യുതി എടുത്തശേഷം അധികം വരുന്നത് കെ.എസ്.ഇ.ബി.എൽ-ന് കൈമാറുന്ന പദ്ധതിയുടെ വിശദാംശങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്നും പ്രസ്തുത പദ്ധതി സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി ഒരു കൈപ്പുസ്തകം തയ്യാറാക്കി, ബിൽ അടയ്ക്കാനും മറ്റും വരുന്നവർക്ക് ലഭ്യമാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ ഇതിന്റെ ഭാഗമായി ഒരു വീഡിയോ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അനെർട്ട് ഉദ്യോഗസ്ഥൻ അറിയിച്ചു.

സോളാർ പാനൽ സ്ഥാപിക്കുമ്പോൾ 3KW വരെ 40 ശതമാനമാണ് സബ്സിഡി നൽകുന്നതെന്നും 5KW-ന്റെ സോളാർ പാനൽ സ്ഥാപിക്കുന്നതിന് ടാറ്റ കമ്പനി മറ്റൊരു സ്ഥാപനത്തെ ഏല്പിച്ചപ്പോൾ അവർ 20 ശതമാനം മാത്രമാണ് സബ്സിഡി

നൽകുന്നതെന്നും ഇത്തരം കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി ചൂണ്ടിക്കാണിച്ചു. എത്ര കിലോവാട്ട് എടുക്കുന്നുണ്ടെന്നുള്ളത് കണക്കാക്കി ബെനിഫിഷ്യറി ഷെയറായി നൽകേണ്ട തുക സംബന്ധിച്ച് 'ബൈ മൈ സൺ' എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ വഴി അറിയാൻ കഴിയുമെന്ന് അനെർട്ട് ഉദ്യോഗസ്ഥൻ വിശദമാക്കി. 100KW ആണ് പ്ലാന്റിന്റെ കാര്യക്ഷമതയെങ്കിൽ 80KW പവർ മാത്രമേ ലഭിക്കുകയുള്ളൂവെന്നും ആയതിനാൽ 80KW-ന്റെ ഇൻവെർട്ടർ മതിയാകുമെന്നും കെ.എസ്.ഇ.ബി.എൽ. എം.ഡി വ്യക്തമാക്കി. സോളാർ പാനൽ സ്ഥാപിക്കുന്നതു കൊണ്ടുള്ള പ്രയോജനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

2018-19 വർഷം മുതൽ അനെർട്ടിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തെ എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും റിന്യൂവബിൾ എനർജിയുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും ഇതുസംബന്ധിച്ച് പഞ്ചായത്തുകളുടെയും വ്യക്തികളുടെയും സംശയങ്ങൾ ദൂരീകരിക്കുന്നതിനും വേണ്ടി 'ഊർജ്ജമിത്ര ' എന്ന പേരിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ ആരംഭിച്ച് തെരഞ്ഞെടുത്ത സ്വകാര്യ സംരംഭകർക്ക് ട്രെയിനിംഗ് നൽകുന്നുണ്ടെന്ന് അനെർട്ട് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. വകുപ്പ് ധാരാളം പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ആയവ താഴേത്തട്ടിലേയ്ക്കെത്തു-ന്നില്ലെന്നും ജനപ്രതിനിധികൾപോലും അറിയുന്നില്ലായെന്നും ചൂണ്ടിക്കാണിച്ച സമിതി പദ്ധതികളുടെ ബോധവൽക്കരണത്തിനായി താൽക്കാലികമായി ആളുകളെ നിയമിക്കണമെന്ന് നിർദ്ദേശിച്ചു.

PM-KUSUM, സൗര തുടങ്ങിയ പദ്ധതികൾക്കായി താൽക്കാലികമായി ആളുകളെ നിയമിച്ച് ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ച് ആയതിന്റെ സാദ്ധ്യത വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തുന്നതാണെന്നും ഓരോ ജില്ലയിലെയും ജില്ലാ ഓഫീസർമാരാണ് ഇക്കാര്യങ്ങൾ ഏകോപിപ്പിക്കുന്നതെന്നും മാസ്റ്റർ ട്രെയിനികൾക്കായി കഴിഞ്ഞമാസം ഒരു ട്രെയിനിംഗ് സംഘടിപ്പിച്ചിട്ടുണ്ടായിരുന്നുവെന്നും അനെർട്ട് ഉദ്യോഗസ്ഥൻ വിശദമാക്കി. സോളാർ പാനൽ സ്ഥാപിച്ചാലുള്ള ഗുണം എന്താണെന്ന് അറിയാത്തതുകൊണ്ടാണ് ആളുകൾ മുന്നോട്ട് വരാത്തതെന്ന് ചൂണ്ടിക്കാണിച്ച സമിതി ഇതുസംബന്ധിച്ച് ജില്ലാതലത്തിൽ പഞ്ചായത്ത് മെമ്പർമാർക്കും എം.എൽ.എ.-മാർക്കുമായി ഒരു ക്ലാസ് സംഘടിപ്പിക്കണമെന്ന് അഭിപ്രായപ്പെട്ടു. വെണ്ടറും ബെനഫിഷ്യറിയും രജിസ്റ്റർ ചെയ്യുന്ന 'ബൈ മൈ സൺ' എന്ന വെബ്പോർട്ടൽ വഴി അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വളരെ എളുപ്പത്തിൽ വാങ്ങാൻ കഴിയുമെന്നും ഇതുവരെ 32 കോടി രൂപയുടെ ഗൃഹോപകരണങ്ങളും സോളാർ ഉപകരണങ്ങളും ഇതിലൂടെ വിതരണം ചെയ്തിട്ടുണ്ടെന്നും അനെർട്ട് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

കോഴിക്കോട് മെഡിക്കൽ കോളേജിൽ വാക്സിനും മറ്റും സൂക്ഷിക്കാനായി സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ശീതീകരണി നൂറ് ദിന പരിപാടിയുടെ ഭാഗമായി സ്ഥാപിക്കുമെന്നും 2020-21-ൽ അനെർട്ട് പ്രത്യേകമായി നടപ്പാക്കുന്ന പദ്ധതിയായ കാർബൺ ന്യൂട്രൽ ഗവേണൻസിന്റെ ഭാഗമായി സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന വൈദ്യുതി ഘട്ടംഘട്ടമായി സോളാറിലേയ്ക്ക് മാറ്റാൻ ശ്രമിക്കുമെന്നും അനെർട്ട് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

തിരുവനന്തപുരം ജില്ലയെ ഗ്രീൻ സിറ്റിയാക്കുന്ന പദ്ധതിക്ക് MNRE (Ministry of New and Renewable Energy)-യുടെ അനുമതി ലഭ്യമായിട്ടുണ്ടെന്ന് അനെർട്ട് ഉദ്യോഗസ്ഥൻ വ്യക്തമാക്കി. ഭൂരിപക്ഷം ആളുകളും വൈദ്യുതി ഉല്പാദിപ്പിക്കുകയും അതുവഴി കെ.എസ്.ഇ.ബി.എൽ-ന്റെ ഗ്രിഡിൽ 50 ശതമാനത്തിൽ കൂടുതൽ റിന്യൂവബിൾ എനർജി കൊണ്ടുവരികയും ചെയ്യുക എന്നുള്ളതാണ് ഗ്രീൻ സിറ്റി (സോളാർ സിറ്റി) കൊണ്ടുദ്ദേശിക്കുന്നതെന്നും ആയതിനായി തിരുവനന്തപുരം ജില്ലയെയാണ് തെരെഞ്ഞെടുത്തിരിക്കുന്നതെന്നും ആയതിന്റെ പ്ലാൻ സംബന്ധിച്ച് തദ്ദേശസ്വയംഭരണം, പൊതുഭരണം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തി ഒരു യോഗം ചേരേണ്ടതുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. എം.ഡി വ്യക്തമാക്കി. ഇതിനായി മന്ത്രിതലത്തിൽ യോഗം ചേരാമെന്ന് ചെയർമാൻ അറിയിച്ചു.

സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ അനെർട്ടിന്റെ വിവിധ പദ്ധതികളിലുൾപ്പെടുത്തി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ 48 പോലീസ് സ്റ്റേഷനുകളിൽ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നും അതിൽ 25 എണ്ണം കണക്ട് ചെയ്തുകഴിഞ്ഞുവെന്നും ബാക്കിയുള്ളവ ഉടൻതന്നെ കണക്ട് ചെയ്യുന്നതാണെന്നും ഇതിൽ അധികം വരുന്ന ഊർജ്ജം സോളാർ ഗ്രിഡിലേയ്ക്ക് കൊണ്ടുപോകുമെന്നും പോലീസ് സ്റ്റേഷന് അക്കൗണ്ടില്ലാത്തതിനാൽ RESCO (Renewable Energy Service Company) മോഡലിലാണ് ചെയ്തിരിക്കുന്നതെന്നും തൻമൂലം സേവിംഗ്സ് മാത്രമാണുണ്ടാകുകയെന്നും സാധാരണ ഉപഭോക്താക്കൾക്കാണെങ്കിൽ അക്കൗണ്ട് ടു അക്കൗണ്ട് വഴിയാണ് തീർപ്പാക്കുന്നതെന്നും അനെർട്ട് ഉദ്യോഗസ്ഥൻ വിശദമാക്കിയപ്പോൾ സേവിംഗ്സ് ഉണ്ടാകത്തക്ക രീതിയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഇ-മൊബിലിറ്റി സ്കീം വ്യാപിപ്പിക്കുന്നതിനായി 20 സർക്കാർ വകുപ്പുകളിലായി 127 ഇലക്ട്രിക് വാഹനങ്ങൾ അനെർട്ട് നൽകിയിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി പൊതുനിരത്തുകളിൽ 8 റീ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഈ വർഷം 12

എണ്ണം കൂടി സ്ഥാപിക്കുമെന്നും സ്വകാര്യവ്യക്തികളിൽ നിന്നും 46 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അനെർട്ടിന്റെ അറുപതോളം ചാർജ്ജിംഗ് സ്റ്റേഷനുകൾ മാർച്ച് 31-നകം തയ്യാറാകുമെന്നും എല്ലാ ജില്ലകളിൽ നിന്നും ചാർജിംഗ് സ്റ്റേഷനുകൾക്കുള്ള അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും 25-30 കിലോമീറ്റർ അകലം കണക്കാക്കിയാണ് ഇപ്പോൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതെന്നും കെ.എസ്.ഇ.ബി.എൽ-ന്റെ സൈറ്റിൽ 62 സ്റ്റേഷനുകൾ തയ്യാറായികഴിഞ്ഞുവെന്നും അനെർട്ട് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

നിലവിൽ ഏകദേശം 110 ചാർജ്ജിംഗ് സ്റ്റേഷനുകളുണ്ടെന്നും IOCL (TATA) 25 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും മാർച്ച് 31 ആകുമ്പോഴേയ്ക്കും ഇത് 150 എണ്ണമായി വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും ദൂരപരിധി കണക്കാക്കി എല്ലാ ഹൈവേകളും ഉൾപ്പെടുന്ന തരത്തിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മാപ്പ് തയ്യാറാക്കുന്നുണ്ടെന്നും റെയിൽവേ സ്റ്റേഷനുകളിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്ഥലപരിമിതിയുണ്ടെന്നും സ്ഥലം ലഭ്യമാകുകയാണെങ്കിൽ ഇക്കാര്യം പരിഗണിക്കുമെന്നും അനെർട്ട് ഉദ്യോഗസ്ഥൻ അറിയിച്ചു.

സ്വകാര്യ വ്യക്തികൾ ചാർജ്ജിംഗ് സ്റ്റേഷൻ നടത്താൻ തയ്യാറായാൽ അനുമതി നൽകുമെന്ന് അനെർട്ട് ഉദ്യോഗസ്ഥൻ അറിയിച്ചു. ചാർജ്ജിംഗ് സ്റ്റേഷനുകളുടെ കുറവുമൂലം ജനങ്ങൾ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങാൻ മടിക്കുന്നുണ്ടെന്ന് വിലയിരുത്തിയ സമിതി ഓരോ മുനിസിപ്പാലിറ്റിയിലും ഒരു ചാർജ്ജിംഗ് സ്റ്റേഷൻ എന്ന നിലയിൽ ഇലക്ട്രിക് വാഹനങ്ങൾ കൂടുതലുള്ളിടത്ത് സ്ഥാപിക്കണമെന്നും ഇക്കാര്യം ഹൈവേകളിൽ റെസ്റ്റോറന്റ് നടത്തുന്നവരെ ഏൽപ്പിച്ചാൽ മതിയെന്നും അഭിപ്രായപ്പെട്ടു. കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനായി കെ.എസ്.ആർ.ടി.സി അധികൃതരുമായി ചർച്ച നടത്തുമെന്നും അനെർട്ട് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

2021-22-ലെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ 43 കോടി രൂപയും പദ്ധതിയേതരയിനത്തിൽ മൂന്നര കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളതെന്നും പദ്ധതിയിനത്തിൽ റൂഫ് ടോപ് സോളാർ, റെസ്കോ മോഡൽ സോളാർ, ഇ-മൊബിലിറ്റി, PM-KUSUM തുടങ്ങിയവ നടപ്പിലാക്കുന്നുണ്ടെന്നും PM-KUSUM പദ്ധതിയുടെ ഭാഗമായി 160 അപേക്ഷകൾ ലഭിച്ചതിൽ 100 എണ്ണത്തിന് MNRE-യുടെ അനുമതി ലഭിച്ചിട്ടുണ്ടെന്നും ഒരു മാസത്തിനുള്ളിൽ ആദ്യഘട്ടം പൂർത്തിയാക്കാനാകുമെന്നും ട്രെയിനിംഗിനും പഠന റിസർച്ചിനും ഔട്ട് റീച്ചിംഗ് പ്രോഗ്രാമിനുമായി 468 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും

ഇന്റഗ്രേറ്റഡ് റിന്യൂവബിൾ എനർജി നോളജ് ഹബ്ബ് ആക്കുന്നതിന്റെ ഭാഗമായി കുഴൽമന്ദത്ത് സ്ഥാപിക്കുന്ന 2MW സോളാർ പ്ലാന്റ് കോളേജ് വിദ്യാർത്ഥികൾക്ക് സോളാറുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കാനും സയന്റിസ്റ്റുകൾക്ക് റിസർച്ച് ചെയ്യാനും ഉപയോഗപ്പെടുത്താവുന്നതാണെന്നും അനെർട്ട് ഉദ്യോഗസ്ഥൻ വിശദമാക്കി.

കാർഷിക മേഖലയിലെ ധാരാളം ആളുകൾക്ക് ഉപയോഗപ്രദമായ PM-KUSUM പദ്ധതിയുടെ ഫണ്ടിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ഈ വർഷം 100 അപേക്ഷകൾ തീർപ്പാക്കാനുള്ള ഫണ്ടുണ്ടെന്നും 30 ശതമാനം തുക വീതം കേന്ദ്ര/സംസ്ഥാന സർക്കാരുകളും 40 ശതമാനം തുക വ്യക്തികളുമാണ് നൽകുന്നതെന്നും പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്തപ്പോൾ നിരക്ക് കൂടിപ്പോയെങ്കിലും ഗുണഭോക്താവിന് ബുദ്ധിമുട്ട് വരാത്ത രീതിയിൽ സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചിരുന്നുവെന്നും പ്രസ്തുത പദ്ധതിയിലുള്ള കർഷകരെ ഉൾപ്പെടുത്തി വാട്ട്സാപ്പ് ഗ്രൂപ്പുണ്ടാക്കി ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടെന്നും അനെർട്ട് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

സൗരോർജ്ജവും കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഹൈബ്രിഡ് പദ്ധതിയുടെ സാധ്യതയെക്കുറിച്ച് സമിതി ആരാഞ്ഞതിന് വെർട്ടിക്കൽ മെഷീനിന്റെ ഉപയോഗവും കാര്യക്ഷമതയും ഇതുവരെ പഠിക്കാൻ കഴിഞ്ഞിട്ടില്ലെന്നും തിരുവനന്തപുരത്തും പാലക്കാടുമുള്ള രണ്ടുമൂന്ന് കമ്പനികളോട് ഡെമോൺസ്ട്രേഷൻ നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിന്റെ പുരോഗതി മനസ്സിലാക്കാൻ കുറഞ്ഞത് മൂന്നുമാസമെങ്കിലും വേണ്ടിവരുമെന്നും അതിനുശേഷം മാത്രമേ പ്രസ്തുത പദ്ധതി നടപ്പാക്കാൻ കഴിയുകയുള്ളുവെന്നും മെഷീന് കൂടുതൽ ചെലവ് വരുന്നതിനാൽ കർഷകർക്ക് താങ്ങാൻ കഴിയില്ലെന്നും അനെർട്ട് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. കർഷകർക്ക് ഏഴ് ശതമാനം പലിശനിരക്കിൽ ലോണെടുത്ത് നൽകിയാൽ അവരുടെ ആവശ്യം കഴിഞ്ഞ് ബാക്കി വരുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എല്ലിന് നൽകുകയാണെങ്കിൽ ലോൺ അടയ്ക്കാനുള്ള പണം ലഭിക്കുമെന്ന് കർഷകരെ ബോദ്ധ്യപ്പെടുത്തിയാൽ അവർ ഇതിന് തയ്യാറാകുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

സോളാർ ചാർജ്ജിംഗ് സ്റ്റേഷനുകൾക്ക് സബ്സിഡി നൽകുന്നതുമൂലം ഒരു വർക്ക് പൂർത്തിയാകുമ്പോൾ 3 ശതമാനം സർവ്വീസ് ചാർജ്ജാണ് അനെർട്ടിന് ലഭിക്കുന്നതെന്നും സോളാർ ഉപയോഗിച്ചാണ് ചെയ്യുന്നതെങ്കിൽ ഗ്രീൻ മൊബിലിറ്റി പൂർണ്ണമായുണ്ടാകുമെന്നും അനെർട്ട് ഉദ്യോഗസ്ഥൻ മറുപടി നൽകി. ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വൈദ്യുതി ഉപയോഗിക്കുമ്പോൾ സൗകര്യപ്രദമായി പോസ്റ്റുകൾ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകാൻ സാധിച്ചാൽ അത് കെ.എസ്.ഇ.ബി.എൽ-ന് ലാഭമുണ്ടാക്കുമെന്ന് അഭിപ്രായപ്പെട്ട സമിതി ഇക്കാര്യം കെ.എസ്.ഇ.ബി.എൽ ചെയർമാനുമായി ആലോചിച്ച് തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചു. കെ.എസ്.ഇ.ബി.എൽ പോസ്റ്റ് സ്ഥാപിക്കുകയാണെങ്കിൽ

അത് താരിഫിൽ ഉൾപ്പെടുത്തുമെന്നും ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്ന താരിഫിൽ ഇളവ് നൽകാൻ സാധിക്കില്ലെന്നും കെ.എസ്.ഇ.ബി.എൽ എം.ഡി. വ്യക്തമാക്കി.

ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വാഹനനിർമ്മാണ കമ്പനികളുടെ ഒരു യോഗം വിളിച്ചുകൂട്ടുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ നിലവിലുള്ള സർക്കാർ വാഹനങ്ങൾ ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയും ഗതാഗതവകുപ്പ് സെക്രട്ടറിയും ഒരു യോഗം കൂടിയിരുന്നുവെന്നും സംസ്ഥാനത്തെ ഒരു ലക്ഷം വാഹനങ്ങളെങ്കിലും 2022-ൽ ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റണമെന്നതാണ് ലക്ഷ്യമെന്നും ഇപ്പോൾ ആകെ 5500 ഇലക്ട്രിക് വാഹനങ്ങൾ മാത്രമേ കേരളത്തിൽ ഇറങ്ങിയിട്ടുള്ളൂവെന്നും സർക്കാർ വകുപ്പുകളിൽ 15600 ഓളം എസ്.യു.വി-കളുള്ളതിൽ 9000 എണ്ണം ലീസിലാണ് എടുത്തിരിക്കുന്നതെന്നും ഇവ കൺടം ചെയ്യേണ്ടി വരുമ്പോൾ ഇലക്ട്രിക് വാഹനങ്ങൾ മാത്രമേ വാങ്ങാവൂ എന്ന് സർക്കാർ തീരുമാനിച്ചാൽ നന്നായിരിക്കുമെന്നും 1000 സി.സി-യുടെ ഒരു ഡീസൽ കാറിന് 8 ലക്ഷം രൂപയും ഇലക്ട്രിക് കാറിന് 13 ലക്ഷം രൂപയുമാണെന്നും എന്നാൽ ഇലക്ട്രിക് കാറുകൾ കിലോമീറ്ററിന് ഒരു രൂപയും ഡീസൽ കാറുകൾക്ക് കിലോമീറ്ററിന് 4 രൂപയുമാണ് ചെലവു വരുന്നതെന്നും ഉദ്യോഗസ്ഥൻ അറിയിച്ചു.

ഇലക്ട്രിക് വാഹനങ്ങൾക്ക് പ്രാരംഭ ചെലവ് വളരെ കൂടുതലാണെങ്കിലും 10 വർഷത്തെ ചെലവ് കണക്കാക്കിയാൽ ലാഭകരമായിരിക്കുമെന്നും സർക്കാർ രണ്ടായിരം ഇലക്ട്രിക് വാഹനങ്ങളെങ്കിലും വാങ്ങിയാൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ കമ്പനികൾ തന്നെ സ്ഥാപിച്ചുനൽകുമെന്നും ഓർഡർ ലഭിച്ചാലുടനെ ഇലക്ട്രിക് വാഹനങ്ങൾ ലഭ്യമാക്കാൻ വാഹന ഉടമകൾ തയ്യാറാണെന്നും മോട്ടോർ വെഹിക്കിൾ ടാക്സ് ഇപ്പോൾ 5 ശതമാനമെന്നത് രണ്ടര ശതമാനമായി കുറച്ചിട്ടുണ്ടെന്നും ടാക്സ് ഒഴിവാക്കിയാൽ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് കൂടുതൽ ആളുകൾ തയ്യാറാകുമെന്നും കെ.എസ്.ഇ.ബി.എൽ അധികൃതർ സമിതിയെ അറിയിച്ചു. അഞ്ചോ ആറോ മാസം കഴിയുമ്പോൾ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗത്തിൽ വർദ്ധനവ് ഉണ്ടാകുമെന്നും ടാറ്റ ഇറക്കിയ പുതിയ ഇലക്ട്രിക് കാറിന് ധാരാളം ബുക്കിംഗ് ലഭിക്കുന്നുണ്ടെന്നും സമിതി നിരീക്ഷിച്ചു.

മിക്ക സംസ്ഥാനങ്ങളിലും ഇലക്ട്രിക് വാഹനങ്ങൾക്ക് റോഡ് ടാക്സ്, രജിസ്ട്രേഷൻ ചാർജ്ജ് തുടങ്ങിയവ ഈടാക്കുന്നില്ലെന്ന് അനെർട്ട് ഉദ്യോഗസ്ഥൻ അറിയിച്ചപ്പോൾ ഇലക്ട്രിക് വാഹനങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങൾ നൽകുന്ന ഇളവ് കേരളത്തിലും അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളും ഏജൻസികളും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നുണ്ടെങ്കിലും ഈ രംഗത്തെ ഏകോപനമില്ലായ്മ ഒരു പ്രശ്നമായി മാറിയിട്ടുണ്ടെന്നും ചില സർക്കാർ വകുപ്പുകൾ നേരിട്ട് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുന്നുണ്ടെന്നും അനെർട്ട് ഉദ്യോഗസ്ഥൻ വ്യക്തമാക്കി. ആയതിനാൽ അനെർട്ടിനെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രഖ്യാപിക്കുകയും സർക്കാരിന്റെ സോളാറുമായി ബന്ധപ്പെട്ട ജോലികൾ അനെർട്ട് വഴി നടപ്പാക്കുകയും ചെയ്യണമെന്ന് ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടു. അനെർട്ടാണ് സ്റ്റേറ്റ് നോഡൽ ഏജൻസിയെന്നും കെ.എസ്.ഇ.ബി.എൽ മുഖേന വൈദ്യുതി വകുപ്പ് ലക്ഷ്യമിടുന്ന പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക എന്ന പദ്ധതിയിൽ 25 മെഗാവാട്ട് അനെർട്ടിന് അനുവദിച്ചിട്ടുണ്ടെന്നും അനെർട്ടിനെ നോഡൽ ഏജൻസിയാക്കുന്നതിന് പ്രത്യേക ലൈസൻസൊന്നും ആവശ്യമില്ലെന്നും സ്റ്റേറ്റ് ഗവൺമെന്റ് നിർദ്ദേശിക്കുന്ന ഏജൻസി വഴിയാണ് സബ്സിഡിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതെന്നും ഏതെങ്കിലും ഒരു പബ്ലിക് ഓഫീസിൽ അനെർട്ട് വഴിയോ അനെർട്ട് എംപാനൽ ചെയ്തിരിക്കുന്ന ഏജൻസി വഴിയോ നേരിട്ട് ടെണ്ടർ ചെയ്യാവുന്നതാണെന്നും കെ.എസ്.ഇ.ബി.എൽ. എം.ഡി വ്യക്തമാക്കി. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടത് ആർക്കാണെന്നത് സംബന്ധിച്ച് വ്യക്തത വരുത്തി അവ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി അനെർട്ടിനെ നിശ്ചയിച്ചാൽ ഈ രംഗത്ത് ഏകോപനം കൊണ്ടുവരുന്നതിന് സാധിക്കുമെന്ന് അനെർട്ട് ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടു.

മൂന്ന് വാഹനങ്ങൾ പാർക്ക് ചെയ്ത് ചാർജ്ജ് ചെയ്യാൻ സ്ഥലമുള്ളിടത്ത് ആർക്കുവേണമെങ്കിലും ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കാമെന്നും ഇതിനായി അനെർട്ടിനെയോ കെ.എസ്.ഇ.ബി.എൽ-നെയോ സമീപിച്ചാൽ മതിയെന്നും, സമീപത്തായി പവർ ലൈനും വാഹനം ചാർജ്ജ് ചെയ്യാനുള്ള സൗകര്യവുമുണ്ടായിരിക്കണ മെന്നും കെ.എസ്.ഇ.ബി.എൽ. എം.ഡി സമിതിയെ അറിയിച്ചു. ഇൻവെസ്റ്റ്മെന്റിനും ചാർജ്ജിംഗ് സ്റ്റേഷന്റെ ഇൻഫ്രാസ്ട്രക്ചറിനുംവേണ്ടി 25 ശതമാനം വീതം സബ്സിഡിയുണ്ടെന്ന് മോട്ടോർ വെഹിക്കിൾസിന്റെ ഗൈഡ്‌ലൈൻസിൽ പറയുന്നുണ്ടെന്നും ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഒരു ലൈസൻസിന്റെയും ആവശ്യമില്ലെന്നും മനസ്സിലാക്കിയ സമിതി ഇതു സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി പത്രവാർത്ത നൽകണമെന്ന് നിർദ്ദേശിച്ചു.

ഐ.ഒ.സി. പോലെയുള്ള ചില കമ്പനികൾ ബാറ്ററി മാറ്റി പകരം റീ-ഫില്ലബിൾ ബാറ്ററി നൽകുന്നുണ്ടെന്നും കാറുകളിലെ ബാറ്ററി ഫിക്സഡാണെന്നും, ത്രീ വീലർ വാഹനങ്ങൾക്ക് മാത്രമാണ് പകരം ബാറ്ററി നല്കുന്നതെന്നും അനെർട്ട് ഉദ്യോഗസ്ഥൻ അറിയിച്ചു. ഇതു സംബന്ധിച്ച് ജനങ്ങളെ ബോധവാൻവാരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഗ്രീൻ ഹൈഡ്രജൻ ഉല്പാദിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ ചെയർമാൻ വകുപ്പ് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന സമയത്ത് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (VISL)-മായി ചർച്ച നടത്തിയിരുന്നുവെന്നും വിഴിഞ്ഞം പദ്ധതി പൂർത്തിയാകുമ്പോഴേക്കും ഏതാണ്ട് 30 ശതമാനത്തോളം തുക റിന്യൂവബിൾ എനർജിയിൽ നിക്ഷേപിക്കേണ്ടതുണ്ടെന്നും 15 മെഗാവാട്ടിന്റെ റിന്യൂവബിൾ എനർജി ഉല്പാദിപ്പിക്കാൻ സാധിക്കുമെങ്കിൽ 10 മെഗാവാട്ടിന്റെ ഗ്രീൻ ഹൈഡ്രജൻ ഉല്പാദിപ്പിക്കുന്ന പ്ലാന്റ് സ്ഥാപിക്കുവാൻ സാധിക്കുമെന്നും അതിനാവശ്യമായ സ്ഥലവും മറ്റും ലഭ്യമാക്കാൻ വി.ഐ.എസ്.എൽ. തയ്യാറാണെന്നും ഗ്രീൻ ഹൈഡ്രജൻ ലഭ്യമല്ലാത്തതിനാൽ ഇന്ത്യയിൽ എവിടെയും ഹൈഡ്രജൻ പ്ലാന്റ് ആരംഭിച്ചിട്ടില്ലെന്നും ഗുജറാത്തിലെ ജാംനഗറിൽ രാജ്യത്തെ ആദ്യത്തെ ഗ്രീൻ ഹൈഡ്രജൻ പ്ലാന്റിന്റെ ടെണ്ടർ നടപടികൾ നടന്നുവരികയാണെന്നും കെ.എസ്.ഇ.ബി.എൽ എം. ഡി. സമിതിയെ അറിയിച്ചു.

അനെർട്ടിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ അനെർട്ടിനെ പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ടെന്നും അനെർട്ടിന്റെ 14 ജില്ലാ ഓഫീസുകളിലെ 101 തസ്തികകളിൽ 25 എണ്ണത്തിൽ മാത്രമാണ് സ്ഥിരം ജീവനക്കാരുള്ളതെന്നും ബാക്കിയുള്ള തസ്തികകളിൽ പി.എസ്.സി മുഖേന സ്ഥിരം നിയമനം നടത്തുന്നതിനുള്ള സ്പെഷ്യൽ റൂൾ നടപ്പിലാകുമ്പോൾ എല്ലാ ജില്ലാ ഓഫീസുകളിലേയും ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ കഴിയുമെന്നും അനെർട്ട് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. പി.എസ്.സി. നിയമനം നടക്കുന്നതുവരെ കരാർ അടിസ്ഥാനത്താൽ ആളുകളെ നിയമിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ പരാതികൾ പരിഹരിക്കുന്നതിന് ജീവനക്കാരെ ആവശ്യമുണ്ടെന്ന് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

II. <u>ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി EMC നടത്തി വരുന്ന പ്രവർത്തനങ്ങളുടെ അവലോകനം.</u>

ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കാനായി സംസ്ഥാന സർക്കാർ 1996-ൽ തിരുവനന്തപുരത്ത് ആരംഭിച്ച സ്വയംഭരണ സ്ഥാപനമായ എനർജി മാനേജ്മെന്റ് സെന്ററിൽ ആകെ 22 ജീവനക്കാർ മാത്രമാണുള്ളതെന്നും ആയതിനായി 7 കോടി 63 ലക്ഷം രൂപയുടെ ബഡ്ജറ്റ് വിഹിതമാണുള്ളതെന്നും EMC ഡയറക്ടർ അറിയിച്ചു. ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് വ്യവസായ, കാർഷിക ഗാർഹിക മേഖലകൾ ഉൾപ്പെടെ എല്ലാ മേഖലകളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, പഞ്ചായത്ത് തലത്തിലും വ്യവസായശാലകളിലും കോ-ഓപ്പറേറ്റീവ് സെക്ടറുകളിലും മാതൃകാ ഊർജ്ജ

സംരക്ഷണ പദ്ധതികൾ നടപ്പാക്കുക, നയരൂപീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുക എന്നിവയാണ് ഇ.എം.സി.യുടെ പ്രധാന പ്രവർത്തനങ്ങളെന്ന് ഉദ്യോഗസ്ഥൻ അറിയിച്ചു. ഊർജ്ജ സംരക്ഷണ നിയമത്തിലെ ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് അനുസരിച്ചുമാത്രമേ 100 KW കണക്ടഡ് ലോഡിനുമുകളിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കാൻ പാടുള്ളൂവെന്ന വ്യവസ്ഥ കൊണ്ടുവരികയും കേരള മുൻസിപ്പൽ ബിൽഡിംഗ് റൂളിലും പഞ്ചായത്ത് ബിൽഡിംഗ് റൂളിലും അതിനാവശ്യമായ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ടെന്നും എല്ലാ എച്ച്.റ്റി., ഇ.എച്ച്.റ്റി. ഉണഭോക്താക്കൾക്കും മൂന്ന് വർഷത്തിലൊരിക്കൽ എനർജി ഓഡിറ്റ് നടപ്പാക്കുക, കേരളത്തിലെ എനർജി ഇന്റൻസീവായ പതിനഞ്ചോളം വ്യവസായശാലകൾ ടാർജറ്റ് നൽകിയതിനേക്കാൾ കൂടുതലായി ഊർജ്ജം ഉപയോഗിക്കുകയാണെങ്കിൽ അവരിൽ നിന്നും പെനാൽറ്റി ഈടാക്കുക തുടങ്ങിയ കാര്യങ്ങളും ചെയ്യുന്നുണ്ടെന്നും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി എന്ന സ്ഥാപനത്തിന്റെ സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസിയായി എനർജി മാനേജ്മെന്റ് സെന്റർ പ്രവർത്തിക്കുന്നുണ്ടെന്നും ഊർജക്ഷമത കൂടുതലുള്ള 5 സ്റ്റാർ ഉപകരണങ്ങൾക്ക് സ്റ്റാർ ലേബലിംഗ് ചെയ്യുന്നുണ്ടെന്നും ഉദ്യോഗസ്ഥൻ അറിയിച്ചു.

രാജ്യത്ത് ഹരിതോർജ്ജം ധാരാളമുള്ളതിനാൽ പുറത്തുനിന്ന് പെട്രോളിയം ഉൽപ്പന്നങ്ങൾ വാങ്ങുന്നത് കുറയ്ക്കണമെന്ന ലക്ഷ്യത്തോടെ ഗതാഗത മേഖലയിൽ ഇലക്ട്രിക് കാറുകളിലേയ്ക്കും പാചകത്തിനാവശ്യമായ എൽ.പി.ജി-യിൽ നിന്ന് ഇലക്ട്രിസിറ്റിയിലേക്കും മാറുക എന്ന ഉദ്ദേശ്യത്തിൽ " ഗോ ഇലക്ട്രിക്ക് ക്യാമ്പയിൻ" എന്ന പ്രോഗ്രാം കേന്ദ്രസർക്കാർ 2021 ഫെബ്രുവരിയിൽ നടപ്പിലാക്കിയെന്നും ഇതിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസിയായിട്ടാണ് എനർജി മാനേജ്മെന്റ് സെന്റർ പ്രവർത്തിക്കുന്നതെന്നും, കഴിഞ്ഞ ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ാം തീയതി കേരളത്തിലും ഗോ ഇലക്ട്രിക് ക്യാമ്പയിൻ നടപ്പാക്കിയെന്നും ഇന്ത്യയിലാദ്യമായി വീട്ടിലിരുന്ന് ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ സൈറ്റുകളിലൂടെ ഇലക്ട്രിക് ടൂ വീലറുകൾ കളറും മോഡലും അനുസരിച്ച് തെരഞ്ഞെടുത്ത് ഓൺലൈനായി വാങ്ങുവാനുള്ള പോർട്ടൽ ബഹുമാനപെട്ട വൈദ്യുതി വകുപ്പുമന്ത്രി 2021 സെപ്റ്റംബർ 1-ാം തീയതി ലോഞ്ച് ചെയ്തുവെന്നും ഇന്ത്യയിൽ മഹാരാഷ്ട്ര കഴിഞ്ഞാൽ കേരളത്തിലാണ് ഏറ്റവും കൂടുതൽ ഇലക്ട്രിക് വാഹനങ്ങൾ വിൽക്കുന്നതെന്നും ഇലക്ട്രിക് ഓട്ടോറിക്ഷയുടെ സബ്സിഡിയെക്കുറിച്ച് കേന്ദ്ര ഗവൺമെന്റ് സ്ഥാപനവുമായി ചർച്ച ചെയ്തുവരുന്നുവെന്നും കേന്ദ്ര സർക്കാരിന്റെ സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസിയ്ക്കുള്ള അവാർഡ് കഴിഞ്ഞ 5 വർഷങ്ങളായി എനർജി മാനേജ്മെന്റ് സെന്ററിനാണ് ലഭിക്കുന്നതെന്നും ഉദ്യോഗസ്ഥൻ അറിയിച്ചു.

ഊർജ്ജ സംരക്ഷണ അവാർഡ്, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, അടിസ്ഥാനസൗകര്യ വികസനവും സ്ഥാപനത്തിനെ ശക്തിപ്പെടുത്തലും, ഊർജ്ജ സംരക്ഷണ നിധി എന്നീ നാല് ശീർഷകങ്ങളാണ് പ്രധാനമായുമുള്ളതെന്നും കഴിഞ്ഞ നാല് വർഷവും പ്ലാൻ ഫണ്ടിന്റെ 100 ശതമാനം തുകയും ചെലവാക്കാൻ ഇ.എം.സി-ക്ക് സാധിച്ചിട്ടുണ്ടെന്നും ഈ വർഷം പ്ലാൻ ഫണ്ട് ലഭിച്ചിട്ടില്ലെന്നും കേന്ദ്രഗവൺമെന്റ് വിഹിതത്തിൽ ബാക്കിയുണ്ടായിരുന്നതിൽനിന്നും 33 ലക്ഷം രൂപ പദ്ധതികൾക്കായി ചെലവാക്കിയിട്ടുണ്ടെന്നും ഇ.എം.സി ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

പീക്ക് അവറിൽ വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കാൻ ഇ.എം.സി. നടത്തുന്ന പ്രചരണത്തിന്റെ വിശദാംശങ്ങൾ സമിതി ആരാഞ്ഞു. വോൾട്ടേജ് കുറവുള്ള സമയങ്ങളിലും വൈകുന്നേരങ്ങളിലും മിക്സി, വാഷിംഗ് മെഷീൻ, മോട്ടോർ ഗ്രൈന്റർ, ഇൻഡക്ഷൻ കുക്കർ തുടങ്ങിയ ഉപകരണങ്ങൾ പ്രവർത്തിപ്പിച്ചാൽ അവ കേടാകുമെന്ന ആശയം നൽകിക്കൊണ്ട് ജനങ്ങളെ ബോധവൽക്കരിക്കുന്നുണ്ടെന്നും ടി. വി. ചാനലുകളിൽ പരസ്യം നൽകുന്നതിന് ആവശ്യമായ ഫണ്ട് ഇല്ലാത്തതിനാൽ എഫ്.എം. റേഡിയോയിലൂടെയും മറ്റും പ്രചാരണം നൽകാവുന്നതാണെന്നും ഇ.എം.സി ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ഫൈവ് സ്റ്റാർ ഉപകരണങ്ങൾ ഉപയോഗിക്കുന്നതാണ് ഇലക്ട്രിസിറ്റി ലാഭിക്കാൻ നല്ലതെന്ന് പ്രചരണം നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് രണ്ട് രൂപയിൽ താഴെയാണ് ചാർജ്ജ് വരുന്നതെന്നും അവിടെ പഴയ മോട്ടോറിനു പകരം സ്റ്റാർ ഉള്ള മോട്ടോർ ഉപയോഗിച്ചാൽ ലഭിക്കുന്ന മിച്ചം വൈദ്യുതി ഇലക്ട്രിസിറ്റി ബോർഡിന് ഉപയോഗിക്കാൻ കഴിയുമെന്നും സമിതി അഭിപ്രായപ്പെട്ടു. ലോ കോസ്റ്റ് വൈദ്യുതി എവിടെയൊക്കെയാണ് ഉപയോഗിക്കുന്നതെന്നും ഇങ്ങനെയുള്ള മോട്ടോറുകൾ എത്രയുണ്ടെന്നും സമിതി ആരാഞ്ഞതിന് കൃഷിക്കുവേണ്ടി ഉപയോഗിക്കുന്ന കണക്ഷന്റെ കണക്കുണ്ടെന്നും അതിൽ ഫൈവ് സ്റ്റാർ മോട്ടോറുകളുടെയും അല്ലാത്തവയുടെയും എണ്ണം സംബന്ധിച്ച് 5 ജില്ലകളിൽ നടത്തിയ പഠന റിപ്പോർട്ടുണ്ടെന്നും ഉച്ചമായ വിലയ്ക്ക് സ്റ്റാർ ഇല്ലാത്ത മോട്ടോറുകൾ ലഭിക്കുന്നതിനാൽ ചിലർ അങ്ങനെയുള്ളവയാണ് വാങ്ങുന്നതെന്ന് ഇ.എം.സി. ഉദ്യോഗസ്ഥൻ അറിയിച്ചു. സ്റ്റാർ ഇല്ലാത്ത മോട്ടോറുകളിൽ എത്ര യൂണിറ്റ് വൈദ്യുതി ചെലവാകുന്നുവെന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പൊതുജനങ്ങൾക്ക് വേണ്ടിയുള്ള ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 140 Non-Governmental Organizations (NGO) മുഖേന എല്ലാ ജില്ലകളിലും പ്രചരണങ്ങൾ നടത്തുന്നതോടൊപ്പം സോഷ്യൽ മീഡിയ വഴിയും പ്രചരണങ്ങൾ നടത്തുന്നുണ്ടെന്നും ഇപ്പോൾ ധാരാളം ആളുകൾ സി.എഫ്.എൽ-നു പകരം എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിക്കുകയും ഇലക്ട്രിക്

ഉപകരണങ്ങൾ സ്റ്റാർ നോക്കി വാങ്ങിക്കുന്നുണ്ടെന്നും 7900 സ്കൂളുകളിൽ എനർജി കൺസർവേഷൻ ക്യാമ്പയിനുകൾ നടന്നുകൊണ്ടിരിക്കുകയാണെന്നും സ്മാർട്ട് മീറ്റർ വന്നാൽ പീക്ക് അവറിലെ വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ സാധിക്കുമെന്നും ഇ.എം.സി. ഉദ്യോഗസ്ഥൻ അറിയിച്ചു.

III. <u>വൈദ്യുതി ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങളും നിർമ്മാണം/ അറ്റകുറ്റപ്രവൃത്തികൾക്കിടെയുണ്ടാകുന്ന അപകടങ്ങളും തടയാനുള്ള മുൻകരുതലുകൾ.</u>

വൈദ്യുതിയുമായി ബന്ധപ്പെട്ട അപകടങ്ങളിൽ ഈ വർഷം ആകെ 368 അപകട മരണങ്ങൾ റിപ്പോർട്ട് ചെയ്തതിൽ 6 ബോർഡ് ജീവനക്കാരും 13 കരാർ ജീവനക്കാരും 52 പൊതുജനങ്ങളും ഉൾപ്പെടുന്നുവെന്നും കഴിഞ്ഞ സാമ്പത്തികവർഷം ആകെ 556 അപകട മരണങ്ങൾ റിപ്പോർട്ട് ചെയ്തതിൽ ബോർഡ് ജീവനക്കാർ ഉൾപ്പെട്ടിട്ടില്ലെന്നും എന്നാൽ 11 കരാർ ജീവനക്കാരും 82 പൊതുജനങ്ങളും മരണപ്പെട്ടിരുന്നുവെന്നും മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ അപകട മരണങ്ങൾ കുറവാണെന്നും കെ.എസ്.ഇ.ബി.എൽ ചെയർമാൻ അറിയിച്ചു. ആകെയുള്ള ലോ ടെൻഷൻ ലൈനുകൾ 3 ലക്ഷം കിലോമീറ്ററും ഹൈ ടെൻഷൻ ലൈനുകൾ 63000 കിലോമീറ്ററുമാണെന്നും ഹൈ ടെൻഷൻ ലൈനുകളിൽ അപകടങ്ങൾ കുറവാണെന്നും നാലായിരത്തോളം എൽ.ടി. കേബിളും 2250 ഏരിയൽ ബഞ്ച്ഡ് കേബിളുമാണുള്ളതെന്നും ഇപ്പോൾ നെറ്റ്‌വർക്കിൽ സേഫ്റ്റി കേബിളുകളാണ് കൂടുതലും ഉപയോഗിക്കുന്നതെന്നും ഏരിയൽ ബഞ്ച്ഡ് കേബിൾ, അണ്ടർ ഗ്രൗണ്ട് കേബിൾ, ഇൻസുലേറ്റഡ് കണ്ടക്ടർ എന്നിവ ഉപയോഗിച്ച് അപകടങ്ങൾ കുറയ്ക്കുക എന്നുള്ളതാണ് ലക്ഷ്യമെന്നും എൽ.ടി. ലൈനുകളിൽ കമ്പി പൊട്ടിവീഴുന്നതുകൊണ്ടോ ഇൻസുലേറ്റർ തകരാറിലാവുന്നതുകൊണ്ടോ വൈദ്യുതി തടസ്സമുണ്ടാകുകയാണെങ്കിൽ തകരാറുണ്ടായ സ്ഥലം സിംകാർഡിലൂടെ ഉടനടി കൺട്രോളിംഗ് ഓഫീസിൽ അറിയുന്നതിനായി കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ് ഡിറ്റക്ടർ (CFPD) എന്ന ഉപകരണം കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ വികസിപ്പിച്ചിട്ടുണ്ടെന്നും പാലക്കാട് ഇലക്ട്രിക്കൽ സർക്കിളിനുകീഴിൽ സ്പെയ്സർ എന്നൊരു ടെക്നോളജി വികസിപ്പിച്ചിട്ടുണ്ടെന്നും ഫോൾട്ട് പാസ് ഡിറ്റക്ടറും സ്പെയ്സറുമുള്ളിടത്ത് എച്ച്.ടി. ലൈൻ പൊട്ടിവീണാൽ അതിൽ വൈദ്യുതിയുണ്ടാവില്ലെന്നും ഉദ്യോഗസ്ഥൻ അറിയിച്ചു.

കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ അമൃത് പദ്ധതിയിലുൾപ്പെടുത്തി 43 പട്ടണങ്ങളിലെ എല്ലാ ഡി.റ്റി.ആർ-കളും ഫീഡറുകളും സ്മാർട്ട് ആക്കിയെന്നും ഒരു സ്ഥാപനത്തിൽ വൈദ്യുതി തടസ്സമുണ്ടായാൽ ആ ലോക്കൽ ഫീഡറിലുള്ള സിമ്മിൽ നിന്നും സെൻട്രൽ സെർവറിൽ അതിന്റെ പെർഫോമൻസ് തത്സമയം അറിയാനുള്ള സംവിധാനമുണ്ടെന്നും കൺസ്യൂമർ മീറ്റർ മുതൽ ജനറേറ്ററിന്റെ

ഡെസ്പാച്ച് മീറ്റർ വരെയുള്ളതിന്റെ ഡാറ്റകൾ കൈമാറുന്നതിനായി ഇപ്പോൾ 3 ലക്ഷം കോടി രൂപയുടെ Revamped Distribution Sector Scheme പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഡെസ്പാച്ച് ലോസും അപകട മരണങ്ങളും പരമാവധി കുറയ്ക്കാൻ ഒരു ഇന്റലിജന്റ് ഗ്രിഡ്ഡായി മാറ്റാനാണുദ്ദേശിക്കുന്നതെന്നും കെ.എസ്.ഇ.ബി.എൽ-ന്റെ ഡിസ്ട്രിബ്യൂഷനിൽ ഉള്ള 5030 തൊഴിലാളികൾക്ക് ഹൈ റിസ്ക് ജോലിയായതിനാൽ ബോർഡ് കുറച്ച് തുക അവർക്കുവേണ്ടി നിക്ഷേപിച്ചിട്ടുണ്ടെന്നും എല്ലാ ലൈന്മാൻമാർക്കും പേഴ്സണൽ പ്രൊട്ടക്ടീവ് എക്യുപ്മെന്റ്സ് ഉൾപ്പെടെ 14 ഇന സുരക്ഷാ ഉപകരണങ്ങളടങ്ങിയ സേഫ്റ്റി കിറ്റ് നൽകിയിട്ടുണ്ടെന്നും ഓരോ തൊഴിലാളിയുടെയും പേരിൽ ഏകദേശം 3000 രൂപ നിക്ഷേപിക്കുന്നുണ്ടെന്നും 2022 'വർക്കേഴ്സ് സേഫ്റ്റി ഇയർ' ആയി ആചരിക്കുന്നതിന് സർക്കാരിന് ഒരു പ്രൊപ്പോസൽ നൽകാനുദ്ദേശിക്കുന്നുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. എം.ഡി. വ്യക്തമാക്കി.

ഗ്രാമീണ മേഖലകളിലാണ് കൂടുതൽ അപകടങ്ങൾക്ക് സാധ്യതയുള്ളതെന്നും പ്രകൃതിക്ഷോഭം മൂലവും ധാരാളം അപകടങ്ങളുണ്ടാകുന്നുണ്ടെന്നും രാത്രികാലങ്ങളിൽ ജോലി ചെയ്യേണ്ടതില്ല എന്നുള്ള നിർദ്ദേശമുള്ളതുകൊണ്ട് രാത്രി സമയത്ത് ഫീഡറുകളിൽ ജോലി ചെയ്യുന്നില്ലെന്നും എന്നാൽ പ്രകൃതിക്ഷോഭംമൂലം വലിയ അപകടങ്ങളുണ്ടാകുമ്പോൾ രാത്രിയിൽ ജോലി ചെയ്യുന്നുണ്ടെന്നും കൃത്യമായ മുൻകരുതലുകൾ സ്വീകരിക്കാതെ ജോലി ചെയ്യുന്നതുമൂലം അപകടങ്ങളുണ്ടാകുന്നതുകൊണ്ട് രാത്രികാലങ്ങളിൽ പോസ്റ്റിൽ കയറിയുള്ള പണികൾ ചെയ്യാറില്ലെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

പോസ്റ്റിൽ കയറാതെ ലിഫ്റ്റ് മുഖേന ജോലി ചെയ്യുന്നതിനുള്ള വാഹനം വാങ്ങുന്ന നടപടിയെക്കുറിച്ച് സമിതി ആരാഞ്ഞതിന് ഇത്തരത്തിലുള്ള ഒരെണ്ണം എറണാകുളം സർക്കിളിലേയ്ക്ക് വാങ്ങാനായി അനുമതി നൽകിയിട്ടുണ്ടെന്നും ആയത് ഫലപ്രദമല്ലെങ്കിൽ മറ്റേതെങ്കിലും മോഡൽ തെരഞ്ഞെടുത്ത് ബാക്കി സ്ഥലങ്ങളിൽ വ്യാപിപ്പിക്കാനാണുദ്ദേശിക്കുന്നതെന്നും ഉദ്യോഗസ്ഥൻ അറിയിച്ചു. വണ്ടിപ്പെരിയാറിൽ സാമ്പിളായി ഒരു ട്രാൻസ്ഫോർമറിൽ എൽ.ടി സ്പെയ്സർ ഉപയോഗിച്ചിരിക്കുന്നത് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സേഫ്റ്റി കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ടെക്നിക്കലായി സാധ്യമാണെങ്കിൽ പൈലറ്റ് പ്രോജക്ടായി രണ്ടുമൂന്ന് സ്ഥലത്ത് സ്ഥാപിക്കുന്നതാണെന്നും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

കേരളത്തിൽ വിതരണം ചെയ്യാനായി കഴിഞ്ഞ സാമ്പത്തിക വർഷം 8800 കോടി രൂപയുടെ വൈദ്യുതിയാണ് പുറത്തുനിന്നും വാങ്ങിയതെന്നും മൊത്തം ഡിമാന്റിന്റെ 78 ശതമാനമാണിതെന്നും അതുകൊണ്ട് പവർ ജനറേഷൻ പ്രോജക്ടിനുവേണ്ടി കുറച്ച് തുകകൂടി പ്ലാൻ ഫണ്ടിൽ വകയിരുത്താൻ ശിപാർശ ചെയ്യണമെന്ന് കെ.എസ്.ഇ.ബി.എൽ. എം.ഡി അഭിപ്രായപ്പെട്ടപ്പോൾ അപ്രകാരം ശിപാർശ ചെയ്യാമെന്ന് സമിതി ഉറപ്പു നൽകി.

500 മെഗാവാട്ട് സോളാർ പ്ലാന്റ് സ്ഥാപിക്കുവാൻ അനുമതി ലഭ്യമായെങ്കിലും സ്ഥലം ലഭ്യമായിട്ടില്ലെന്നും കാസർഗോഡ് ലഭിച്ച സ്ഥലം റവന്യൂവകുപ്പ് തിരിച്ചെടുത്തുവെന്നും 500 മെഗാവാട്ട് കുറഞ്ഞ ശേഷിയുള്ള സോളാർ പ്ലാന്റിനുവേണ്ടി അപേക്ഷ നല്കിയിട്ട് സ്ഥലമില്ലാത്തതിനാൽ 200 മെഗാവാട്ടായി ചുരുക്കിയെന്നും ഇപ്പോൾ 100 മെഗാവാട്ട് മാത്രമേ ചെയ്യാൻ കഴിയുന്നുള്ളൂവെന്നും ഉദ്യോഗസ്ഥൻ അറിയിച്ചു. രാമക്കൽമേട്ടിലെ സ്ഥലം പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് വിട്ടുകിട്ടിയിട്ടില്ലെന്നും വെസ്റ്റ് കല്ലടയിൽ 100 മെഗാവാട്ട് പ്ലാന്റിനുള്ള സ്ഥലത്തിന് പാടശേഖര നിയമപ്രകാരം അനുമതി നിഷേധിച്ചുവെന്നും ആനക്കയത്ത് 24 മെഗാവാട്ട് പ്ലാന്റിനുള്ള സ്ഥലം വനംവകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം പെൻഡിംഗിൽ ആണെന്നും ഇവ നടപ്പിലായാൽ ബോർഡിന് ലാഭമുണ്ടാകുമെന്നും ഇതിനായി കുറച്ചെങ്കിലും മൂലധന നിക്ഷേപം ലഭ്യമാക്കണമെന്നും കെ.എസ്.ഇ.ബി.എൽ. എം.ഡി. വ്യക്തമാക്കി.

ഇടുക്കിയിൽ 800 മെഗാവാട്ടിന്റെ പവർഹൗസ് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അവിടെ 40 വർഷം പഴക്കമുള്ള ജനറേറ്ററുകളുടെ ഭാഗങ്ങൾ മാറ്റിയും അറ്റകുറ്റപ്പണി ചെയ്തുമൊക്കെ പ്രവർത്തിപ്പിക്കുകയാണെന്നും അടുത്ത പത്ത് വർഷത്തിനകം ജനറേറ്റർ മാറ്റേണ്ടതിനാൽ 200 മെഗാവാട്ടിന്റെ ഹൈഡൽ പവർ പ്രൊജക്ട് ആവശ്യമുണ്ടെന്നും ഇത് സംസ്ഥാന പദ്ധതിയായാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും എനർജി ജനറേഷനിൽ 7000 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരേണ്ടതുണ്ടെന്നും അല്ലെങ്കിൽ ചെലവ് നിയന്ത്രിക്കാൻ കഴിയാതെവരുമെന്നും ഉദ്യോഗസ്ഥൻ അറിയിച്ചു. ഇടുക്കിയിൽ നിർമ്മാണം നടത്തിയപ്പോൾ കേന്ദ്ര സർക്കാരിന്റെ പ്ലാൻ ഫണ്ടും സംസ്ഥാന സർക്കാരിന്റെ ഇനിഷ്യേറ്റീവുമുണ്ടായിരുന്നുവെന്നും ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ പ്ലാൻ ഫണ്ട് ലഭിക്കാത്തതിനാൽ താരിഫ് അടിസ്ഥാനത്തിൽ പ്രവൃത്തികൾ ചെയ്യേണ്ടതുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ അറിയിക്കുകയും അതിനുള്ള കുറച്ചു ഫണ്ട് സംസ്ഥാന സർക്കാർ നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

നിലവിലുള്ള ഹൈഡൽ പവർ പ്രോജക്ടുകളുടെ സ്ഥിതിയെക്കുറിച്ചു സമിതി ആരാഞ്ഞപ്പോൾ ഊർജ്ജ സംരക്ഷണത്തോടൊപ്പം സ്വകാര്യ സംരംഭകരുടെ ചെറുകിട ജലവൈദ്യുത പദ്ധതിക്ക് ഇ.എം.സി. സാങ്കേതിക അനുമതി നൽകുന്നുണ്ടെന്നും സ്വകാര്യ സംരഭകർവഴി ഇതുവരെ നാല്പത്തിയഞ്ചര മെഗാവാട്ട് വൈദ്യുതിയാണ് ലഭിച്ചിട്ടുള്ളതെന്നും സിയാലിന്റെ നാലര മെഗാവാട്ടിന്റെ പദ്ധതി ഉദ്ഘാടനത്തിന് തയ്യാറായിരിക്കുകയാണെന്നും ഇ.എം.സി. ഉദ്യോഗസ്ഥൻ അറിയിച്ചു.

കേരളത്തിന് ഇപ്പോൾ ഊർജ്ജസുരക്ഷയുണ്ടെന്നും ഇടുക്കിയിൽ കഴിഞ്ഞ മാസം ഒരു ദിവസം വൈകിട്ട് 7.29-ന് സാങ്കേതിക തകരാറുമൂലം അപ്രതീക്ഷിതമായി ആറ് ജനറേറ്ററുകൾ നിശ്ചലമായെങ്കിലും 7.40 - നുതന്നെ വൈദ്യുതി പുനഃസ്ഥാപിക്കുവാൻ

സാധിച്ചത് സാങ്കേതികമായി വകുപ്പ് നടത്തിയ ഇൻവെസ്റ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണെന്നും. SLDC (State Load Despatch Centre) സംവിധാനം ഇല്ലായിരുന്നുവെങ്കിൽ ഏതാണ്ട് 50 മിനിറ്റോളം കേരളം മുഴുവൻ ഇരുട്ടിലാകുമായിരുന്നുവെന്നും എന്നാൽ 20 മിനിറ്റിനുള്ളിൽ പവർ ഗ്രിഡ്ഡിൽ നിന്ന് ഏതാണ്ട് 55 കോടി രൂപയുടെ വൈദ്യുതി അപ്പോൾത്തന്നെ എടുക്കാൻ കഴിഞ്ഞുവെന്നും 400 മെഗാവാട്ട് ജനറേഷൻ ഗ്രിഡിൽനിന്ന് നഷ്ടപ്പെട്ടിട്ടും സാങ്കേതികമായി ആയത് മറികടക്കാൻ സാധിച്ചുവെന്നും പ്രസ്തുത ജനറേഷൻ ഗ്രിഡിന്റെ കാലാവധി കഴിയാറായതിനാൽ ആറോ ഏഴോ ജനറേറ്ററുകൾകൂടി വേണമെന്നും ആയതിന്റെ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാണെന്നും കേരളം ഏറ്റെടുക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട പ്രോജക്ടാണിതെന്നും കെ.എസ്.ഇ.ബി.എൽ. എം.ഡി. സമിതിയെ അറിയിച്ചു.

ലോഡ്ഷെഡ്ഡിംഗും പവർകട്ടുമില്ലാത്തതിനാൽ വൈദ്യുതി വളരെ സുഭിക്ഷമാണെന്ന ധാരണയാണുള്ളതെന്നും വൈദ്യുതി വിൽക്കുകയാണെന്നാണ് എല്ലാവരും ധരിച്ചിരിക്കുന്നതെന്നും സമിതി വിലയിരുത്തിയപ്പോൾ വിൽക്കാൻ വൈദ്യുതിയില്ലെന്നും, റിയൽ ടൈം എക്സ്ചേഞ്ചിലെ വരുമാനമാണ് സെയിൽ എന്ന് പറയുന്നതെന്നും, 15 മിനിട്ട് ബ്ലോക്കുകളിലാണ് വൈദ്യുതിയുടെ ട്രേഡിംഗ് നടക്കുന്നതെന്നും ഇപ്രകാരം കഴിഞ്ഞ മാസം 178 കോടി രൂപയുടെ വൈദ്യുതി ഇലക്ട്രിസിറ്റി ബോർഡ് വിറ്റിരുന്നുവെന്നും ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയാറാക്കി സമിതിക്ക് നൽകാമെന്നും കെ.എസ്.ഇ.ബി.എൽ. എം.ഡി. വ്യക്തമാക്കി.

യോഗം വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.

## 29-10-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2021 ഒക്ടോബർ 29-ാം തീയതി വെള്ളിയാഴ്ച സഭാ സമ്മേളനം കഴിഞ്ഞ് ഉച്ചയ്ക്കുശേഷം 12.55-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ, എക്സ്-ഒഫീഷ്യോ അംഗവും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.
3. ശ്രീ. എം. എം. മണി, എം.എൽ.എ.
4. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി .

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
2. ഡോ. ചിത്ര എസ്., കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്
3. ശ്രീ. സുനിൽ തോമസ്, കമ്മീഷണർ, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്
4. ശ്രീമതി ശ്രീലത കെ. എ., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. ഡി. ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
6. ശ്രീമതി എൻ. കെ. ചന്ദ്ര, ജോയിന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
7. ശ്രീ. കെ. ജി. വിജയ കുമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്
8. ശ്രീമതി സിന്ധു കെ. എസ്., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്
9. ശ്രീമതി യമുന വി. പി., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് .

സമിതി, 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ എന്നിവ സമിതി ഭേദഗതികളില്ലാതെ അംഗീകരിക്കുകയും 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

പീഠികയിൽ "താഴെപ്പറയുന്ന" എന്ന വാക്കിനുപകരം "ഇതിനുശേഷം കാണുന്ന" എന്നീ വാക്കുകൾ ചേർക്കാൻ തീരുമാനിച്ചു.

ശ്രീ. അൻവർ സാദത്ത്, ശ്രീ. എ. കെ. എം. അഷ്റഫ് എന്നീ അംഗങ്ങൾ വിയോജനക്കുറിപ്പ് നൽകി.

സമിതി ഉച്ചയ്ക്കുശേഷം 1.10-ന് യോഗം പിരിഞ്ഞു.

## 1-11-2021-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII, 2021 നവംബർ 1-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 5.45-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്- ഒഫിഷ്യോ അംഗവും പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുമായ ശ്രീ. വി.ശിവൻകുട്ടിയും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ശ്രീ. എ. കെ. എം അഷ്റഫ്, എം.എൽ.എ.
3. ശ്രീ. എം. എം. മണി, എം.എൽ.എ.
4. ശ്രീ. പി. നന്ദകുമാർ, എം.എൽ.എ.
5. ശ്രീ. എ. പ്രഭാകരൻ, എം.എൽ.എ.
6. ശ്രീ. കെ. കെ രാമചന്ദ്രൻ എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. ഷാനവാസ്. പി. പി., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ. എൻ. ജി., അണ്ടർ സെക്രട്ടറി .

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2. ഡോ. ചിത്ര.എസ്, കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്
3. ശ്രീ. സാദിഖ്. എം. കെ, സ്പെഷ്യൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
4. ശ്രീമതി ശ്രീലത. കെ. എ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീ. ഡി. ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
6. ശ്രീമതി ശ്രീകല. സി.എസ്., അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
7. ശ്രീ. രഞ്ജിത്. പി.എം., അഡീഷണൽ ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്.
8. ശ്രീ. സോജിഷ്. കെ. സാം , ജോയിന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
9. ശ്രീമതി രേണുക ദേവി. ബി.എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

സമിതി, 2021 -ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021 -ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

2021 -ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021 -ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021 -ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ ഭേദഗതിയില്ലാതെ അംഗീകരിച്ചു.

2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിച്ചു.

പീഠികയിൽ "താഴെപ്പറയുന്ന" എന്ന വാക്കിനുപകരം "ഇതിനുശേഷം കാണുന്ന" എന്നീ വാക്കുകൾ ചേർക്കാൻ തീരുമാനിച്ചു.

ശ്രീ. അൻവർ സാദത്ത്, ശ്രീ. എ. കെ. എം. അഷ്റഫ് എന്നീ അംഗങ്ങൾ വിയോജനക്കുറിപ്പ് നൽകി.

സമിതി വൈകുന്നേരം 6.00 മണിക്ക് യോഗം പിരിഞ്ഞു.

## 28-12-2021 ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി - VII, 2021 ഡിസംബർ മാസം 28-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V-എ' സമ്മേളനഹാളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർമാനും വൈദ്യുതി വകുപ്പുമന്ത്രിയുമായ ശ്രീ. കെ. കൃഷ്ണൻകുട്ടി വീഡിയോ കോൺഫറൻസിലൂടെ അദ്ധ്യക്ഷത വഹിച്ചു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പു മന്ത്രിയുമായ ശ്രീ. വി. ശിവൻകുട്ടിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. എ.കെ.എം. അഷ്റഫ്, എം. എൽ. എ.
2. ശ്രീ. എ. പ്രഭാകരൻ, എം. എൽ. എ.
3. ശ്രീ. കെ. കെ. രാമചന്ദ്രൻ, എം. എൽ. എ.
4. ശ്രീ. വാഴൂർ സോമൻ, എം. എൽ. എ.

<u>ഗൂഗിൾ മീറ്റ് മുഖേന പങ്കെടുത്ത അംഗം</u>

ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. പി. പി. ഷാനവാസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ എൻ. ജി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. രാജേഷ് കുമാർ സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി,ഊർജ്ജ വകുപ്പ്.
2. ഡോ. ബി. അശോക്, ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ)
3. ശ്രീ. ഡി ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
4. ശ്രീമതി ഇന്ദുകല പി. അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
5. ശ്രീ. സിജി ജോസ്, ഡയറക്ടർ (ഫിനാൻസ്) കെ.എസ്.ഇ.ബി.എൽ
6. ശ്രീ. അനിൽ കുമാർ വി. സി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്.
7. ശ്രീ. ബിച്ചു ബാലൻ, അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്). ലേബർ കമ്മീഷണറേറ്റ്.
8. ശ്രീ. കെ. ശ്രീലാൽ, അഡീഷണൽ ലേബർ കമ്മീഷണർ, (ഇൻഡസ്ട്രിയൽ റിലേഷൻസ്), ലേബർ കമ്മീഷണറേറ്റ്.
9. ശ്രീമതി എൻ.കെ. ചന്ദ്ര, ജോയിന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
10. ശ്രീ. സുനിൽ തോമസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ)
11. ശ്രീ. പ്രമോദ് ആർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്.
12. ശ്രീ. ബിജു. കെ. എസ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്.
13. ശ്രീമതി ഷജീന എം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വെൽഫയർ ഫണ്ട് ബോർഡ്.
14. ശ്രീ. ഷാബുജൻ ടി.കെ, ജോയിന്റ് ഡയറക്ടർ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്.
15. ശ്രീമതി ദീപ ശിവദാസൻ, ഡെപ്യൂട്ടി സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

16. ശ്രീ. അനിൽ കുമാർ. എസ്, മാനേജർ,(ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) ഓവർസീസ് ഡെവലപ്പ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ഒഡെപെക്)

17. ശ്രീ. ഷെഫീഖ് അഹമ്മദ് എം, ഫിനാൻസ് ഓഫീസർ, ലേബർ കമ്മീഷണറേറ്റ്.

18. ശ്രീമതി ബിന്ദു എസ്. ജി, ഫിനാൻസ് ഓഫീസർ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്.

19. ശ്രീമതി നിഷ എസ്, ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി.

20. ശ്രീമതി റാണി അഹമ്മദ്, അക്കൗണ്ട്സ് ഓഫീസർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്.

സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റുമെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ കാലതാമസപത്രികകൾ, ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയലുകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**I വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള സർക്കാർ നടപടി റിപ്പോർട്ടുകൾ**

1. <u>2018-19-ലെ മൂന്നാമത് റിപ്പോർട്ട് തുടർനടപടി സംബന്ധിച്ച്</u>

(ഫയൽ നമ്പർ 2051/സബ്.സി.സി1/2018/നി.സെ.)

തൊഴിലും നൈപുണ്യവും(ഇ) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നം. 10 സംബന്ധിച്ച അധിക വിവര റിപ്പോർട്ട് സമിതി അംഗീകരിച്ചു.

2. <u>2016-17 -ലെ ഒന്നാമത് റിപ്പോർട്ട് തുടർനടപടികൾ സംബന്ധിച്ച്</u>

(ഫയൽ നമ്പർ 4802/സബ്.സി.സി1/2016/നി.സെ.)

തൊഴിലും നൈപുണ്യവും (ഡി, ഇ, എച്ച്) എന്നീ വകുപ്പുകൾ ഖണ്ഡിക നം. 32 സംബന്ധിച്ച് ലഭ്യമാക്കിയ അധികവിവര റിപ്പോർട്ടുകൾ താഴെപ്പറയുന്ന ചർച്ചകൾക്കുശേഷം സമിതി അംഗീകരിച്ചു.

തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശദായ ഇനത്തിൽ സർക്കാർ നൽകേണ്ട തുക, പെൻഷൻ ഇനത്തിൽ അനുവദിച്ച തുകയിൽ ക്രമീകരിക്കരുതെന്ന സമിതിയുടെ ശിപാർശ ധനകാര്യ വകുപ്പ് അംഗീകരിക്കുകയും വരും വർഷങ്ങളിൽ പ്രത്യേക സാമ്പത്തിക സഹായം നൽകാമെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ടെന്ന് തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

പൂട്ടിക്കിടക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളികളുടെ സമാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് തൊഴിൽ വകുപ്പ് മുഖേന തുകയൊന്നും അനുവദിക്കുന്നില്ലെന്നും നിലവിൽ സംസ്ഥാന സർക്കാർ മതിയായ തുക അനുവദിക്കുന്നുണ്ടെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥൻ വ്യക്തമാക്കിയപ്പോൾ ബഡ്ജറ്റിൽ അനുവദിച്ച തുക വിനിയോഗിക്കാതെ അധിക തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട സന്ദർഭങ്ങളുണ്ടായിട്ടുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി.

3. <u>2019-20-ലെ നാലാമത് റിപ്പോർട്ട് തുടർ നടപടികൾ സംബന്ധിച്ച്</u>

(ഫയൽ നമ്പർ 3181/സബ്സി.സി1/2019/നി.സെ.)

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നം. 9, 12, 21 , തൊഴിലും നൈപുണ്യവും (ജെ) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നം. 6 എന്നിവ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികകളും സമിതി അംഗീകരിച്ചു.

4. <u>2020-21-ലെ അഞ്ചാമത് റിപ്പോർട്ട് തുടർനടപടികൾ സംബന്ധിച്ച്</u>

(ഫയൽ നമ്പർ 1999/സബ്.സി.സി1/2020/നി.സെ.)

2020-21 ലെ അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക നം. 9,12,15,23,41-45,47,50-61 എന്നീ ഖണ്ഡികകളിലെ ശിപാർശകൾ സംബന്ധിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ ചുവടെ ചേർത്തിരിക്കുന്ന ചർച്ചകൾക്കുശേഷം സമിതി അംഗീകരിച്ചു.

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികളുടെ അംശദായത്തിന്റെ പത്ത് ശതമാനം ഗ്രാന്റായി നൽകുന്നത് ഇപ്പോൾ ലഭിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞു. കഴിഞ്ഞ വർഷം 2.43 കോടി രൂപ ലഭിച്ചെങ്കിലും നിലവിൽ 42.73 കോടി രൂപയുടെ കുടിശ്ശികയുണ്ടെന്ന് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് സി.ഇ.ഒ. സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയം ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും അത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ച് ധനകാര്യ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

5. <u>ഇതര സംസ്ഥാനതൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാ പ്രശ്നങ്ങൾ/ രജിസ്ട്രേഷൻ മുതലായവ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്</u>

(ഫയൽ നമ്പർ5306/സബ്.സി.സി1/2016/നി.സെ.)

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് ലഭ്യമാക്കിയ നമ്പർ 12, 14, 17, 19-25, 27, 28,32 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റുകളും തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നം. 23-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റും ചുവടെ ചേർത്തിരിക്കുന്ന ചർച്ചകൾക്കുശേഷം അംഗീകരിച്ചു.

സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതര സംസ്ഥാനതൊഴിലാളികൾക്ക് താമസ സൗകര്യം ലഭ്യമാക്കുക എന്നതാണ് 'അപ്നാ ഘർ' ഭവന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്നും ഇതര സംസ്ഥാന തൊഴിലാളികളുള്ള പഞ്ചായത്തുകളിലും വാർഡുകളിലും പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വാർഡ് മെമ്പർ എന്നിവരെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ പലവിധ കാരണങ്ങളാൽ തടസ്സപ്പെട്ടിരിക്കുകയാണെന്നും ആവാസ് പദ്ധതി പ്രകാരം ഏകദേശം അഞ്ച് ലക്ഷത്തോളം തൊഴിലാളികളാണ് ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥൻ വ്യക്തമാക്കി. എറണാകുളത്തെ കിറ്റെക്സ് കമ്പനി പഞ്ചായത്തിന്റെ കീഴിലാണ് വരുന്നതെന്നും തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് മാനേജ്മെന്റും പോലീസും തൊഴിൽവകുപ്പും വ്യത്യസ്ത കണക്കുകളാണ് പറയുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി.

സംസ്ഥാനത്ത് ഏകദേശം മുപ്പത്തിയഞ്ച് ലക്ഷത്തോളം അതിഥി തൊഴിലാളികളുണ്ടെന്നും മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായിരുന്നപ്പോൾ എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് തെളിവെടുപ്പ് നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് വന്നിട്ടുണ്ടെങ്കിലും അതിഥി തൊഴിലാളികളുടെ കാര്യത്തിൽ കേരളത്തിലെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ പരാജയമാണെന്ന് സമിതി വിലയിരുത്തി. ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയില്ലെങ്കിൽ എറണാകുളത്ത് സംഭവിച്ചതുപോലുള്ള പ്രശ്നങ്ങൾ വീണ്ടും ആവർത്തിക്കുമെന്നും അതിഥി തൊഴിലാളികളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിത മായതിനാൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ നേതാക്കൻമാരെയും എം.എൽ.എ.മാരെയും മറ്റും ഉൾപ്പെടുത്തി സംസ്ഥാനതല മോണിറ്ററിംഗ് സമിതി രൂപീകരിച്ച് മാസത്തിലൊരിക്കലെങ്കിലും ഇതുസംബന്ധിച്ച് വിലയിരുത്തലുകൾ നടത്തണമെന്നും എവിടെയെല്ലാം അതിഥി തൊഴിലാളികൾ താമസിക്കുന്നുണ്ടെന്ന്

കണക്കാക്കി അവരിലൊരു നിയന്ത്രണം വരത്തക്കരീതിയിൽ പരിപാടികൾ ആസൂത്രണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. അസിസ്റ്റന്റ് ലേബർ ഓഫീസർ, ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് തുടങ്ങിയ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ അതത് പഞ്ചായത്തുമായി സഹകരിച്ച് അതിഥി തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കാനും ആയതിന്റെ ലിസ്റ്റെടുക്കാനുമുള്ള ശ്രമങ്ങൾ നടത്തിയാൽ മാത്രമേ ഇത് വിജയിക്കുകയുള്ളൂവെന്നും ആയതിനാൽ നിലവിലുള്ള സമിതിക്ക് പുറമേ മറ്റൊരു സമിതി കൂടി രൂപീകരിച്ച് മാസത്തിലൊരിക്കൽ വിലയിരുത്തൽ നടത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. മോണിറ്ററിംഗ് കമ്മിറ്റിയുടെ ഘടന പരിഷ്കരിക്കാമെന്ന് തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥൻ ഉറപ്പുനൽകി.

പീരുമേട് താലൂക്കിൽ 6556 പേർക്കും ഉടുമ്പൻചോല മണ്ഡലത്തിൽ 28000 പേർക്കും തൊടുപുഴ താലൂക്കിൽ 452 പേർക്കും ദേവികുളം താലൂക്കിൽ അയ്യായിരത്തിലധികം പേർക്കും സൗജന്യ റേഷൻ നൽകിയിട്ടുണ്ടെന്നും എന്നാൽ ഇവർ സർക്കാരിന്റെ രേഖയിൽ പെടാത്തവരാണെന്നും നിരീക്ഷിച്ച സമിതി ടി വിഷയം തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ വളരെ ഗൗരവമായി കാണണമെന്നും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് തുടങ്ങിയവർ ഇതുസംബന്ധിച്ച് അവലോകനം നടത്തണമെന്നും അഭിപ്രായപ്പെട്ടു. അതിഥി തൊഴിലാളികളെ സംബന്ധിച്ച കൃത്യമായ രേഖകളില്ലാത്തത് പല അനിഷ്ട സംഭവങ്ങൾക്കും കാരണമാകുന്നുണ്ടെന്നും മറ്റ് സംസ്ഥാനങ്ങളെക്കാൾ കേരളത്തിൽ അതിഥി തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുകയാണെന്നും അതുകൊണ്ട് അവരുടെ കൃത്യമായ കണക്കെടുക്കാൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു. തൊഴിൽവകുപ്പിലെ അധികാരപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടാൽ മാത്രമേ തൊഴിലാളികളുടെ പേരുവിവരങ്ങളും മറ്റ് അനുബന്ധ രേഖകളും തൊഴിലുടമകൾ നൽകുകയുള്ളൂവെന്ന് സമിതി ചൂണ്ടിക്കാട്ടി. ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന വീടുകളുടെ ഉടമസ്ഥർ അക്കാര്യം പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്ത് രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കണമെന്നും അങ്ങനെ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചാൽ മാത്രമേ അവർ വിവരങ്ങൾ നൽകാൻ തയ്യാറാകുകയുള്ളൂവെന്നും സമിതി അഭിപ്രായപ്പെട്ടു.

കേരളത്തിൽ അതിഥി തൊഴിലാളികൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് 'അപ്നാ ഘർ' പദ്ധതിയിലൂടെയും കോവിഡ് പ്രതിസന്ധി സമയത്തും ധാരാളം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്നും അതിഥി തൊഴിലാളികളിലാരെങ്കിലും മരണപ്പെട്ടാൽ മൃതദേഹം നാട്ടിലെത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നുണ്ടെന്നും നിരീക്ഷിച്ച സമിതി, സർക്കാർ എന്തൊക്കെ ആനുകൂല്യങ്ങൾ

നൽകിയാലും അതിഥി തൊഴിലാളികൾ സംശയത്തോടെയാണ് വീക്ഷിക്കുന്നതെന്നും അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തിക്കുന്ന എജന്റുമാർ പറയുന്നതാണ് അവർക്ക് വിശ്വാസമെന്നും തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കാര്യങ്ങൾ ഏകോപിപ്പിക്കാനായി ഹിന്ദി അറിയാവുന്ന ഉദ്യോസ്ഥരെ ഓരോ ജില്ലയിലും നിയോഗിച്ചെങ്കിലും അതൊന്നും ഫലപ്രദമായില്ലെന്നും അഭിപ്രായപ്പെട്ടു. പെരുമ്പാവൂർ, ഇടുക്കി, പാലക്കാട്, വയനാട് എന്നിവിടങ്ങളിലാണ് അതിഥി തൊഴിലാളികൾ ധാരാളമുള്ളതെന്നും വീടുവീടാന്തരമുള്ള കണക്കുകൾ ലഭിക്കണമെങ്കിൽ പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിച്ചാൽ മാത്രമേ സാധിക്കുകയുള്ളവെന്നും സമിതി നിരീക്ഷിച്ചു. ബഹുമാനപ്പെട്ട സ്പീക്കറുമായി ആലോചിച്ച് പ്രസ്തുത സ്ഥലം സന്ദർശിക്കാമെന്ന് ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി വ്യക്തമാക്കി.

6. KASE-ന്റെ പ്രവർത്തനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(ഫയൽ നമ്പർ 4151/സബ്.സി.1/2019/നി.സെ.)

തൊഴിലും നൈപുണ്യവും (ജി) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക നം. 24-ലെ ശിപാർശ സംബന്ധിച്ച നടപടിസ്റ്റേറ്റ്മെന്റ് താഴെപ്പറയുന്ന ചർച്ചകൾക്കുശേഷം സമിതി അംഗീകരിച്ചു.

സംസ്ഥാനത്താകെ ഏഴ് സി.ഡി.സി.കളുണ്ടെന്നും പേരാമ്പ്രയിലെ സി.ഡി.സി.യിൽ 40 പേരെ ഉൾപ്പെടുത്തി ഒരു പൈലറ്റ് പ്രോജക്ടായി 2020-ൽ ആരംഭിച്ച പദ്ധതിയിൽ ഇപ്പോൾ 179 പേരുണ്ടെന്നും പ്രസ്തുത ട്രെയിനികളിൽ 139 പേർക്ക് ഐ.ഐ.ടി., ഐ.ഐ.എം., ഡൽഹി യൂണിവേഴ്സിറ്റി പോലുള്ള പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിച്ചിട്ടുണ്ടെന്നും എൺപതുശതമാനത്തിൽ കൂടുതൽ കുട്ടികൾക്ക് പോസ്റ്റ് ഗ്രാജ്വേഷനുള്ള അവസരം ലഭിച്ചിരിക്കുകയാണെന്നും കിലെ ഉദ്യോഗസ്ഥൻ അറിയിച്ചു. അവസരം ലഭ്യമായ 139 കുട്ടികളും സാധാരണ കുടുംബത്തിൽനിന്നുള്ളവരാണെന്ന മനസ്സിലാക്കിയ സമിതി KASE-ന്റെ നേതൃത്വത്തിലുള്ള പേരാമ്പ്രയിലെ കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി.) വളരെ മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ടെന്ന് അഭിപ്രായപ്പെട്ടു. ആഴ്ചയിൽ മൂന്ന് ദിവസങ്ങളിലായി 240 മണിക്കൂർ ട്രെയിനിംഗ് നൽകുന്നുണ്ടെന്നും എല്ലാ സി.ഡി.സി.കളിലും ട്രെയിനിംഗ് നൽകാനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്നും പ്രമുഖ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ പ്രഗത്ഭരായ പ്രൊഫസർമാരാണ് ട്രെയിനിംഗ് നൽകുന്നതെന്നും എല്ലാ ജില്ലകളിലും സി.ഡി.സി.കൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും പ്ലാനിംഗ് കമ്മീഷന്റെ അനുമതി ലഭിച്ചിട്ടില്ലെന്നും പേരാമ്പ്രയിലെ സി.ഡി.സി.ക്കായി 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും കിലെ ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

## II സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് റൂൾസ് 1973 പുതുക്കുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 4047/സബ്.സി.സി1 2017/നി.സെ.)

സമിതി നിർദ്ദേശിച്ച ഭേദഗതികൾ കൂടാതെ പുതിയ ഭേദഗതികൾ കൂടി ഉൾപ്പെടുത്തി പുറപ്പെടുവിച്ച SRO സമിതി അംഗീകരിച്ചു.

2. പാലക്കാട് കഞ്ചിക്കോട് സ്റ്റീൽ ഫാക്ടറി സന്ദർശനം

(ഫയൽ നമ്പർ 5957/സബ്.സി.സി1/2014/നി.സെ.)

പാലക്കാട് കഞ്ചിക്കോട് പുതുശ്ശേരി പഞ്ചായത്തിലെ ഒരു വാർഡിൽതന്നെയുള്ള നാൽപ്പത്തിമൂന്നോളം സ്റ്റീൽ ഫാക്ടറികളിൽ ഇതര സംസ്ഥാന തൊഴിലാളികളെ പുറത്തുപോകാൻ പോലും അനുവദിക്കാതെ അടച്ചിട്ട് പണിയെടുപ്പിക്കുകയാണെന്നും ഫാക്ടറിയിൽ ഇടയ്ക്ക് പൊട്ടിത്തെറിയൊക്കെയുണ്ടായി ആളുകൾ മരിക്കുമ്പോഴാണ് വിവരം പുറത്ത് അറിയുന്നതെന്നും പരാതിയുണ്ടെന്ന് സമിതിയംഗം ചൂണ്ടിക്കാട്ടിയപ്പോൾ അവർക്ക് താമസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഫാക്ടറികളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനായി അടിയന്തരമായി തന്നെ സ്ഥലം സന്ദർശിക്കുവാനും കഞ്ചിക്കോട് സബ്സ്റ്റേഷന്റെ പ്രശ്നവും തദവസരത്തിൽ ചർച്ച ചെയ്യുവാനും തീരുമാനിച്ചു.

3. നഗരങ്ങളിലെ അസംഘടിതരായ തൊഴിലാളികളുടെ ചെലവുകുറഞ്ഞ ഭവന നിർമ്മാണവും പ്ലാന്റേഷൻ പുനരധിവാസവും

(ഫയൽ നമ്പർ 349/സബ്.സി.സി1/2017/നി.സെ.)

സമിതിയുടെ നിർദ്ദേശ പ്രകാരം പ്രീ-ഫാബ് ടെക്നോളജി ഉപയോഗിച്ച് നിർമ്മാണം നടത്തുന്നത് ലാഭകരമാണോയെന്ന് പരിശോധിക്കാനും പരമ്പരാഗത നിർമ്മാണ രീതിയുമായി താരതമ്യം ചെയ്ത് അതു സംബന്ധിച്ച പഠന റിപ്പോർട്ട് സമർപ്പിക്കുവാനും വകുപ്പ് നിർദ്ദേശിച്ചതിൻ പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ പരിശോധന നടത്തിയെന്നും പ്രീ-ഫാബ് ടെക്നോളജി ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ പി.ടി.പി. നഗറിലുള്ള നിർമ്മിതി കേന്ദ്രം ഒരു വീട് മാത്രമേ നിർമ്മിച്ചിട്ടുള്ളുവെന്നും ടി മാതൃക കൊണ്ടുമാത്രം താരതമ്യപഠനം നടത്താൻ സാധിക്കില്ലെന്നുമാണ് ഭവനം ഫൗണ്ടേഷൻ അറിയിച്ചിരിക്കുന്നതെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

സർക്കാരിന്റെ കീഴിൽ പ്രീ-ഫാബ് ടെക്നോളജി ഉപയോഗിച്ച് നിർമ്മാണം നടത്തിയ സ്ഥാപനങ്ങൾ കുറവാണെങ്കിലും സ്വകാര്യമേഖലയിലെ മുഴുവൻ ഗോഡൗണുകളും പ്രസ്തുത

ടെക്നോളജി ഉപയോഗിച്ചാണ് നിർമ്മിക്കുന്നതെന്നും പ്രളയകാലത്തിന് അനുയോജ്യമായതും വികസിപ്പിക്കാനും ചുരുക്കാനുമുള്ള സംവിധാനമുള്ളതുമായ ഇതിൽ ഉപയോഗിച്ചിരിക്കുന്ന ഇരുമ്പ് തൂക്കി വിറ്റാൽ പോലും മുതലിനേക്കാൾ കൂടുതൽ തുക ലഭിക്കുമെന്നും പരമ്പരാഗത രീതിയിൽ മൂന്നുവർഷം കൊണ്ട് നിർമ്മിക്കുന്ന കെട്ടിടങ്ങൾ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് മൂന്ന് മാസം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്നും സമിതിയംഗം ചൂണ്ടിക്കാട്ടി. പ്രീ-ഫാബ് ഗോഡൗണുകൾ നിർമ്മിക്കാനായി നൽകിയ അപേക്ഷകളുടെ കാലാവധി ഡിസംബർ 31-ന് അവസാനിക്കുന്നതിനാൽ ജനുവരി മുതൽ പുതിയ അപേക്ഷകൾ ക്ഷണിക്കുമ്പോൾ അവസരമൊരുക്കാമെന്ന് ബഹു. ധനകാര്യവകുപ്പ് മന്ത്രി പറഞ്ഞിരിക്കുന്നതിനാലും കേന്ദ്ര സർക്കാരും നവരത്ന കമ്പനിയുമൊക്കെ ഇക്കാര്യത്തിൽ ഇടപെടാനുള്ള സന്നദ്ധത പ്രകടിപ്പിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും വ്യവസായ വകുപ്പുമന്ത്രിക്കും കത്ത് നൽകിയിട്ടുള്ളതിനാലും സ്വകാര്യ മേഖലയിൽ ഇതു സംബന്ധിച്ച് പഠനം നടത്തി നിർദ്ധന വിഭാഗത്തിന് പ്രത്യേകിച്ച് തോട്ടം തൊഴിലാളികൾക്ക് കൂടുതൽ പ്രധാന്യം നൽകി നിർദ്ധന വിഭാഗത്തിന്റെ ഭവന പദ്ധതി നടപ്പിലാക്കണമെന്ന് സമിതിയംഗം അഭിപ്രായപ്പെട്ടു. പാവപ്പെട്ടവർക്ക് സാധാരണ വീട് നിർമ്മിച്ചു നൽകുന്നതാണ് ഉചിതമെന്നും പാലക്കാട് ജില്ലപോലെ ചൂട് കൂടുതലുള്ള സ്ഥലങ്ങളിൽ പ്രീ-ഫാബ് സംവിധാനമുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ ചൂട് കൂടുതലായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടതിന് സ്ഥലപരിമിതിയുണ്ടെങ്കിൽ നിലകളായി നല്ല ബലമുള്ള കെട്ടിടങ്ങൾ നിർമ്മിക്കാൻ സാധിക്കുന്നതിനാലാണ് പ്രീ-ഫാബ് ടെക്നോളജിയെക്കുറിച്ച് ചിന്തിച്ചുതുടങ്ങിയതെന്നും കാലാവസ്ഥ ഒരു പ്രധാന ഘടകമായതിനാലാണ് കേന്ദ്ര സർക്കാരും പ്ലാനിംഗ് ബോർഡുമുൾപ്പെടെ എല്ലാവരും ഇത് ശിപാർശ ചെയ്യുന്നതെന്നും പാലക്കാട് ജില്ലപോലെ ചൂട് കൂടുതലുള്ള സ്ഥലങ്ങളിൽ പ്രീ-ഫാബ് സംവിധാനമുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ ചൂട് കുറയ്ക്കാൻ സഹായിക്കുന്ന ഫാൻ ഉൾപ്പെടെയുള്ള സംവിധാനമുണ്ടെന്നും സമിതിയംഗം ചൂണ്ടിക്കാട്ടി.

ലൈഫ് പദ്ധതി പ്രകാരം സാധാരണക്കാർക്ക് ലഭിക്കുന്ന നാലുലക്ഷം രൂപയിൽ രണ്ടുലക്ഷം രൂപ മണലിനും മെറ്റലിനുമായി വിനിയോഗിക്കുകയാണെന്നും മണൽ വാരാനും പാറ പൊട്ടിക്കാനും ഇപ്പോൾ അനുവാദമില്ലാത്തതിനാൽ പാവപ്പെട്ട ആളുകൾ വളരെയധികം വിഷമിക്കുകയാണെന്നും സമിതിയംഗം ചൂണ്ടിക്കാട്ടി. തുടർന്ന് പ്രീ-ഫാബ് ടെക്നോളജിയുമായി ബന്ധപ്പെട്ട് ഒരിക്കൽകൂടി ഭവനം ഫൗണ്ടേഷനുമായി ചർച്ച നടത്തണമെന്ന് വകുപ്പിന് സമിതി നിർദ്ദേശം നൽകി.

## III സമിതി പരിഗണിച്ച കാലതാമസ പത്രികകൾ

ചുവടെ ചേർത്തിരിക്കുന്ന 2019-20, 2020-21 എന്നീ സാമ്പത്തിക വർഷത്തെ വാർഷികപ്രവർത്തന റിപ്പോർട്ടുകളുടെ കാലതാമസപത്രികകൾ സമിതി അംഗീകരിച്ചു.

| ക്രമ നമ്പർ | വർഷം | സ്ഥാപനങ്ങൾ/വകുപ്പ് | ഫയൽ നം. | സർക്കാർ കത്ത് നമ്പർ |
|---|---|---|---|---|
| 1 | 2019-20 | വ്യാവസായിക ട്രിബ്യൂണലുകൾ, തൊഴിൽ, കോടതികൾ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള), കിലെ, ഒഡെപെക്. | 454/സബ്.സി.സി1/ 2020/നി.സെ | ജി3/99/2020/ തൊഴിൽ 16-7-2021. |
| 2 | 2019-20 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 454/സബ്.സി.സി1/ 2020/നി.സെ | 78/J2/2020/ തൊഴിൽ 8-9-2021 |
| 3 | 2019-20 | എനർജി മാനേജ്മെന്റ് സെന്റർ, കേരള | 454/സബ്.സി.സി1/ 2020/നി.സെ | A1/45/2020/ ഊ.വ. 2-11-2021 |
| 4 | 2020-21 | തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് | 1781/സബ്.സി.സി1/ 2021/നി.സെ | D3/83/2021/ തൊഴിൽ 29-10-2021 |
| 5 | 2020-21 | എനർജി മാനേജ്മെന്റ് സെന്റർ, കേരള | 1781/സബ്.സി.സി1/ 2021/നി.സെ | A1/118/2021 /ഊ.വ. 29-10-2021. |
| 6 | 2020-21 | കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 1781/സബ്.സി.സി1/ 2021/നി.സെ | R1/52/2021/ തൊഴിൽ 27-10-2021. |

ശ്രീ. കെ. എം. മാണി ധനകാര്യ വകുപ്പ് മന്ത്രിയായിരുന്നപ്പോൾ തോട്ടം തൊഴിലാളികളുടെ ഭവന പദ്ധതിക്കുവേണ്ടി 21 കോടി രൂപ നീക്കിവച്ചിരുന്നതിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ആയത് ഏത് വർഷമാണെന്ന് പരിശോധിച്ച് സമിതിയുടെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ലഭ്യമാക്കാമെന്ന് തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥൻ അറിയിച്ചു.

അറുപത് വയസ് കഴിഞ്ഞ കർഷക തൊഴിലാളികൾക്ക് ലഭിക്കാനുള്ള ക്ഷേമനിധി കുടിശ്ശിക എന്നത്തേക്ക് നൽകാൻ സാധിക്കുമെന്ന് സമിതി ആരാഞ്ഞതിന് ഏഴ് വർഷത്തെ കുടിശ്ശിക നൽകാനുണ്ടെന്നും കഴിഞ്ഞ സഭാ സമ്മേളനത്തിൽ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ബിൽ പാസാക്കിയതിന്റെയടിസ്ഥാനത്തിൽ ഒരു വർഷത്തിനകം കുടിശ്ശികയായ എല്ലാ ആനുകൂല്യങ്ങളും കൊടുത്തു തീർക്കാൻ കഴിയുമെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥൻ അറിയിച്ചപ്പോൾ ഏകദേശം പതിനഞ്ച് വർഷത്തെ കുടിശ്ശികയുണ്ടെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ അർഹതയില്ലാത്ത അംഗങ്ങളുടെ എണ്ണം വളരെ കുറവാണെങ്കിലും മറ്റെല്ലാ ക്ഷേമനിധി ബോർഡുകളിലും അർഹതയില്ലാത്തവർ കടന്നുകൂടിയിട്ടുള്ളതിനാൽ യൂണിയനുകളുടെ സഹായത്തോടെ യോഗം വിളിച്ചു ചേർത്ത് പരിശോധന നടത്തി അർഹതയില്ലാത്തവരുടെ മെമ്പർഷിപ്പ് ഒഴിവാക്കുന്നതിനായി ക്ഷേമനിധി ബോർഡ് ഉദ്യോഗസ്ഥരെ വിളിച്ച് തെളിവെടുപ്പ് നടത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ തയ്യൽ അറിഞ്ഞിരിക്കണമെന്ന വ്യവസ്ഥ പുതുതായി കൊണ്ടുവന്നെങ്കിലും തയ്യൽ മെഷീൻ വെറുതെ ചലിപ്പിക്കുക മാത്രമാണ് അവിടത്തെ ടെസ്റ്റിംഗ് രീതിയെന്നും അതുകൊണ്ട് പല അംഗങ്ങൾക്കും വസ്ത്രങ്ങൾ തയ്ക്കാൻ അറിയാത്ത അവസ്ഥയാണുള്ളതെന്നും അഭിപ്രായപ്പെട്ട സമിതി, തൊഴിലാളി സംഘടനകളെ ഏകോപിപ്പിച്ച് അനർഹരെ ഒഴിവാക്കുന്നതിന് പരിഹാരം കണ്ടെത്തിയില്ലെങ്കിൽ ക്ഷേമനിധി ബോർഡുകൾ വലിയ കടക്കെണിയിലാകുമെന്ന് വിലയിരുത്തി.

ക്ഷേമനിധി ബോർഡുകളിൽ ഏറ്റവും പഴയതും വരുമാനമുള്ളതും നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നതും കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതും കള്ള് വ്യവസായ ക്ഷേമനിധി ബോർഡാണെന്ന് സമിതി അഭിപ്രായപ്പെട്ടു. നിക്ഷേപ തുകയിൽ നിന്നുള്ള പലിശ കൊണ്ട് പ്രവർത്തിച്ചിരുന്ന ക്ഷേമനിധികൾ പലിശ കുറച്ചതുമൂലം പ്രതിസന്ധിയിലായെന്ന് അഭിപ്രായപ്പെട്ട സമിതി ഓരോ ക്ഷേമനിധി ബോർഡുകളെയും സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യണമെന്നും ക്ഷേമനിധിയിലെ മെമ്പർമാർ എത്രയാണെന്നും ഇവരിൽ പണമടയ്ക്കാത്തവർ എത്രയാണെന്നുമുള്ള കണക്കുകൾ പരിശോധിക്കണമെന്നും തീരുമാനിച്ചു.

കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡിൽ ഒരു സ്ഥാപനം എൻറോൾ ചെയ്യുമ്പോൾ ആകെ തൊഴിലാളികളുടെ എണ്ണം മാത്രമാണ് ആവശ്യപ്പെടുന്നതെന്നും ആയതിനാൽ സ്ഥാപന ഉടമകൾ തൊഴിലാളികളുടെ പേരിന് പകരം നമ്പർ വച്ചിട്ടാണ് അംഗത്വം നൽകിയിരുന്നതെന്നും എന്നാൽ ഇപ്പോൾ ചട്ടത്തിൽ മാറ്റം വരുത്തി തൊഴിലാളികളുടെ പേര് സഹിതം രേഖപ്പെടുത്തിയാണ് അംഗത്വം നൽകുന്നതെന്നും തൊഴിലാളികളുടെ പേരിന്റെയും ആധാർ നമ്പറിന്റെയും ബാങ്ക് വിശദാംശത്തിന്റെയും അടിസ്ഥാനത്തിലാണ് രണ്ടരലക്ഷം പേർക്ക് കോവിഡ് ധനസഹായം നൽകിയതെന്നും തൊഴിലും നൈപുണ്യവും വകുപ്പുദ്യോഗസ്ഥൻ സമിതിയെ ബോധ്യപ്പെടുത്തി. ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതി വൈകുന്നേരം 4.00 മണിക്ക് യോഗം പിരിഞ്ഞു.

---